പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 06 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം സെപ്റ്റംബർ 2013

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 എന്റെ ഓണം ഇവനൊപ്പം
ഡോ. എം.കെ. മുനീർ

8 ഓർമ്മകളിലെ ഓണം
അജയൻ പനയറ

11 അപായകരമായ മാലിന്യങ്ങൾ: വെല്ലുവിളിയും പരിഹാരവും
അജിത്ത് വെണ്ണിയൂർ

14 നിയമം – അത് കർശനമായി പാലിക്കപ്പെടാനുള്ളതാണ്. വെറുതെ പാടിനടക്കാനുള്ളതല്ല
ജോൺ എസ്. ജയിംസ്

17 മണ്ണറിയാനും വിളവേറാനും – മണ്ണുപരിശോധന
എം.എ. സുധീർബാബു

20 ഗ്രാമ പഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്

24 സ്ത്രീകളും ശാക്തീകരണവും
പി.കെ. രാജഗോപാൽ – അഷ്ഠമുടി

26 ദരിദ്രർക്കാശ്വാസമായി ദേശീയ ഭൂപരിഷ്കരണ നയം
ഷാഹുൽ ഹമീദ്.ടി

29 അവയവ ദാനം: അനേകായിരങ്ങളുടെ പുനർജന്മ സ്രോതസ്സ്
പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ

31 പാചക വാതകം: ഉപഭോക്തൃ സേവനത്തിൽ വൻ കുതിച്ചു ചാട്ടം
പി. കല്യാണസുന്ദരം

35 ഡെങ്കിപനി അഥവാ ബ്രെയ്ക്ക് ബോൺ ഫിവർ
ഡോ. ജോസ്മോൻ ജോർജ്ജ്

36 ഓണാഘോഷ ലഹരിയിൽ ആറന്മുള വള്ളംകളി
ടി.സി സുനിൽദത്ത്

39 അട്ടപ്പാടിക്ക് ആശ്വാസമായി ജനസഭ
പ:ന്യൂ:സർവ്വീസ്

പഞ്ചായത്തുകൾ സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തണം: മന്ത്രി ഡോ.എംകെ.മുനീർ

ജനങ്ങൾക്കു നൽകുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നതായിരിക്കണം പഞ്ചായത്തുകളുടെ ലക്ഷ്യമെന്ന് പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു.പഞ്ചായത്തുകളിൽ സമ്പൂർണ്ണ

ഗുണമേന്മ ഉറപ്പാക്കൽ പദ്ധതിയുടെ സംസ്ഥാനതല ദ്വിദിന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സങ്കീർണതയില്ലാതെ സാധാരണക്കാരന് സേവനം ലഭ്യമാക്കാനും പഞ്ചായത്ത് സംവിധാനം സുശക്തമാക്കാനും ഐ.എസ്.ഒ നിലവാരത്തിലൂടെ സാധിക്കും. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പഞ്ചായത്തുകളും അവയുടെ പ്രവർത്തനങ്ങൾ മാറ്റേണ്ടതുണ്ട്. സംസ്ഥാനത്ത് ഐ.എസ്.ഒ നിലവാരം നേടിയെടുക്കുന്ന ആദ്യത്തെ വകുപ്പ് പഞ്ചായത്തായിരിക്കട്ടെയെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. സമ്പൂർണ്ണ ഗുണമേന്മ ഉറപ്പാക്കുന്നതിലൂടെ ഐ.എസ്.ഒ നിലവാരം നേടിയെടുത്ത് പഞ്ചായത്തുകളെ ജനസൗഹൃദമാക്കുക എന്നതായിരിക്കണം പഞ്ചായത്തുകളുടെ ബൃഹദ് ലക്ഷ്യമെന്നും മന്ത്രി പഞ്ഞു.

പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പാക്കൽ പദ്ധതിയുടെ സംസ്ഥാനതല ദ്വിദിന ശിൽപ്പശാല കിലയിൽ പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു.

കില ഡയറക്ടർ ഡോ. പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക ഐ.എ.എസ്, ജോ.ഡയറക്ടർ എ.സെയ്ത്, കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി. രാജൻ, കോർഡിനേറ്റർ എസ്.കെ.ബിജു എന്നിവർ സംസാരിച്ചു. പരിശീലനത്തിന്റെ ഭാഗമായി കില തയ്യാറാക്കിയ കൈപ്പുസ്തകത്തിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു. സമ്പൂർണ്ണ ഗുണമേന്മ ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ച 35 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

കില കാമ്പസിൽ സജ്ജീകരിച്ച ചിന്തകരുടെ വിശ്രമകേന്ദ്രം നേരത്തെ മന്ത്രി ഉദ്ഘാടനം ചെയ്തു. കിലയിൽ സംഘടിപ്പിച്ച സൗത്ത് ഏഷ്യൻ ശിൽപ്പശാലയിൽ പങ്കാളികളായ പാക്കിസ്ഥാൻ, ശ്രീലങ്ക, നേപ്പാൾ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായും മന്ത്രി സംവദിച്ചു.

പള്ളിക്കൽ - സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ ഐ.എസ്.ഒ. ഗ്രാമപഞ്ചായത്ത്

ഐ.എസ്.ഒ. കരസ്ഥമാക്കിയ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് രാജ്യത്തെ ഒന്നാം കിട പഞ്ചായത്തുകളുടെ ഗണത്തിൽ സ്ഥാനം നേടിയതായി പഞ്ചായത്ത് സാമൂഹിക നീതിവകുപ്പ് മന്ത്രി ഡോ. എം.കെ മുനീർ പ്രസ്താവിച്ചു.

സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ ഐ.എസ്.ഒ ഗ്രാമപഞ്ചായത്തായി പള്ളിക്കൽ ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപനം നടത്തി പ്രസംഗിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ഘട്ടംഘട്ടമായി ഐ.എസ്.ഒ സർട്ടി

ഫിക്കറ്റ് നേടുന്നതിന്റെ തുടക്കം കുറിച്ചതിലൂടെ പള്ളിക്കൽ പഞ്ചായത്ത് ചരിത്രത്തിലിടം നേടികഴിഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലുള്ള കോൺഫറൻസ് ഹാളും ആധുനികവൽക്കരിച്ച ഓഫീസും പഞ്ചായത്തിന്റെ ഉന്നത നിലവാരത്തെ ബോധ്യപ്പെടുത്തുന്നു. നീണ്ട പരിശ്രമത്താൽ കൈവരിച്ച ഈ നേട്ടം നിലനിർത്താൻ കൂട്ടായ പ്രവർത്തനത്തിലൂടെ സാധ്യമാവും എന്ന് മന്ത്രി മുനീർ കൂട്ടി ചേർത്തു.

ഐ.എസ്.ഒ സാക്ഷ്യ പത്രം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.പി മുസ്തഫ തങ്ങൾക്ക് മന്ത്രി കൈമാറി. അഡ്വ. കെ. എൻ.എ. ഖാദർ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. യു.കെ ആസ്ഥാനമായി പ്രവർത്തിക്കുന്ന വേൾഡ് വൈഡ് ക്വാളിറ്റി അഷ്വറൻസ് (WQA) ന്റെ 'ഉക്കാസ്' അംഗീകാരമാണ് പള്ളിക്കലിന് ലഭിച്ചത്.

രാജ്യാന്തര സമ്മേളനം - ഓഫീസ് ഉദ്ഘാടനം

2014 ജനുവരി 19,20,21 തീയതികളിൽ തിരുവനന്തപുരത്തുവച്ചു നടക്കുന്ന "അധികാര വികേന്ദ്രീകരണത്തിലൂടെ സദ് ഭരണം" എന്ന വിഷയത്തിൽ ഊന്നൽ നല്കുന്ന രാജ്യാന്തര സമ്മേളന നടത്തിപ്പിന്റെ ഓഫീസ് ഉദ്ഘാടനം നന്ദൻകോട് സ്വരാജ് ഭവനിൽ പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ: എം.കെ. മുനീർ നിർവ്വഹിച്ചു. ജനാധിപത്യ വികേന്ദ്രീകരണ രംഗത്തും തദ്ദേശ ഭരണ രംഗത്തും കേരളം ഇന്ത്യക്കാകെ ദിശാബോധം നൽകാൻ തക്കവണ്ണം പുരോഗതി കൈവരിച്ചതായി മന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻപിള്ള, ഗ്രാമവികസന കമ്മീഷണർ കെ.വി മോഹൻകുമാർ, പഞ്ചായത്തു ഡയറക്ടർ എസ്. ലളിതാംബിക, LSGD ചീഫ് എൻഞ്ചിനീയർ സജികുമാർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജെ. ഗോപകുമാർ തുടങ്ങിയവർ സംസാരിച്ചു.

മിത്ര റ്റി. IAS പഞ്ചായത്തു ഡയറക്ടറായി ചുമതലയേറ്റെടുത്തു

പെരിന്തൽമണ്ണ സബ് കളക്ടറായിരുന്ന മിത്ര റ്റി. ഐ.എ.എസ് പഞ്ചായത്തു ഡയറക്ടറായി ചുമതല ഏറ്റെടുത്തു. 12.09.2013 വ്യാഴാഴ്ച രാവിലെ പബ്ളിക് ആഫീസ് കോമ്പൗണ്ടിലെ പഞ്ചായത്തു ഡയറക്ടറേറ്റിൽ എത്തി മുൻ ഡയറക്ടർ എസ്. ലളിതാംബിക ഐ.എ.എസിൽ നിന്നാണ് ഔദ്യോഗിക ചുമതല ഏറ്റെടുത്തത്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2013
പുസ്തകം 53
ലക്കം 06
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
മിത്ര.റ്റി ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
മിത്ര.റ്റി, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഇന്ന് ജനങ്ങൾക്ക് വേഗത്തിൽ ബന്ധപ്പെടാൻ കഴിയുന്ന ഭരണകേന്ദ്രമായി മാറിയിരിക്കുന്നു. പ്രാദേശിക സർക്കാർ എന്ന നിലയിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ ആദ്യം ബന്ധപ്പെടുന്നത് ഗ്രാമപഞ്ചായത്തുകളെയാണ്. പദ്ധതി ആസൂത്രണവും നിർവ്വഹണവും സർട്ടിഫിക്കറ്റുകൾ നൽകലും എന്ന സാങ്കേതിക പ്രക്രിയ മാത്രമല്ല ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വം. ഓരോ ഗ്രാമപഞ്ചായത്ത് വാസികളുടെ സമഗ്ര ജീവിത പുരോഗതിയും ക്ഷേമവും അതിലൂടെ പഞ്ചായത്ത് വികസനവുമാണ് ലക്ഷ്യമിടേണ്ടത്. ഈ ലക്ഷ്യം മുൻനിർത്തിയാണ് വിവിധ വകുപ്പുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയത് എന്ന് മനസ്സിലാകുന്നു. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, അംഗൻവാടികൾ, മൃഗസംരക്ഷണം തുടങ്ങിയവ എല്ലാം ഗ്രാമപഞ്ചായത്തിനു കൈമാറികിട്ടിയ മുഖ്യ വകുപ്പുകളാണ്. അവയുടെ ഏകോപനവും പദ്ധതി ആസൂത്രണവും നിർവ്വഹണവും ശരിയായ രീതിയിൽ നടത്തിയാൽ മാത്രമേ നാം ഉദ്ദേശിച്ച ഫലം ഉണ്ടാക്കാൻ കഴിയൂ. പഞ്ചായത്ത് ഭരണസമിതിയുടെയും ജീവനക്കാരുടെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും നിതാന്തജാഗ്രത ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇന്ന് ആയിരക്കണക്കിന് കുടുംബങ്ങളുടെ അധികവരുമാന സ്രോതസ്സായി മാറിയിരിക്കുന്നു. എല്ലാ കുടുംബത്തിനും 100 ദിവസ ജോലി നൽകുക എന്ന ലക്ഷ്യം നമുക്ക് കൈവരിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമത്തിലാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ. യഥാസമയം വേതനം ലഭിക്കുന്നില്ല എന്ന നിരന്തര പരാതികൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഇ.എഫ്.എം.എസ്.(ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കി വേതന വിതരണം നൂതന രീതിയിലും വേഗത്തിലും ആക്കി കാലതാമസം ഒഴിവാക്കാൻ ശ്രമിക്കുന്നു. പഞ്ചായത്ത് സെക്രട്ടറിമാർ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ സത്വരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ പെൻഷൻ വിതരണം കുറ്റമറ്റ രീതിയിലാക്കുന്നതിനും യഥാർത്ഥ ഗുണഭോക്താവിന് തന്നെ യഥാസമയം പെൻഷൻ പണം ലഭ്യമാക്കാനും വേണ്ടിയാണ് സർക്കാർ ഡി.ബി.റ്റി. (Direct Benefit Transfer) സംവിധാനം നടപ്പിലാക്കിയത്. ഈ സംവിധാനം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്ത് സെക്രട്ടറിമാരുടെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തലും, പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് ഡി.ബി.റ്റി. സിസ്റ്റവുമായി ലിങ്ക് ചെയ്യേണ്ടതുമുണ്ട്. പഞ്ചായത്തുകളിൽ പൂർണ്ണമായി ഇനിയും ഇതു നടപ്പിലായിട്ടില്ലാത്ത സാഹചര്യത്തിൽ ഇനിയും കാലതാമസം ഉണ്ടാകാതെ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമാണ്.

അതുപോലെ പഞ്ചായത്തുകളിലെ ആഡിറ്റ് റിപ്പോർട്ടുകളിൽ ഉന്നയിക്കപ്പെടുന്ന കാര്യത്തിൽ യഥാസമയം നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ ജീവനക്കാർ റിട്ടയർ ചെയ്തു കഴിയുമ്പോൾ ആഡിറ്റ് തടസ്സം നിലനിൽക്കേ യഥാസമയം അവരുടെ പെൻഷൻ ആനുകൂല്യം നൽകാൻ കഴിയാതെ വരുന്നു. തുടർന്ന് കോടതി ഇടപെടലുണ്ടാകുമ്പോൾ ആനുകൂല്യങ്ങൾ പലിശസഹിതം കൊടുക്കേണ്ടി വരുന്നു. ഇതു തീർത്തും ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ സർക്കുലറിൽ പറഞ്ഞ നിർദ്ദേശങ്ങൾ അതതുതലത്തിലെ ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

ചുരുക്കത്തിൽ ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട കാര്യങ്ങൾ സമയബന്ധിതമായി ചെയ്തു തീർത്താൽ മാത്രമേ ആ പ്രവൃത്തികൊണ്ട് ഉദ്ദേശിച്ച ഫലം കൈവരിക്കാൻ കഴിയുകയുള്ളൂ. പദ്ധതി നിർവ്വഹണം, തൊഴിലുറപ്പ് പദ്ധതി വേതന വിതരണം, ക്ഷേമ പെൻഷനുകളുടെ വിതരണത്തിനുള്ള ഡി.ബി.റ്റി. സംവിധാനം, ആഡിറ്റ് തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കൽ, ജാഗ്രതാസമിതിയുടെ പ്രവർത്തനം വിവര സാങ്കേതികവിദ്യയിലൂടെ ഭരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സഹായത്തോടെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ കൂടുതൽ ഉത്തരവാദിത്വം കാണിക്കേണ്ടതാണ്.

മിത്ര റ്റി. ഐ.എ.എസ്
(പഞ്ചായത്ത് ഡയറക്ടർ)

എന്റെ ഓണം ഇവനൊപ്പം



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

ഷെഫീക്ക്. അവന് പ്രായം അഞ്ച്. അവൻ കേരളത്തിന്റെ ഹൃദയമായി. കണ്ണും കരളുമായി. കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിൽ അവനെ ഞാൻ പോയിക്കണ്ടു, ഓമനത്തമുള്ള അവന്റെ മുഖത്ത് ജീവന്റെ നേർത്ത് നേർത്ത തുടിപ്പ് എനിക്ക് കാണാൻ കഴിഞ്ഞു. 'ഈ കുഞ്ഞ് അങ്ങയുടെ കരങ്ങളിലാണ്. കേരളത്തിന്റെ മുഴുവൻ പ്രാർത്ഥനയാണവൻ'. അവനെ രക്ഷിക്കാൻ കരുണാമയനായ ദൈവത്തോട് കോടാനുകോടി ജനങ്ങൾക്കൊപ്പം ഉള്ളുരുകി പ്രാർത്ഥിച്ചു. പിന്നെയുള്ള ദിവസങ്ങളിൽ എന്റെ പ്രാർത്ഥനാ നിരതമായ നിമിഷങ്ങളിൽ നല്ല പങ്ക് അവന് വേണ്ടിയായിരുന്നു.

മാതാവിന്റെയും പിതാവിന്റെയും മറ്റെല്ലാവരുടെയും പൊന്നോമനയായി വളരേണ്ടവനായിരുന്നില്ലേ കുഞ്ഞു ഷെഫീക്ക്? ഈ ദുർവിധി അവനായി കാത്തുവച്ചതാര്? കുടുംബ ബന്ധങ്ങളിലെ അസ്വാരസ്യവും തകർച്ചയും പിഞ്ചുബാല്യങ്ങളെ എങ്ങനെ അവരുടെ ജീവൻ പോലും നഷ്ടമായേക്കാവുന്ന അവസ്ഥയിൽ കൊണ്ടെത്തിക്കുന്നു എന്നതിന്റെ ദൃശ്യപരവും വാങ്മയവുമായ തെളിവാണ് ഷെഫീക്ക്. അവന്റെ സ്വന്തം അമ്മ വേർപിരിഞ്ഞുപോയി മറ്റൊരാളോടൊപ്പം താമസമായി. പിതാവാകട്ടെ രണ്ടാമതൊരു വിവാഹം കൂടി കഴിച്ചു. ദാരിദ്ര്യത്തിന്റെ നടുവിൽ ബാല്യം തള്ളി നീക്കിയ ഷെഫീക്കിന് മുന്നിൽ ദയയുടെ രൂപത്തിൽ പോലും മിക്കപ്പോഴും ഭക്ഷണം എത്തിയില്ല. വിശന്നുപൊള്ളുന്ന വയറുമായി പിതാവിന്റെയും രണ്ടാനമ്മയുടെയും സമാനതകളില്ലാത്ത ക്രൂരപീഡനങ്ങൾക്ക് അവൻ വിധേയനാകേണ്ടി വന്നു.

പൂത്തുമ്പികളോട് കിന്നാരം പറഞ്ഞും കുഞ്ഞു പൂക്കളെ തലോടിയും തൊടിയിലെ വെള്ളത്തിൽ മുങ്ങി കുളിച്ചും കൂട്ടുകാർക്കൊപ്പം ഓടിയും ചാടിയും നടക്കേണ്ട അവൻ, അമ്മ നൽകുന്ന മധുരവും മുത്തവും ഏറ്റുവാങ്ങി ഓമനയായി പ്രസരിപ്പോടെ നടക്കേണ്ട അവൻ ആശുപത്രി കിടക്കയിലായതിൽ സമൂഹത്തിനും ഉത്തരവാദിത്തമുണ്ട്. അയൽപക്കത്തെ വീട്ടിലെ സംഭവങ്ങളിൽ കണ്ണടയ്ക്കുക എന്ന ആർജ്ജിത ശീലം നാം ഉപേക്ഷിച്ചേ മതിയാവൂ. സമൂഹത്തിൽ ജീവിക്കുന്ന അംഗങ്ങൾ എന്ന നിലയിൽ നമ്മൾ സദാ ജാഗരൂകരായിരിക്കണം. അയൽപക്കത്ത് സംഭവിക്കുന്ന കാര്യങ്ങൾ അത് അതിക്രമങ്ങൾ ആവട്ടെ, ആഹ്ളാദങ്ങൾ ആവട്ടെ നമ്മുടേതും കൂടിയായി കരുതുകയും അതിക്രമങ്ങൾക്കെതിരായി നിലയുറപ്പിക്കുകയും വേണം. സമൂഹത്തിന്റെ ഇത്തരം ഒരു ജാഗ്രത ബാലപീഡനമാണെങ്കിലും സ്ത്രീ പീഡനമാണെങ്കിലും മറ്റ് ഗാർഹിക അസ്വാരസ്യങ്ങളാണെങ്കിലും ഒഴിവാക്കുന്നതിൽ വലിയ പങ്ക് വഹിക്കും. നമ്മുടെ വാർഡ് – പഞ്ചായത്ത്തല ജാഗ്രതാ സമിതികൾ സജീവമാകണം.

ഷെഫീക്കിന്റെ അഞ്ചാം ജന്മദിനത്തിൽ ആശംസ അറിയിക്കാൻ അവനെ വിളിച്ചപ്പോൾ വരുന്നോ?' എന്ന് എന്നോട് അവൻ ചോദിച്ചു. വരാം എന്ന് ഞാൻ ഉറപ്പ് കൊടുത്തു. പക്ഷേ ഓണം കഴിഞ്ഞ് സെപ്റ്റംബർ അവസാനത്തിൽ മാത്രമെ എനിക്കവനെ വെല്ലൂർ സി.എം.സി.ആശുപത്രിയിൽ എത്തി കാണാൻ കഴിഞ്ഞുള്ളൂ. അവന് കുഞ്ഞുടുപ്പുകളും കളിപ്പാട്ടങ്ങളും ഞാൻ കരുതിയിരുന്നു. മുറിഞ്ഞ വാക്കുകളിൽ അവൻ സംസാരിച്ചു. ആ കണ്ണുകളിലെ തിളക്കവും നൈർമ്മല്യവും ഞാൻ എന്റെ ഹൃദയത്തിലേക്ക് കോരി നിറച്ചു. ഇനി ഷെഫീക്ക് പൂർണ്ണ ആരോഗ്യത്തോടെ കേരളത്തിന്റെ പ്രിയപുത്രനായി ഇവിടെ തിരിച്ചെത്തുന്ന നാളിനായി എല്ലാ കേരളീയർക്കും ഒപ്പം ഞാനും പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. എന്റെ ഇപ്രാവശ്യത്തെ ഓണം ഷെഫീക്കിനൊപ്പമായിരുന്നു. അവന്റെ ഹൃദയതാളം കേൾക്കാൻ ഞാൻ കാതോർത്തു. അവനെക്കുറിച്ചായിരുന്നു എന്റെ സ്വപ്നങ്ങൾ. സാമൂഹ്യനീതി വകുപ്പിന്റെ ഏറ്റവും വലിയ സ്വപ്നമാണ് ഇന്ന് ഷെഫീക്ക്. അതിന്റെ പൂർണ്ണ സാക്ഷാത്കാരത്തിനായി കാത്തിരിക്കാം നമുക്ക്. അവന്റെ ഡോക്ടർമാരോടും നഴ്സുമാരോടും സ്വന്തം രാഗിണി ആന്റിയോടും നമ്മുടെ സ്നേഹം പങ്കിടാം. ■

പൂത്തുമ്പികളോട് കിന്നാരം പറഞ്ഞും കുഞ്ഞു പൂക്കളെ തലോടിയും തൊടിയിലെ വെള്ളത്തിൽ മുങ്ങി കുളിച്ചും കൂട്ടുകാർക്കൊപ്പം ഓടിയും ചാടിയും നടക്കേണ്ട അവൻ, അമ്മ നൽകുന്ന മധുരവും മുത്തവും ഏറ്റുവാങ്ങി ഓമനയായി പ്രസരിപ്പോടെ നടക്കേണ്ട അവൻ ആശുപത്രി കിടക്കയിലായതിൽ സമൂഹത്തിനും ഉത്തരവാദിത്തമുണ്ട്.



അജയൻ പനയറ

ഓർമ്മകളിലെ ഓണം

വീണ്ടും ഒരോണക്കാലം കൂടി...

അത്തം പത്തിന് പൊന്നോണം, പൊന്നിൻ ചിങ്ങത്തിലെ പൊന്നോണം എന്നിങ്ങനെ മലയാളി ഭാഷകൊണ്ടും ഹൃദയം കൊണ്ടും ധൂർത്തടിക്കുന്ന സങ്കല്പമാകുന്നു ഓണം. മനുഷ്യരെ ഒന്നുപോലെ ജീവിക്കാനനുവദിച്ച ഒരു ഭരണാധികാരി അസൂയയും പരപുച്ഛവും കൈ മുതലാക്കിയ ചിലരുടെ ഗൂഢ തന്ത്രങ്ങളുടെ ഭാഗമായി സ്ഥാനഭ്രഷ്ടനും, നാടുകടത്തപ്പെട്ടവനുമായ ദുരന്തത്തിന്റെ കണ്ണീരുപ്പും ഓണത്തുമ്പികളുടെ ചിറകിൽ പറ്റിപിടിച്ചിരിപ്പുണ്ട്. സമ്മിശ്ര ഭാവങ്ങളുടെ വൈവിധ്യ വൈരുധ്യങ്ങൾ ഓണത്തിനുണ്ടെങ്കിലും ഓണം മലയാളിക്ക് പ്രിയപ്പെട്ട സാംസ്കാരികാനുഭവവും, അഭിനിവേശവുമാണ്.

മലയാളിയുടെ സാംസ്കാരിക ഏകത്വത്തിന്റെ ചിഹ്നമായിരുന്നു ഓണം. കാണം വിറ്റും ഓണം ഉണ്ണണം എന്നത് ഓണാനുഭവത്തിന്റെ അനിവാര്യതയും അനന്യതയും ഓർമിപ്പിക്കുന്നു. ദ്രാവിഡമായാലും ആര്യമായാലും കൂട്ടായ്മയുടെയും ഗ്രാമ്യതയുടെയും നിറങ്ങളുടെയും അയൽ പക്ക അന്യോന്യങ്ങളുടെയും ഉത്സവമായിരുന്നു ഓണം. "പൂവായ പൂവെല്ലാം പിള്ളാരിറുത്തപ്പോൾ പൂവാങ്കുരുന്നില ഞാനുമിറുത്തു." എന്ന് എല്ലാവർക്കും എന്തെങ്കിലുമൊക്കെ ആശിക്കാനും അനുഭവിക്കാനും ഓണം കരുതിവച്ചിരുന്നു. മലയാളിയുടെ ആശ്വാസങ്ങളുടെ ആഘോഷം കൂടിയായിരുന്നു ഓണം. ഓണം ഇന്ദ്രിയങ്ങളുടെ ആഘോഷമായിരുന്നു.

"പപ്പടം കാച്ചും പരിമളങ്ങൾ
തിക്കു മടുക്കള ജാലകത്തിൽ
നൂണു കടക്കുന്ന കാക്കകൾക്കു-
മോണമായോണമായോണമായി"

എന്ന് കവി പറയുമ്പോൾ സമസ്ത ജീവജാലങ്ങൾക്കും എന്തെങ്കിലും അനുഭവപ്പെടുത്തുന്ന വിശാലത ഓണം എന്ന പരികല്പനയ്ക്കുണ്ട്. എന്നു വ്യക്തം. സമ്പന്നനും ദരിദ്രനും കാക്കയ്ക്കും പൂച്ചയ്ക്കുമൊക്കെ വ്യത്യസ്തതരത്തിൽ അനുഭവിക്കാവുന്നത്ര ജനാധിപത്യപരമായിരുന്നു ഓണത്തിന്റെ സാധ്യതകൾ. സമൃദ്ധമായ

"പലദേശത്തിൽ, പല വേഷത്തിൽ
പലപലഭാഷയിൽ, ഞങ്ങൾ കഴിപ്പൂ
പാരിതിലാദിയിലുദയം കൊണ്ടു പൊ
ലിഞ്ഞൊരു പൊന്നോണത്തിൻ ചരിതം"

മലയാളിയുടെ സാംസ്കാരിക ഏകത്വത്തിന്റെ ചിഹ്നമായിരുന്നു ഓണം. കാണം വിറ്റും ഓണം ഉണ്ണണം എന്നത് ഓണാനുഭവത്തിന്റെ അനിവാര്യതയും അനന്യതയും ഓർമിപ്പിക്കുന്നു. ദ്രാവിഡമായാലും ആര്യമായാലും കൂട്ടായ്മയുടെയും ഗ്രാമ്യതയുടെയും നിറങ്ങളുടെയും അയൽപക്ക അന്യോന്യങ്ങളുടെയും ഉത്സവമായിരുന്നു ഓണം.

ഓണാനുഭവങ്ങൾ കേൾവിയെയും കാഴ്ചയെയും രുചിയെയും മണത്തെയുമൊക്കെ വ്യത്യസ്തതരത്തിൽ സമീപിച്ചിരുന്നു. അത്രയേറെ സൗന്ദര്യാത്മകതയുള്ള മറ്റൊരു ആചാരവും ആഘോഷവും വേറെയില്ല.

ജനകീയ ജനാധിപത്യത്തിന്റെ കാലത്ത് ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഓണം വലിയൊരു രാഷ്ട്രീയ മൂല്യം നമ്മോടു പറയാതെ പറയുന്നുണ്ട്. അധികാരവും ചെങ്കോലും നഷ്ടപ്പെട്ട് പാതാളത്തിന്റെ അശരണതയിലേക്കും ഇരുളിലേക്കും ചവിട്ടിത്താഴ്ത്തപ്പെടുമ്പോഴും കനിഞ്ഞു കിട്ടിയ ഒരേയൊരു വരത്തെ തന്റെ ജനങ്ങളെ ആണ്ടേയ്ക്കൊരിക്കൽ കാണാനുള്ള അവസരമായി മാറ്റിയ ഭരണാധികാരിയുടെ ചരിത്രം നമുക്ക് പൊള്ളുന്നതും മധുരതരവുമായ ഓർമയാകുന്നു. അധികാരത്തിന്റെ ഉന്മാദവും സുഖങ്ങളുമല്ല, ജനവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വിനയമാണ് ഭരണാധികാരിയുടെ മഹത്വം എന്ന തിരിച്ചറിവിന്റെ പാഠങ്ങൾ മാവേലിയോണത്തിന് സ്വന്തമാകുന്നതങ്ങനെയാണ്.

മുറ്റത്തു അത്തം മുതൽ ഒരുക്കപ്പെടുന്ന പൂക്കളങ്ങൾ ഗ്രാമ്യതയുടെ മധുരോദാര ശോഭ പേറിയിരുന്നു. തൊടികളിൽ നിന്ന് തൊടികളിലേക്ക് പൂക്കളിറുക്കാൻ പോയിരുന്ന കുഞ്ഞുങ്ങൾ പഴമക്കാരുടെ ഓർമകളിലെ മങ്ങിയ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രമാണിന്ന്. തൊടികളും പൂക്കളുമില്ലാത്ത പുതിയ കേരളം തോവാളപ്പൂക്കളിലും കൃത്രിമ നിറങ്ങളിലും കളങ്ങൾ തീർക്കുന്നു. ദരിദ്രമായ ഭൂമിയും ഊഷരമായ തരിശായ പാടശേഖരങ്ങളുമായി കേരളം ഓണത്തെ വികൃതമായനുകരിക്കാൻ മാത്രം കഴിയുന്ന നാടായി മാറിയിരിക്കുന്നു. നാട്ടു പൂക്കളിറുത്ത് നാട്ടുചന്തങ്ങൾ ചമച്ചിരുന്ന ഓണനാളുകളിൽ നിന്ന് എല്ലാം വിലകൊടുത്തു വാങ്ങുന്ന പണക്കൊഴുപ്പിന്റെ മാമാങ്കദിനങ്ങളിലേക്ക് നാം മാറിയിരിക്കന്നു.

ഓണത്തിനു മാത്രമായി എത്രകളികളാണ് ഈ കൊച്ചു കേരളം ഓരോ വർഷവും കാത്തുവച്ചിരുന്നത്! മാണിക്കച്ചെമ്പഴുക്കയും ഒരു കുടുക്കപ്പൊന്നു കളിയും ആൺ പെൺ ഭേദമെന്യേ കുട്ടികളെ തുറസ് നിലങ്ങളിലേക്ക് അവരറിയാതെ പിടിച്ചടുപ്പിച്ചുരുന്ന നാളുകൾ നഷ്ടമായിട്ട് ഏറെയായിട്ടില്ല. എന്നാലിന്ന് പിറന്നു വീഴുമ്പോൾ തന്നെ സംശയത്തിലും ഭീതിയിലും പുലർന്നു പോരുന്ന നമ്മുടെ കുഞ്ഞുങ്ങൾക്ക് ഓണവും ഓണക്കളിയുമെല്ലാം നാലു ചുവരുകൾക്കുള്ളിലായിരിക്കുന്നു. സമൂഹത്തിനാകമാനം അപകടകരമായ രോഗം ബാധിച്ചാലെന്നവണ്ണം എല്ലാവരും എല്ലാവരിൽ നിന്നും ഒഴിഞ്ഞും ഒളിഞ്ഞും കഴിയുന്നിടത്ത് കളിക്കൂട്ടങ്ങൾ എങ്ങനെയാണ് രൂപപ്പെടുക? പഴയ ഓണക്കാല കളിയിടങ്ങളിൽ രൂപപ്പെട്ടത് ഗ്രാമീണ സംസ്കാരത്തിന്റെ അന്യോന്യങ്ങളും അയൽപക്ക ബന്ധങ്ങളുമായിരുന്നു. അടച്ച മുറിക്കുള്ളിലെ ടെലിവിഷനിൽ ഇടതടവില്ലാതെ തുടരുന്ന വിനോദപരിപാടികൾ കണ്ടുകണ്ട് നമ്മുടെ കുട്ടികൾ 'ഇരിക്കദ്ദീനം' ബാധിച്ചവരായിരിക്കുന്നു. ഓണം ചലനത്തിന്റെ കളിയുടെ ഒത്തൊരുമയുടെ ആഘോഷമായിരുന്നു. എന്ന തിരിച്ചറിവ് നാം തിരിച്ചു പിടിക്കേണ്ടതാണ്.

ജനകീയ ജനാധിപത്യത്തിന്റെ കാലത്ത് ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഓണം വലിയൊരു രാഷ്ട്രീയ മൂല്യം നമ്മോടു പറയാതെ പറയുന്നുണ്ട്. അധികാരവും ചെങ്കോലും നഷ്ടപ്പെട്ട് പാതാളത്തിന്റെ അശരണതയിലേക്കും ഇരുളിലേക്കും ചവിട്ടിത്താഴ്ത്തപ്പെടുമ്പോഴും കനിഞ്ഞു കിട്ടിയ ഒരേയൊരു വരത്തെ തന്റെ ജനങ്ങളെ ആണ്ടേയ്ക്കൊരിക്കൽ കാണാനുള്ള അവസരമായി മാറ്റിയ ഭരണാധികാരിയുടെ ചരിത്രം നമുക്ക് പൊള്ളുന്നതും മധുരതരവുമായ ഓർമയാകുന്നു.

ഓണം രുചിയുടെ ഉത്സവമാണ്. ദരിദ്രനും സദ്യവട്ടങ്ങളുണ്ടാക്കുന്ന ദിനങ്ങളാണവ. വീട്ടിൽ പാകപ്പെടുന്ന ഓരോ വിഭവങ്ങളും മൂക്കിലേക്ക് വിനിമയം ചെയ്യുന്ന ഗന്ധഭേദങ്ങളിലാണ് ഓണം സഫലമാകുന്നത് എന്നാലിന്ന് ഓണസദ്യകൾ. ഇൻസ്റ്റന്റായി വീടുകളിൽ എത്തിച്ചേരുന്നു. കുടുംബാംഗങ്ങൾ ഒന്നിച്ചു തയ്യാറാക്കുന്ന, ഉണ്ണുന്ന ഓണസദ്യയെന്നത് ഇന്നൊരു പഴയ തമാശയായിക്കൊണ്ടിരിക്കുന്നു. പായസത്തിന്റെയും കറികളുടെയും എണ്ണക്കൂടുതലനുസരിച്ച് വില ഇരുനൂറു ഇരുന്നൂറ്റിയമ്പതുമായി മാറുന്ന 'ഫ്ളാറ്റോണയൂണുകൾ' കേരളത്തിൽ വ്യാപകമാകുയാണ്. ഓണത്തിന്റെ മണങ്ങളില്ലാതെ എങ്ങനെയാണ് നമുക്ക് ഓണം അനുഭവിക്കാനാവുക?

വൻകിട കോർപ്പറേറ്റുകൾക്കാണ് ഇന്നോണം ആഘോഷമാകുന്നത്. കേരളം എന്ന മഹാവിപണി ഏറ്റവും ഊർജസ്വലമാകുന്നത് ഈ നാളുകളിലാണ്. എല്ലാ വാങ്ങലിനും എന്തെങ്കിലും സൗജന്യവുമായി അവർ വരുന്ന ദിനങ്ങളാണിത്. പർച്ചേസ്, ഓഫർ, ഫ്രീ തുടങ്ങിയ പദങ്ങൾ ഓണം ശബ്ദകോശത്തിൽ ഏറ്റവും ആവർത്തിച്ചു കേൾക്കുന്ന പദങ്ങളായിരിക്കുന്നു. മാവേലിത്തമ്പുരാന്റെ കോമാളിച്ചിത്രം കൂടി വരച്ച് ഒരു മഹാസങ്കല്പത്തിന്റെ വികൃതവത്കരണത്തെ അവർ പൂർണമാക്കുന്നു.

പുതിയ അധിനിവേശങ്ങളെല്ലാം ആദ്യം കടന്നുകയറുന്നത് ജനതയുടെ ചരിത്രത്തിലും സാംസ്കാരിക അടയാളങ്ങളിലുമാണ്. ഓണം അത്തരം അധിനിവേശസമ്മർദ്ദങ്ങളിൽപ്പെട്ട രൂപമാറ്റത്തിനു വിധേയമാകുകയാണ്.

"പലദേശത്തിൽ, പല വേഷത്തിൽ
പ്പലപ്പലഭാഷയിൽ, ഞങ്ങൾ കഴിപ്പൂ
പാരിതിലാദിയിലുദയം കൊണ്ടു പൊ
ലിഞ്ഞൊരു പൊന്നോണത്തിൻ ചരിതം"

എന്ന് വൈലോപ്പിള്ളി പാടിയിട്ടുണ്ട്. മനുഷ്യരെല്ലാം ഒന്നുപോലെ വാണിരുന്ന, ഹൃദയങ്ങൾ ഉദാരവും അരോഗവുമായിരുന്ന ഒരു കാലം ഭൂമിയിലുണ്ടായിരുന്നു എന്ന് ഓർമപ്പെടുത്തുന്ന ഓണം, മലയാളിയെ സംബന്ധിച്ച് അവന്റെ തനതുതുകകളുടെ സ്മൃതി സഞ്ചയം കൂടിയാണ്. ലോകത്ത് എല്ലായിടത്തും നന്മയാർന്ന ഭൂതകാലത്തെക്കുറിച്ചുള്ള കഥകളുണ്ട്. എന്നാൽ ഭൂതവും വർത്തമാനവും, മണ്ണും മനുഷ്യനും, നിറങ്ങളും പൂക്കളും നാവും രുചിയും ഇത്രയേറെ സമരസപ്പെടുന്ന വിചാരലോകം വേറെയില്ല എന്നതാണ് ഓണത്തിന്റെ അപൂർവ്വത. ആ അപൂർവചാരുതയെയാണ്–

"ഇത്തിരിവട്ടം കാണുന്നവരും ഇത്തിരിവും ചിന്തിക്കുന്നവരുമായ അഭിനവ അധോമുഖ വാമനന്മാർ" വികലമാക്കുന്നത്.

ഓണത്തിന് കാത്തിരിപ്പിന്റെ താളവും ലയവുമുണ്ട്. അത്തം പുലരും വരെ അത്തത്തിനായി കാത്തിരിപ്പ് പിന്നെ ഒന്നൊന്നായി നാളുകൾ എണ്ണികാത്തിരിക്കൽ. ഉത്രാടത്തിന്റെ എരിപൊരിപ്പാച്ചിലിൽ ഓണത്തിനായുള്ള ഉദ്വേഗം കാണാം. ഓണം പിറന്നാലോ, പിന്നെ കാത്തിരിപ്പില്ലാതെ ആലസ്യം: ഊണ്. കളിക്കമ്പങ്ങൾ: യാത്രകൾ: ബന്ധുസന്ദർശനം. പിന്നെയും അടുത്ത ഓണത്തിനായി കാത്തിരിക്കൽ. മാവേലിത്തമ്പുരാൻ വർഷത്തിലൊരിക്കൽ ഈ ദിനത്തിനായി കാത്തിരിക്കുന്നത് തന്റെ പ്രജകളെ കാണാനെങ്കിൽ നമ്മുടെ കാത്തിരിപ്പ് അന്നാളുകളുടെ ഓർമകളെ സഫലീകരിക്കാനാണ്. എന്നാലിന്ന് അത്തരം കാത്തിരിപ്പുകളുടെ ഗൃഹാതുരശോഭ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വർഗീയ വിചാരങ്ങളും ഭേദ ചിന്തകളും ഓണത്തെയും തീണ്ടിത്തുടങ്ങിയിരിക്കുന്നു. ഇനിയെത്രനാളാണ് അവശേഷിപ്പിന്റെ ഇത്തരം നന്മത്തുരുത്തുകൾ ബാക്കിയുണ്ടാകുക?

"പെരുകിടുമിരുളിലുമെന്നാൽ ഞങ്ങടെ–
തലകളിൽ മങ്ങി മിനുങ്ങിയിരിപ്പൂ
നിരവധി പുരുഷായുസിന്നപ്പുറ–
മാളിയൊരോണപ്പൊൻ കിരണങ്ങൾ
അവകൾ കിനാവുകളെന്നാം ശാസ്ത്രം
കളവുകളെന്നാം ലോക ചരിത്രം
ഇവയിലുമേറെ യഥാർത്ഥം ഞങ്ങടെ
ഹൃദയ നിമന്ത്രിത സുന്ദരതത്വം"
(ഓണപ്പാട്ടുകൾ – വൈലോപ്പിള്ളി)

ഓണം ആദർശാത്മകമായ ഒരു ആശയ പ്രപഞ്ചമാണ്. കിനാവെന്നോ കളവെന്നോ ശാസ്ത്രവും ചരിത്രവും വിളിച്ചാലും നമ്മുടെ ഹൃദയ നിമന്ത്രണങ്ങളിൽ മനോഹരമായ ആ കാലത്തിന്റെ നനുത്ത സ്മൃതികളുണ്ട്. ഓണപ്പാട്ട്, ഓണവില്ല്, ഓണക്കോടി, ഓണസദ്യ, ഓണക്കളി, ഓണത്തുമ്പി... നോക്കൂ പറഞ്ഞാൽ തീരാത്തത്ര വിശേഷങ്ങളും വിശേഷണങ്ങളുമായി ഓണം നമ്മുടെ വാക്കിലും വിചാരത്തിലുമുണ്ട്. പുതിയ കാലം എത്ര മാറിയാലും ജീവിതത്തിന് വേഗം എത്ര കൂടിയാലും ഓണനിലാവും ഓണവെയിലും അത്തപ്പൂക്കളവുമൊക്കെ നവ്യാനുഭവ വൈവിധ്യങ്ങളായി നമുക്കൊപ്പം ഉണ്ടാകണം. ആ അനുഭവലോകം തീർത്തും നഷ്ടമായാൽ മലയാളി മലയാളി അല്ലാതാകും തീർച്ച. ■

ലേഖകൻ തിരുവനന്തപുരം ഗവ: വിമൻസ് കോളേജ് അസി:പ്രൊഫസറാണ്.

**ഓണം ഇന്ദ്രിയങ്ങളുടെ ആഘോഷമായിരുന്നു
"പപ്പടം കാച്ചും പരിമളങ്ങൾ തിക്കു
മടുക്കള ജാലകത്തിൽ
നൂണു കടക്കുന്ന കാക്കകൾക്കു–
മോണമായോണമായോണമായി"**

അപായകരമായ മാലിന്യങ്ങൾ

വെല്ലുവിളിയും പരിഹാരവും

അജിത്ത് വെണ്ണിയൂർ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാന ചുമതലകളിലൊന്നാണ് മാലിന്യ പരിപാലനം. അതിൽ ഏറ്റവും സങ്കീർണമായ പ്രശ്നമാണ് ആശുപത്രികളിലെ ബയോ-മെഡിക്കൽ മാലിന്യ സംസ്കരണം; വിശേഷിച്ചും ജനസാന്ദ്രതയേറിയ നഗരങ്ങളിൽ.

മാലിന്യങ്ങളിൽ ഏറ്റവും അപായകരമാണ് വ്യവസായങ്ങളിലും ആശുപത്രികളിലും നിന്നുള്ള അവശിഷ്ടങ്ങൾ. മനുഷ്യരിലും മൃഗങ്ങളിലും സസ്യങ്ങളിലും ഇവയുടെ വിഷദംശനം സൃഷ്ടിക്കുന്ന വിപത്തുകൾ ഏറെയാണ്. തീപ്പിടുത്തം, സ്ഫോടനം, വാതകചോർച്ച തുടങ്ങി മാരകമായ അപകടങ്ങൾക്കും ഇവ ഇടയാക്കുന്നു.

ഇന്ത്യയിൽ പ്രതിവർഷം ഏഴ് ദശലക്ഷം ടൺ വ്യവസായ-ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നാണ് കണക്ക്. ഇവയിൽ ഭൂരിഭാഗവും നാലു സംസ്ഥാനങ്ങളിലാണ് – ബീഹാർ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, തമിഴ്നാട്. കേരളം ഒട്ടും പിന്നിലല്ല. ഇവിടെ ആശുപത്രിയിൽ നിന്ന് പുറന്തള്ളുന്ന അപായകരമായ മാലിന്യം മാത്രം പ്രതിദിനം 260 ടൺ ആണ്. വർഷം 95,000ടൺ.

വീടുകളിലെ അപായകരമായ മാലിന്യങ്ങളിൽ പഴയ ബാറ്ററികൾ, ഷൂ പോളിഷ്, പെയിന്റ് ടിന്നുകൾ, പഴകിയ മരുന്നുകൾ, മരുന്നു കുപ്പികൾ എന്നിവ ഉൾപ്പെടുന്നു. വ്യവസായ മേഖലയിൽ ലോഹങ്ങൾ, രാസ വസ്തുക്കൾ, കടലാസ്, കീടനാശിനികൾ, ക്രിത്രിമ ചായം, ശുദ്ധീകരണ വസ്തുക്കൾ എന്നിങ്ങനെ അപായകരമായ മാലിന്യങ്ങൾ ഏറെയാണ്.

താനെ മാതൃക

ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ വാണിജ്യ സാമ്രാജ്യങ്ങളിലൊന്നായ മുംബൈ നഗരത്തോട് ചേർന്നുകിടക്കുന്ന നഗരമാണ് താനെ – വ്യവസായങ്ങൾക്കൊപ്പം പാർപ്പിട സമുച്ചയങ്ങൾക്കും പേരുകേട്ട നഗരം. വിസ്തീർണം 147.34 ചതുരശ്ര കിലോമീറ്റർ. ജനസംഖ്യ: 24.86 ലക്ഷം (2011 സെൻസസ്)

മരുന്ന്, ഗ്ലാസ് ഉല്പന്നങ്ങൾ, പരുത്തി വസ്ത്രങ്ങൾ, പെൻസിൽ, കൈത്തറി, ഡൈ ഉല്പന്നങ്ങൾ, കമ്പിളി വസ്ത്രങ്ങൾ തുടങ്ങിയവയാണ് ഈ നഗരത്തിലെ മുഖ്യ വ്യവസായികോൽപന്നങ്ങൾ.

നാലഞ്ചു പതിറ്റാണ്ടു മുമ്പ് ഇവിടെ സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങൾ പലതും അടുത്തയിടെ പല കാരണങ്ങളാൽ അടച്ചുപൂട്ടുകയോ നഗരപ്രാന്തത്തിലേക്ക് മാറ്റി സ്ഥാപിക്കുകയോ ചെയ്തു. അവയുടെ സ്ഥാനത്ത് പാർപ്പിട സമുച്ചയങ്ങൾ പെരുകി. ഒപ്പം ആശുപത്രികളും.

ജനസാന്ദ്രതയിലും സന്ദർശക പ്രവാഹത്തിലും താനെ നഗരം ഏറെ മുന്നിലാണ്. ചതുരശ്ര കിലോമീറ്ററിൽ ശരാശരി 16000 ആണ് ഇവിടെ ജനവാസം. പ്രതിദിനം വന്നുപോകുന്നവർ ശരാശരി ഒരു ലക്ഷം.

ഏതാണ്ട് 500 മെട്രിക് ടൺ ഖരമാലിന്യങ്ങളാണ് നഗരത്തിൽ ദിവസേന സൃഷ്ടിക്കപ്പെടുന്നത്. ആശുപത്രികളിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യങ്ങൾ മാത്രം ഏതാണ്ട് 200 മെട്രിക് ടൺ വരും.

മാലിന്യ സംസ്കരണത്തിന് ആശുപത്രികളിൽ സുരക്ഷിതമായ സജ്ജീകരണം സ്വന്തം നിലയിൽ ചെയ്യണമെന്ന് നിയമം അനുശാസിക്കുന്നു. മിക്ക വൻകിട ആശുപത്രികളിലും അതിനുള്ള സൗകര്യമുണ്ട്. എന്നാൽ ചെറുകിട ഇടത്തരം ആശുപത്രികൾക്ക് താങ്ങാനാവുന്നതിലേറെയാണ് അതിനുള്ള ചെലവും സാങ്കേതിക വിദ്യയും. അതുമൂലം കുന്നുകൂടിയ മാലിന്യങ്ങൾ, നഗരവാസികൾക്കും നഗരസഭയ്ക്കും ഒരു പോലെ വിനയായി.

പരിഹാരം സ്വകാര്യ പങ്കാളിത്തത്തിലൂടെ

പ്രശ്ന പരിഹാരത്തിന് നഗരസഭ കണ്ടെത്തിയ മാർഗം സ്വകാര്യപങ്കാളിത്തമായിരുന്നു. 2003 ലാണ് അതിന് തുടക്കം കുറിച്ചത്. ബിൽഡ്, ഓപ്പറേറ്റ്, ഓൺ – (നിർമിക്കുക, പ്രവർത്തിപ്പിക്കുക, ഉടമസ്ഥരാകുക) വ്യവസ്ഥയിൽ പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ച 243 ആശുപത്രികളെ ഉൾകൊള്ളിച്ചാണ് പദ്ധതി ആരംഭിച്ചത്, ക്രമേണ അത് എല്ലാ ആശുപത്രികൾക്കും നിർബന്ധമാക്കി.

മത്സരാധിഷ്ഠിത ദർഘാസിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയിലെ സ്വകാര്യപങ്കാളിയെ നഗരസഭ തിരഞ്ഞെടുത്തത്. ദർഘാസ് വ്യവസ്ഥപ്രകാരം കരാറിലേർപ്പെട്ട സ്ഥാപനം ആശുപത്രികളിൽ നിന്ന് സ്വന്തം ചെലവിൽ മാലിന്യങ്ങൾ ശേഖരിക്കുകയും നിയമാനുസൃതം ദോഷമുണ്ടാകാത്ത വിധം സംസ്കരിക്കുകയും ചെയ്യണം.

നഗരസഭ അതിന്റെ ഉടമസ്ഥതയിൽ കൽവയിലുള്ള ഛത്രപതി ശിവാജി മഹാരാജ് ആശുപത്രി പരിസരത്ത് മാലിന്യ സംസ്കരണശാലയ്ക്കായി പാട്ട വ്യവസ്ഥയിൽ ആവശ്യമായ ഭൂമി സ്വകാര്യസ്ഥാപനത്തിനു നൽകി. വൈദ്യുതി, വെള്ളം എന്നിവയും ലഭ്യമാക്കി. ഇവയുടെ ചെലവ് സ്വകാര്യകമ്പനിയാണ് വഹിക്കുക.

അനുവദനീയമായ അളവിൽ ആശുപത്രി മാലിന്യങ്ങൾ ശേഖരിക്കാനും സംസ്കരണശാലയിലെത്തിക്കാനുമുള്ള അനുമതി പത്രം വ്യവസ്ഥകൾക്കു വിധേയമായി നഗരസഭ സ്വകാര്യ കമ്പനിക്കു നൽകി. തുടക്കത്തിൽ ശരാശരി 35 കിലോ പാഴ്വസ്തുക്കളാണ് ശേഖരിച്ചിരുന്നത്. മൂന്നു കൊല്ലത്തിനിടയിൽ അത് 200 കിലോഗ്രാമായി ഉയർന്നു.

രക്തബാങ്കുകൾ, ദന്താശുപത്രികൾ, പാത്തോളജി ലാബുകൾ, നേത്രരോഗ ആശുപത്രികൾ എന്നിവയുൾപ്പെടെ ഇപ്പോൾ 341 ആശുപത്രികൾ ഈ പദ്ധതിയിൽ ഭാഗഭാക്കായിട്ടുണ്ട്. അവശേഷിക്കുന്ന

ഇന്ത്യയിൽ പ്രതിവർഷം ഏഴ് ദശലക്ഷം ടൺ വ്യവസായ – ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നാണ് കണക്ക്. ഇവയിൽ ഭൂരിഭാഗവും നാലു സംസ്ഥാനങ്ങളിലാണ് – ബീഹാർ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, തമിഴ്നാട്. കേരളം ഒട്ടും പിന്നിലല്ല. ഇവിടെ ആശുപത്രിയിൽ നിന്ന് പുറന്തള്ളുന്ന അപായകരമായ മാലിന്യം മാത്രം പ്രതിദിനം 260 ടൺ ആണ് വർഷം 95,000ടൺ.

മാലിന്യ സംസ്കരണത്തിന് ആശുപത്രികളിൽ സുരക്ഷിതമായ സജ്ജീകരണം സ്വന്തം നിലയിൽ ചെയ്യണമെന്ന് നിയമം അനുശാസിക്കുന്നു. മിക്ക വൻകിട ആശുപത്രികളിലും അതിനുള്ള സൗകര്യമുണ്ട്. എന്നാൽ ചെറുകിട ഇടത്തരം ആശുപത്രികൾക്ക് താങ്ങാനാവുന്നതിലേറെയാണ് അതിനുള്ള ചെലവും സാങ്കേതിക വിദ്യയും. അതുമൂലം കുന്നുകൂടിയ മാലിന്യങ്ങൾ, നഗരവാസികൾക്കും നഗരസഭയ്ക്കും ഒരുപോലെ വിനയായി.

സ്ഥാപനങ്ങൾക്ക് നഗരസഭ കർശന നടപടികൾക്കുള്ള മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. പദ്ധതിയിൽ ചേരാത്ത പക്ഷം അവർ സ്വന്തം നിലയിൽ ഇൻസിനെറേറ്റർ സ്ഥാപിക്കുകയോ പൊതു ഇൻസിനെറേറ്ററിലേക്ക് സ്വന്തം ചെലവിൽ മാലിന്യങ്ങൾ എത്തിക്കുകയോ ചെയ്യണം.

മറ്റു വ്യവസ്ഥകൾ

1. ഓപ്പറേറ്റർ (സ്വകാര്യ സ്ഥാപനം) 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമം, 1998 ലെ ബയോ മെഡിക്കൽ വേസ്റ്റ് (പരിപാലനവും കൈകാര്യം ചെയ്യലും) നിയമം എന്നിവ പൂർണമായി പാലിക്കണം, ശേഖരിക്കുന്ന ബയോ-മെഡിക്കൽ പാഴ് വസ്തുക്കൾ ഓപ്പറേറ്റർക്ക് വിൽക്കുകയോ പുന:ചംക്രമണം ചെയ്യുകയോ പുനരുപയോഗിക്കുകയോ ചെയ്യാൻ പാടില്ല.
2. ബന്ധപ്പെട്ട അധികാരികൾ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം അനുമതിപത്രം ഉൾപ്പെടെയുള്ള എല്ലാ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കണം.
3. ഏതെങ്കിലും കാരണത്താൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയാണെങ്കിൽ ബന്ധപ്പെട്ട അധികാരസ്ഥാപനത്തിൽ നിന്ന് മുൻകൂർ അനുമതി നേടിയിരിക്കണം.
4. ബയോ-മെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം നേടിയ ജീവനക്കാരെ ഓപ്പറേറ്റർമാർ ജോലിക്കായി നിയോഗിക്കണം. അവർക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കണം. പാഴ്‌വസ്തുക്കൾ പ്ലാന്റിലേക്ക് കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങൾ, അവയുടെ പ്രവർത്തന ചെലവുകൾ എന്നിവ ഓപ്പറേറ്റർ വഹിക്കണം. വാഹനങ്ങൾക്ക് നിയമാനുസൃതമായ ലൈസൻസുകൾ, അനുമതികൾ, മലിനീകരണ നിയന്ത്രണബോർഡിന്റേയും നഗരസഭയുടേയും ഡെലിവറി ചെലാനുകൾ തുടങ്ങിയവ ഉണ്ടായിരിക്കണം.
5. ഓരോ വർഷവും ശേഖരിച്ച് സംസ്കരിച്ച മാലിന്യങ്ങളുടെ അളവ്, പദ്ധതിയിൽ ചേർന്ന ആശുപത്രികളുടെ പട്ടിക എന്നിവയുൾപ്പെട്ട വാർഷിക റിപ്പോർട്ട് ഓപ്പറേറ്റർ ഓരോ വർഷവും ജനുവരി 31-നു മുമ്പ് ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കണം.
6. നഗരസഭയ്ക്ക് പ്രതിഫലം നൽകാതെ മീരാഭയന്ദറിൽ നിന്ന് ഓപ്പറേറ്റർക്ക് സംസ്കരണ ശാലയിലേക്ക് ബയോ-മെഡിക്കൽ പാഴ്‌വസ്തുക്കൾ കൊണ്ടു വരാം.

നഗരസഭയുടെ ചുമതലകൾ, നേട്ടം

പ്ലാന്റിനുള്ള ഭൂമി (10,764 ച.മീറ്റർ), കെട്ടിടം എന്നിവ പ്രതിമാസം 6700 രൂപ വാടകനിരക്കിൽ ഓപ്പറേറ്റർക്ക് നഗരസഭ ലഭ്യമാക്കി. പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ചെലവ് ഓപ്പറേറ്ററാണ് വഹിച്ചത്. ഈ പദ്ധതിയിൽ ചേരാൻ എല്ലാ ആശുപത്രികളേയും ഡോക്ടർമാരേയും ബാധ്യസ്ഥരാക്കുന്ന ചുമതല നഗരസഭയ്ക്കാണ്. അതിനായി നഗരസഭ ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കുകയും നടപടി നോട്ടീസ് അയയ്ക്കുകയും ചെയ്തു.

അധിക ചെലവോ ബാധ്യതകളോ ഇല്ലാത്ത ദുഷ്കരമായ ഒരു മലിനീകരണ പ്രശ്നം വലിയൊരളവിൽ പരിഹരിക്കാനായി എന്നതാണ് പ്രധാന നേട്ടം. പുറമെ, നഗരസഭയുടെ സ്ഥലവും കെട്ടിടവും വാടകയ്ക്കു നൽകുക വഴി പ്രതിമാസ വരുമാനവും ലഭിക്കുന്നു.

മറ്റു നഗരങ്ങളിൽ നിന്ന് ബയോ-മെഡിക്കൽ പാഴ്‌വസ്തുക്കൾ ശേഖരിച്ചു കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് നൽകിയിരിക്കുന്ന അനുമതിയാണ് സ്വകാര്യ ഓപ്പറേറ്റർക്ക് ഇതുവഴി ലഭിച്ച ഒരു നേട്ടം.

പ്ലാന്റിന്റെ സംസ്കരണശേഷി ഇരട്ടിയാക്കി വർധിപ്പിച്ച് നഗരത്തിനും സമീപ നഗരങ്ങൾക്കുമായി സേവനം വിപുലീകരിക്കാൻ സ്വകാര്യ സ്ഥാപനത്തെ പ്രേരിപ്പിക്കുന്നതിലും താനെ നഗരസഭ വിജയം കണ്ടെത്തിയിട്ടുണ്ട്. ■

ജോൺ എസ്. ജെയിംസ്

നിയമം അത് കർശനമായി പാലിക്കപ്പെടാനുള്ളതാണ്

വെറുതെ പാടിനടക്കാനുള്ളതല്ല

1992-ലെ 73-ാമതും 74-ാമതും ഭരണഘടനാ ഭേദഗതികളുടെ കാതലായ ഉദ്ദേശ്യലക്ഷ്യം, സാമൂഹ്യനീതിക്കും സാമ്പത്തിക ഉന്നമനത്തിനും പദ്ധതികളും പരിപാടികളും തൃണമൂലതലത്തിൽ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും പ്രാപ്തമാക്കത്തക്കവിധം നിയമനിർമ്മാണത്തിലൂടെ അവയെ ശാക്തീകരിക്കുക എന്നത് മാത്രമാണ്. ഭരണഘടനാ ഭേദഗതികളുടെ അന്തസത്ത ഉൾകൊണ്ട് തന്നെയാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുനിസിപ്പാലിറ്റി ആക്ടും കേരള നിയമസഭ പാസാക്കിയത്. ഗ്രാമസഭ, പദ്ധതി ആവിഷ്കരണം തുടങ്ങിയ ഭരണഘടനാ ഭേദഗതിയിൽ പരാമർശിച്ച എല്ലാ കാര്യങ്ങളെ സംബന്ധിച്ചും 1994-ലെ ആക്ടുകളിൽ പ്രസക്തമായ വ്യവസ്ഥകൾ ഉൾകൊള്ളിച്ചിരുന്നു. അതോടൊപ്പം പഞ്ചായത്ത് പ്രസിഡന്റുമാർ, കൗൺസിൽ ചെയർമാൻമാർ, കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് ഭരണ ക്രമത്തിൽ കൂടുതൽ അധികാരവും ചുമതലയും നൽകുകയും, ഡയറക്ടർമാർക്കും വകുപ്പധികാരികൾക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനും ഇടപെടുന്നതിനുമുള്ള അവസരം തുലോം കുറയ്ക്കുകയും ചെയ്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണത്തിൽ കൂടുതൽ ജനാധിപത്യ മുഖം നൽകുകയും ചെയ്തു.

ഇപ്രകാരം ഭരണഘടനാ ഭേദഗതികൾക്ക് അനുസൃതമായി രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാന നിയമം കൊണ്ടു വരുന്ന കാര്യത്തിൽ സർക്കാർ സംവിധാനത്തിന് കഠിനാദ്ധ്വാനം ചെയ്യേണ്ടി വന്നു. ഗ്രാമസഭകളും വാർഡ് കമ്മിറ്റികളും നിലവിൽ വന്നു; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപവും ഘടനയും തിട്ടപ്പെടുത്തി-സീറ്റുകളിൽ മൂന്നിലൊന്ന് വനിതകൾക്കായി സംവരണം ചെയ്തു-അദ്ധ്യക്ഷൻമാരുടെ സീറ്റുകളിൽ മുപ്പതു ശതമാനത്തിൽ കുറയാത്ത സ്ഥാനം വനിതകൾക്ക്/പട്ടികജാതി/പട്ടികവർഗത്തിൽപെട്ടവർക്ക് നിയമാനുസരണം സംവരണം ചെയ്യാൻ വ്യവസ്ഥ ചെയ്തു-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി അഞ്ചുവർഷമായി തിട്ടപ്പെടുത്തിയതോടൊപ്പം, പിരിച്ചുവിടുന്നപക്ഷം ആറുമാസത്തിനുള്ളിൽ തിരഞ്ഞെടുപ്പും കമ്മിറ്റി രൂപകരണവും നടത്തണമെന്നും വ്യവസ്ഥ ചെയ്തു. അതോടെ പഞ്ചായത്തുകൾ ചില പ്രത്യേക കാരണങ്ങളാൽ ഇല്ലാതാകുന്ന പ്രവണത ഇല്ലാതായി. അംഗങ്ങളെ അയോഗ്യരാക്കുന്നതിനുള്ള നടപടിക്രമങ്ങളും കർക്കശമാക്കി.

92-ലെ ഭരണഘടനാ ഭേദഗതികളിലെ ഗുരുത്വാകർഷണ രേഖ കടന്നുപോകുന്നത് 243G243W എന്നീ അനുഛേദങ്ങളിലൂടെയാണ്. യഥാക്രമം പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കാര്യത്തിൽ, സാമൂഹ്യ നീതി സാമ്പത്തിക ഉന്നമനം എന്നിവ ലാക്കാക്കി തൃണമൂലതലത്തിൽ പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് സംസ്ഥാന നിയമസഭ നിയമനിർമ്മാണം നിർവഹിക്കണമെന്നാണ്. ഈ അനുഛേദങ്ങൾ വ്യവസ്ഥ ചെയ്യുന്നത്. ഇതാണ് ഭരണഘടനാ ഭേദഗതികളുടെ കാതലായ ഉദ്ദേശ്യലക്ഷ്യം. ഇത് എത്രത്തോളം നടപ്പിലായി എങ്ങനെ നടപ്പിലാക്കി എന്നൊക്ക ഭരണഘടനാ ഭേദഗതികൾ പാസായി രണ്ടു പതിറ്റാണ്ടു പൂർത്തിയായ ഈ അസുലഭ അവസരത്തിൽ ഒന്നു തിരിഞ്ഞുനോക്കുന്നത് ന്യായവും ഉചിതവുമായിരിക്കും. അതിനാണ് നിയമദൃഷ്ടി ഈ അവസരം വിനിയോഗിക്കുന്നത്.

ഭാരത ഭരണഘടനയിലെ 92ൽ ഭേദഗതി ചെയ്യപ്പെട്ട 243H 243W എന്നീ അനുഛേദങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേക്ക് ധനം ഒഴുകി എത്തുന്നതിലേക്ക്, പരിധികൾക്ക് വിധേയമായി നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും അവരെ പ്രാപ്തരാക്കത്തക്കവിധം, സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തണമെന്ന് നിഷ്കർഷിക്കുന്നു. ഇതനുസരിച്ച് 1994ലെ പഞ്ചായത്ത് രാജ് നിയമത്തിൽ വകുപ്പ് 200 പ്രകാരം വസ്തു നികുതിയും തൊഴിൽ നികുതിയും പരസ്യ നികുതിയും വിനോദ നികുതിയും നിശ്ചയിക്കുവാനും പിരിക്കുവാനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകി വ്യവസ്ഥ ചെയ്തിരിക്കുന്നു. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും സമാന വ്യവസ്ഥകൾ ഉൾകൊള്ളിച്ചിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച നികുതികൾ പിരിക്കുന്ന നടപടിക്രമങ്ങളുടെ കാര്യത്തിൽ രൂപീകരിച്ചിട്ടുള്ള നിയമവും ചട്ടങ്ങളും ഭരണഘടനയിലും മറ്റ് നിയമങ്ങളിലും ചെയ്ത് വച്ചിട്ടുള്ള വ്യവസ്ഥകളെ ലംഘിക്കുന്നതായും മറികടക്കുന്നതായും കാണുന്നുണ്ട്. ഉദാഹരണത്തിന് – നിയമാനുസൃതമല്ലാതെ യാതൊരു നികുതിയൊ, സെസ്സോ, ഫീസോ ചുമത്തുവാനോ പിരിക്കുവാനോ പാടുള്ളതല്ല എന്ന് ഭരണഘടനയിലെ അനുഛേദം 265 നിഷ്കർഷിക്കുന്നു. ഇവിടെ വിനോദ നികുതി ഇപ്പോൾ പിരിക്കുന്നത് വെറും സർക്കാർ ഉത്തരവിന്റെ പിൻബലത്താലാണ്. ഇത് ശരിയല്ല. നിയമാനുസൃതമെന്നാൽ നിയമസഭ പാസാക്കിയ നിയമം അനുസരിച്ച് എന്നാണ് അർത്ഥം. അതുപോലെ നികുതി ഫീസ് തുടങ്ങിയവ പരിധികൾക്ക് വിധേയമായി ചുമത്തുകയും പിരിക്കുകയും ചെയ്യണമെന്ന് അനുഛേദം 243G, 243 H നിഷ്കർഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകുന്ന കാര്യത്തിൽ, കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്. വിവിധ സ്ഥാപനങ്ങളിലെ നിരക്കുകൾക്ക് ഐകരൂപ്യം ഉണ്ടാകുന്നതിനാണ് ഈ വ്യവസ്ഥ. അല്ലാത്തിടത്ത് നിശ്ചിതനിരക്ക് തന്നെ നിശ്ചയിക്കുന്നതിൽ തെറ്റില്ല. എന്നാൽ കൂടിയ നിരക്ക് മാത്രം നിശ്ചയിക്കാൻ അവസരം നൽകുകയും,കുറഞ്ഞ പരിധി(നിരക്ക്)മാത്രം നിശ്ചയിക്കുകയും ഉയർന്ന പരിധി നിശ്ചയിക്കാതിരിക്കുകയും ചെയ്യുന്നത് നിയമലംഘനമാണ്. പരസ്യ നികുതിയുടെ കാര്യത്തിൽ ഇതാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് മിക്കവാറും എല്ലാ മുനിസിപ്പാലിറ്റികളിലും കൂടിയ നിരക്കിൽ പരസ്യ നികുതി ഈടാക്കി വരുന്നു. അതുപോലെ വസ്തുനികുതിയുടെ കാര്യത്തിൽ വകുപ്പ് 203(4)ൽ വ്യവസ്ഥചെയ്തിരുന്നത് തറ വിസ്തീർണ്ണത്തിന്റെ വാർഷിക മൂല്യം നിശ്ചയിക്കുന്ന രീതി സർക്കാർ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ് എന്നായിരുന്നു. 2009ൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിശ്ചയിച്ചപ്പോൾ വാർഷിക മൂല്യത്തെപ്പറ്റി യാതൊരു പരാമർശവും ചട്ടങ്ങളിലില്ല. അടിസ്ഥാന പരമായി ഗഡുക്കളായി പിരിക്കുന്ന നികുതികൾ വാർഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. **ഓരോ നികുതിയെ സംബന്ധിച്ചും ഇത്തരം ഭരണഘടനാ – നിയമലംഘനങ്ങൾ പഞ്ചായത്ത് രാജിന്റെ മുൻ ലക്കങ്ങളിൽ നിയമദൃഷ്ടിയിലൂടെ വരച്ചു കാട്ടിയിട്ടുണ്ട്. അവയെല്ലാം തിരുത്തപ്പെടണം.**

സംസ്ഥാന ഗവർണ്ണർ ഓരോ അഞ്ചു വർഷക്കാലത്തേക്കും സംസ്ഥാനത്തിൽ ഒരു ധനകാര്യ കമ്മീഷൻ സംഘടിപ്പിക്കണമെന്ന് ഭരണഘടനയിൽ അനുഛേദം 243 I നിഷ്കർഷിക്കുന്നു. കമ്മീഷൻ ശുപാർശ ചെയ്യേണ്ട കാര്യങ്ങൾ ഇതിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഇതൊരു ഭരണഘടനാ സ്ഥാപനമാണ്. നികുതി ധനസ്രോതസ്സുകളെപറ്റിയും ധനപരമായ മറ്റ് വിഷയങ്ങളെപറ്റിയും ഗൗരവതരമായ പഠനങ്ങൾ നടത്തി നിയമഭേദഗതികൾ വരുത്തുന്നതിനെപറ്റി, ഉൾപ്പടെയുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കാൻ അധികാരപ്പെട്ട ഉന്നതാധികാര കമ്മീഷനാണിത്. എന്നാൽ ധനകാര്യ കമ്മീഷനുകൾക്ക് ഈ വക കാര്യത്തിൽ കാര്യമായ നിയമോപദേശം ലഭിക്കുന്നില്ലായെന്ന് ശുപാർശകളിൽ നിന്ന് വ്യക്തമാകുന്നു. തൊഴിൽ നികുതിയുടെ കാര്യത്തിൽ അനുമാന നികുതി ആകാമെന്നും,

ഭാരത ഭരണഘടനയിലെ 92ൽ ഭേദഗതി ചെയ്യപ്പെട്ട 243H 243W എന്നീ അനുഛേദങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേക്ക് ധനം ഒഴുകി എത്തുന്നതിലേക്ക്, പരിധികൾക്ക് വിധേയമായി നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും അവരെ പ്രാപ്തരാക്കത്തക്കവിധം, സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തണമെന്ന് നിഷ്കർഷിക്കുന്നു. ഇതനുസരിച്ച് 1994ലെ പഞ്ചായത്ത് രാജ് നിയമത്തിൽ വകുപ്പ് 200 പ്രകാരം വസ്തു നികുതിയും തൊഴിൽ നികുതിയും പരസ്യ നികുതിയും വിനോദ നികുതിയും നിശ്ചയിക്കുവാനും പിരിക്കുവാനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകി വ്യവസ്ഥ ചെയ്തിരിക്കുന്നു.

സംസ്ഥാന ഗവർണ്ണർ ഓരോ അഞ്ചു വർഷക്കാലത്തേക്കും സംസ്ഥാനത്തിൽ ഒരു ധനകാര്യ കമ്മീഷൻ സംഘടിപ്പിക്കണമെന്ന് ഭരണഘടനയിൽ അനുഛേദം 243 I നിഷ്കർഷിക്കുന്നു. കമ്മീഷൻ ശുപാർശ ചെയ്യേണ്ട കാര്യങ്ങൾ ഇതിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഇതൊരു ഭരണഘടനാ സ്ഥാപനമാണ്. നികുതി ധനസ്രോതസ്സുകളെപറ്റിയും ധനപരമായ മറ്റ് വിഷയങ്ങളെപറ്റിയും ഗൗരവതരമായ പഠനങ്ങൾ നടത്തി നിയമഭേദഗതികൾ വരുത്തുന്നതിനെ പറ്റി, ഉൾപ്പടെയുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കാൻ അധികാരപ്പെട്ട ഉന്നതാധികാര കമ്മീഷനാണിത്.

ഡി.&ഒ റൂൾസിന്റെ സ്ഥാനത്ത് ട്രേഡ് റൂൾസ് ആകാമെന്നുമുള്ള ശുപാർശകൾ ഈ വക കാര്യത്തിൽ ശരിയായ നിയമോപദേശം ലഭ്യമായില്ല എന്നതിന് ഉദാഹരണമാണ്. ട്രേഡ് നടത്താൻ പൗരന് മൗലിക അവകാശമുണ്ട്. മതിയായ കാരണം പറയാതെ ട്രേഡ് ലൈസൻസ് ഏർപ്പെടുത്താൻ ആവില്ല. അതുപോലെ വരുമാനവും നികുതിയും കണക്കാക്കുക തന്നെ വേണം. അനുമാനിക്കാവുന്നതല്ല. ധനകാര്യ കമ്മീഷനാവശ്യമായ നിയമോപദേശം ലഭ്യമാക്കാൻ സംവിധാനം കമ്മീഷനിൽ തന്നെ ഉണ്ടായിരിക്കേണ്ടതാണ്.

1992ലെ 73-ും 74-ും ഭരണഘടനാഭേദഗതിയിലൂടെ അനുഛേദം 243G,W എന്നീ അനുഛേദങ്ങളിൽ പട്ടിക 11 പട്ടിക 12 എന്നിവയും അവതരിപ്പിച്ചിരിക്കുന്നു. ഈ പട്ടികകളെ പറ്റി മേൽപറഞ്ഞ അനുഛേദങ്ങളിൽ പറഞ്ഞിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

സംസ്ഥാന നിയമസഭ നിയമനിർമ്മാണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സാമ്പത്തിക ഉന്നമനത്തിനും സാമൂഹ്യ നീതിക്കും ഉതക്മാറ് സ്വയം ഭരണ സ്ഥാപനമായിവർത്തിക്കതക്കവിധം തൃണമൂലതലത്തിൽ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുന്നതിനും ആവശ്യമായ അധികാരങ്ങളും

ചുമതലകളും അത്തരം നിയമത്തിൽ പറയുന്ന കാര്യങ്ങളിൽ, 11-ാം/12-ാം പട്ടികയിൽ പറയുന്ന കാര്യങ്ങളിൽ ഉൾപ്പടെ ഭരമേൽപ്പിക്കേണ്ടതാണ്.

ഭരണഘടനയുടെ 11ും 12ും പട്ടികകൾ, 1994ലെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ആക്ടുകളിൽ ചേരും പടി ചേർത്തിട്ടുണ്ട്.

ഭരണഘടനാഭേദഗതികളിൽ വിഭാവനം ചെയ്ത തൃണമൂലതലത്തിലുള്ള പദ്ധതി രൂപീകരണവും നടപ്പാക്കലും സാഷാത്കരിക്കുക എന്നത് പ്രായേണ വളരെ ലളിതമായ ഒരു പ്രക്രിയ മാത്രമായിരുന്നു. പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ടുകളിൽ ഉത്തരവാദിത്വവും ചുമതലകളുമായി ചേർത്തിട്ടുള്ള, ഭരണഘടനയുടെ 11-ും 12-ും പട്ടികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉൾപ്പടെയുള്ള, വിഷയങ്ങളിൽ മുൻഗണനാക്രമം നിശ്ചയിച്ച് അവയിൽ പദ്ധതികളും പരിപാടികളും രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കും വിധം പദ്ധതി (രൂപീകരണവും നടപ്പാക്കലും) ചട്ടങ്ങൾ ഉണ്ടാക്കുക മാത്രമാണ് ചെയ്യേണ്ടതായിട്ടുണ്ടായിരുന്നത്. ഭരണഘടനാ ഭേദഗതികളും അതനുസരിച്ച് സംസ്ഥാന നിയമങ്ങളും പ്രാബല്യത്തിൽ വന്നിട്ട് രണ്ടു പതിറ്റാണ്ട് കഴിഞ്ഞിട്ടും കേരളത്തിൽ പദ്ധതി രൂപീകരണത്തിനും നടപ്പാക്കലിനും ഒഴിവാക്കാനാവാത്ത ചട്ടങ്ങൾ മാത്രം ഇതുവരെ ഉണ്ടായിട്ടില്ല. ഇത് മനപ്പൂർവ്വം ഒഴിവാക്കിയതാണോ അതോ അറിയാതെ വിട്ടുപോയതാണോ എന്ന് ആർക്കും അറിയില്ല. ഏതായാലും വികേന്ദ്രീകരണ ആസൂത്രണം വിഭാവനം ചെയ്ത രീതിയിൽ ചട്ടവട്ടങ്ങളോടെയും ആവശ്യമായ സംവിധാനങ്ങളോടും നടപ്പാക്കുന്നതിന് പകരം ഇവിടെ ആസൂത്രണം ജനകീയാസൂത്രണം എന്ന പേരിൽ ഒരു ഉത്സവ പകർച്ചയോടെ ആഘോഷിക്കപ്പെടുകയാണുണ്ടായത്. വകുപ്പിനോട് പ്രതിബദ്ധതയുള്ള ജീവനക്കാരേയും ഉദ്യോഗസ്ഥരേയും കമ്മിറ്റി മെമ്പർമാരേപോലും അകറ്റി നിർത്തി പൊതുജന പങ്കാളിത്തത്തിന്റെ പേരിൽ ഒരു ആൾ കൂട്ടത്തെതന്നെ ഈ ജോലി ഏൽപ്പിച്ചു. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 161 മുതൽ പദ്ധതി രൂപീകരിക്കാനും നടപ്പാക്കാനുമുള്ള യന്ത്രസംവിധാനം വേണ്ടവണ്ണം രൂപപ്പെടുത്തി വച്ചിരുന്നുവെങ്കിലും അവ ഒഴിവാക്കി, അനൗപചാരികമായി റിസോഴ്സ് പേഴ്സണേയും സന്നദ്ധഭടൻമാരേയുമാണ് പദ്ധതി രൂപീകരിക്കാൻ ഏൽപ്പിച്ചത്. വകുപ്പ് 163 അനുസരിച്ചുള്ള പഞ്ചായത്ത് മെമ്പർമാരും വിദഗ്ദ്ധനുമുൾപ്പെട്ട പ്രവർത്തന കമ്മിറ്റികളെ ഒഴിവാക്കി പദ്ധതി രൂപീകരണവും നടത്തിപ്പും വർക്കിംഗ് ഗ്രൂപ്പുകളെയാണ് ഏൽപ്പിച്ചത്. ഒരു പഞ്ചായത്തിൽ ഒരു ഡസ്സനിലേറെ അംഗങ്ങളുള്ള 20ഓളം വർക്കിംഗ് ഗ്രൂപ്പുകളാണ് ഓരോ പഞ്ചായത്തിലും ഉണ്ടായിരുന്നത്. പദ്ധതി രൂപീകരണത്തിനായി സെമിനാറുകളും വർക്ഷോപ്പുകളും, ബെനിഫിഷറീസ് മീറ്റിംങ്ങുകളും പിന്നെ സ്റ്റേക് ഹോൾഡേഴ്സ് സമ്മേളനങ്ങളും മുറയ്ക്ക് നടന്നു. ചട്ടങ്ങളൊന്നും ഉരുവായിട്ടില്ലെങ്കിലും സർക്കാർ ഉത്തരവുകളും സർക്കുലറുകളും ധാരാളം. ഒടുവിൽ പഞ്ചായത്ത് കമ്മിറ്റികൾക്ക് പദ്ധതികൾ പാസാക്കി എടുക്കാൻ സമയമായപ്പോൾ പാവം പഞ്ചായത്ത് ജീവനക്കാർ രാപ്പകൽ കുത്തിയിരുന്ന് പദ്ധതികൾ എഴുതി ഉണ്ടാക്കി ഡി.പി.സി.യുടെ അംഗീകാരം ഓടിച്ചിട്ട് വാങ്ങേണ്ടി വന്നു. ഇതിനെപറ്റിയാണ് അധികാരവികേന്ദ്രീകരണത്തെപറ്റിയുള്ള ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിൽ രണ്ടു ക്ലാർക്കുമാർ രണ്ടു ദിവസം കൊണ്ട് 125 പദ്ധതികൾ എഴുതി ഉണ്ടാക്കിയെന്ന് കമന്റ് പാസാക്കിയത്.

ശേഷം 25-ാം പേജിൽ

എം. എ. സുധീർബാബു

മണ്ണറിയാനും വിളവേറാനും മണ്ണുപരിശോധന

മണ്ണ് മഹാത്ഭുതമാണല്ലോ. മണ്ണിനെപ്പറ്റി ധാരാളം ഗവേഷണനിരീക്ഷണപഠനങ്ങൾ നടത്തിയുണ്ടെങ്കിലും ഇന്നും ഒരു അത്ഭുത–അസാധാരണ ഭൂവിഭവമാണ് "മണ്ണ്". മണ്ണിന്റെ വിസ്മയകരമായ സവിശേഷതകൾ ഏവർക്കും ഗൗരവും, കൗതുകവുമാണ്. മണ്ണ് (Soil) പലതരമുണ്ട്. കേരളത്തിൽ മൊത്തത്തിൽ അമ്ലത്വമേറിയ മണ്ണിനാണ് പ്രാമുഖ്യം. തീരദേശമണ്ണ് (Coastal Alluvium), പുഴയോരമണ്ണ് (Riverine Alluvium), തവിട്ടാർദ്രമണ്ണ് (Brown Hydromorphic Soil), കരിമണ്ണ്, വെട്ടുകൽമണ്ണ് (ലാറ്ററൈറ്റ്), ചെമ്മണ്ണ് (Red Soil), മലയോരമണ്ണ് (Hill Soil), കറുത്തപരുത്തിമണ്ണ് (Black Cotton Soil), വനമണ്ണ് (Forest Soil) എന്നിങ്ങനെയാണ് നമ്മുടെ മണ്ണിനങ്ങൾ. ഇവയുടെയെല്ലാം സവിശേഷതകൾ ഒത്തിരിയുണ്ട്. നമ്മുടെ മണ്ണിന്റെ ശരിയായ പോഷകനിലവാരം തിരിച്ചറിയാൻ ശാസ്ത്രീയമായ മണ്ണുപരിശോധന അല്ലെങ്കിൽ വിശദമായ വിശകലനം (Analysis) ആവശ്യമാണ്.

മണ്ണുപരിശോധനയ്ക്ക് സംസ്ഥാന മണ്ണുപര്യവേഷണസംരക്ഷണവകുപ്പിനും കൃഷിവകുപ്പിനും കീഴിൽ നിരവധി ലാബുകൾ, സഞ്ചരിക്കുന്ന പരിശോധനാകേന്ദ്രങ്ങൾ, ഹൈടെക് ലാബ് എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാന മണ്ണുപര്യവേഷണസംരക്ഷണവകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് "സെൻട്രൽ സോയിൽ അനലറ്റിക്കൽ ലാബ്" (കേന്ദ്രമണ്ണ് സമഗ്രവിശകലന ലാബ്) കോഴിക്കോട്, ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽ റീജിയണൽ മണ്ണുവിശകലന ലാബുകൾ, കാസർഗോഡും പത്തനംതിട്ടയിലും "സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ" വയനാട്ടിൽ "ഹൈടെക് സോയിൽ അനലറ്റിക്കൽ ലാബ്" എന്നിവയുമുണ്ട്. സംസ്ഥാന കൃഷി വകുപ്പിലും മണ്ണുപരിശോധന ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. റബ്ബർ ബോർഡിലും പരിശോധനലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

“മണ്ണറിഞ്ഞ് വളം ചെയ്താൽ, കിണ്ണം നിറയെ ചോറു ണ്ണാം” എന്ന പഴഞ്ചൊല്ല് ഏറെ അർത്ഥമുള്ളതാണ്. ശരി യായി മണ്ണിനെ മനസ്സിലാക്കാതെ വളം വാരിക്കോരി വിതറി യിട്ടു കാര്യമില്ല. അനാവശ്യസാമ്പത്തിക ചെലവ് വരുത്തി വയ്ക്കുന്നതിനുപുറമെ നമ്മുടെ മണ്ണിനും കേടാണിത്. ഇവി ടെയാണ് ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ പ്രസക്തി കടന്നുവരുന്നത്.

സംസ്ഥാന മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പ് മണ്ണു പരിശോധിച്ച് “മണ്ണാരോഗ്യകാർഡുകൾ” (സോയിൽ ഹെൽത്ത് കാർഡുകൾ) വിതരണം ചെയ്യുന്നുണ്ട്. ഇത് ഏറെ ജനകീയമായ പരിപാടിയായി മുന്നേറുകയാണ്

“സോയിൽ ഹെൽത്ത് കാർഡുകൾ” കർഷകർക്ക് ഗുണ കരമായ സംഗതിയാണ്. ഓരോ കർഷകനും അവരവരുടെ പറമ്പിന്റെ അഥവാ കൃഷിയിടത്തിലെ മണ്ണിന്റെ ആരോഗ്യ നില/പോഷകനിലവാരം തിരിച്ചറിയാനും അപാകതകൾ പരി ഹരിച്ച് കൃഷിയിൽ നിന്ന് വർദ്ധിച്ച വിളവും വരുമാനവും ഉറ പ്പാക്കാനും സഹായകരമാണിത്.

മണ്ണിലെ പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസിയം (എൻ.പി.കെ) എന്നിവയും ദ്വിതിയ മൂലകങ്ങൾ, സൂക്ഷ്മ മൂലകൾ എന്നിവയുടെ തോത്, ചേർക്കേണ്ട രാസ വളം, ജൈവവളം ഇവയുടെ തോത്, ചെയ്യേണ്ട വിളവിന്യാസം എന്നീ കാര്യങ്ങൾക്കുപുറമെ മണ്ണിന്റെ അമ്ല-ക്ഷാര നില (പി.എച്ച്) മണ്ണിന്റെ ധനായണവിനിമയശേഷി (C.E.C) വിദ്യു ത്ചാലകത എന്നിവയും ലഭിക്കുന്നു.

മണ്ണുപരിശോധന ഒരു ശീലമാക്കാൻ ഗ്രാമതലത്തിൽ ഊർജ്ജിതമായ കാമ്പയിൻ നടത്തണം. “എന്റെ മണ്ണ്” എന്ന പേരിൽ ഒരു പഞ്ചായത്തിലെ എല്ലാ വീട്ടിൽ നിന്നും മണ്ണു സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് “സോയിൽ ഹെൽത്ത് കാർഡുകൾ” നൽകിയാൽ നല്ലതായിരിക്കും. കൃഷിയുടെ അടിസ്ഥാനം മണ്ണാണ്, എന്ന തിരിച്ചറിവ് എല്ലാതലങ്ങളിലും ബോധ്യമായാൽ കാർഷികോത്പ്പാദനത്തിൽ വലിയ കുതി ച്ചു ചാട്ടം ഉറപ്പാണ്.

സോയിൽ ഹെൽത്ത് കാർഡുകൾക്കാവശ്യമായ മണ്ണുസാ മ്പിൾ, ഗ്രാമതലത്തിൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലോ അല്ലെങ്കിൽ മണ്ണ് സാമ്പിൾ ശേഖരിക്കാൻ പരിശീലനം നേടിയ കർഷകർ, കുടുംബശ്രീയംഗങ്ങൾ, സ്വയംസഹായ സംഘങ്ങൾ എന്നിവർ വഴിയോ ശേഖരിക്കാം.

മണ്ണിന്റെ ഫലപുഷ്ടി മനസ്സിലാക്കുന്നതിനുള്ള എളുപ്പ വഴിയാണ് “മണ്ണുപരിശോധന”. സസ്യവളർച്ചയ്ക്കാവശ്യമായ മൂലകങ്ങൾ എല്ലാം മതിയായ അളവിലുണ്ടോയെന്നറിയാനും, അവയെല്ലാം തന്നെ ചെടികൾക്ക് ലഭ്യമാകുന്ന രൂപത്തി ലാണോയെന്നറിയാനും ഇതുവഴി സാധിക്കും.

“മണ്ണറിഞ്ഞ് വളം ചെയ്താൽ, കിണ്ണം നിറയെ ചോറുണ്ണാം” എന്ന പഴഞ്ചൊല്ല് ഏറെ അർത്ഥമുള്ളതാണ്. ശരിയായി മണ്ണിനെ മനസ്സിലാക്കാതെ വളം വാരിക്കോരി വിതറിയിട്ടു കാര്യമില്ല. അനാവശ്യസാമ്പത്തിക ചെലവ് വരുത്തി വയ്ക്കുന്നതിനുപുറമെ നമ്മുടെ മണ്ണിനും കേടാണിത്. ഇവിടെയാണ് ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ പ്രസക്തി കടന്നുവരുന്നത്.

മണ്ണുപരിശോധന ഒരു ശീലമാക്കാൻ ഗ്രാമതലത്തിൽ ഊർജ്ജിതമായ കാമ്പ യിൻ നടത്തണം. "എന്റെ മണ്ണ്" എന്ന പേരിൽ ഒരു പഞ്ചായത്തിലെ എല്ലാ വീട്ടിൽ നിന്നും മണ്ണുസാമ്പിൾ ശേഖരിച്ച് പരിശോധിച്ച് "സോയിൽ ഹെൽത്ത് കാർഡുകൾ" നൽകിയാൽ നല്ലതായിരി ക്കും. കൃഷിയുടെ അടിസ്ഥാനം മണ്ണാ ണ്, എന്ന തിരിച്ചറിവ് എല്ലാതലങ്ങളിലും ബോധ്യമായാൽ കാർഷികോത്പാദന ത്തിൽ വലിയ കുതിച്ചു ചാട്ടം ഉറപ്പാണ്.

കൃഷിയിറക്കുമ്പോൾ വിളകൾ മണ്ണിൽ നിന്ന് വലിച്ചെടുക്കുന്ന മൂലകങ്ങളുടെ തോത് വലുതാണല്ലോ. മാത്രമല്ല, ഓരോമൂലകങ്ങളും വ്യത്യസ്തമായ തോതിലാണ് ചെടി കൾക്കാവശ്യം വരിക. ഇത്തരത്തിൽ പലപ്രാവശ്യം കൃഷിയിറക്കുകയും തിരിച്ച് മണ്ണി ലേക്ക് ഒന്നും നൽകാതിരിക്കുകയും ചെയ്താൽ വിളവ് ഗണ്യമായി കുറയും.

മണ്ണ് പരിശോധനക്കായി സാമ്പിൾ ശേഖരിക്കുന്നതിന് ചില കാര്യങ്ങൾ പറയാം.

നിരപ്പായി കിടക്കുന്ന സ്ഥലമാണെങ്കിൽ ഏക്കറിന് ഒന്ന് എന്ന കണക്കിൽ സാമ്പിൾ മതിയാവും. എന്നാൽ ചെരിവുള്ള പ്രദേശങ്ങളിൽ അതിനനുസരിച്ച് 10–12 സാമ്പിൾ എടുത്ത് കൂട്ടിക്കലർത്തി പലപ്രാവശ്യം നാലായിതിരിച്ച് അവസാനം അരകിലോ സാമ്പിൾ മാത്രം ശേഖരിച്ച് പരിശോധനയ്ക്കയക്കണം.

സാമ്പിൾ ശേഖരിക്കുന്ന ഭാഗം വൃത്തിയാക്കിയിടണം. സാമ്പിൾ ശേഖരിക്കുമ്പോൾ ചെടികളുടെ ചുവട്ടിൽ നിന്നും 15–20 സെ.മീറ്റർ (അരയടിയോ ഒരടിയോ) വിട്ടാണ് മണ്ണെടുക്കേണ്ടത്. വലിയ സസ്യങ്ങളായ വാഴ, തെങ്ങ് എന്നിവയുടെ തടത്തിന്റെ പുറ ത്തുനിന്നാണ് മണ്ണെടുക്കേണ്ടത്. വാഴയ്ക്ക് ഏകദേശം എഴുപത്തഞ്ച് സെ.മീറ്റർ (രണ്ട ടി) അകലെനിന്നും, തെങ്ങിന് രണ്ട് മീറ്റർ (ആറടി) അകലെ നിന്നുമാണ് സാമ്പിൾ ശേഖരിക്കേണ്ടത്. വരികളിൽ നടുന്നവയുടെ വരികൾക്കിടയിൽ നിന്നാണ് മണ്ണെടുക്കേ ണ്ടത്. സാധാരണയായി വിളവിറക്കുന്നതിന് മുമ്പും വിളവെടുപ്പിന് ശേഷവും സാമ്പിൾ എടുക്കാറുണ്ട്. എന്നാൽ, ഈയ്യിടെ വളം ചേർത്ത ഭാഗത്തുനിന്നും വളക്കുഴികൾ (ചാ ണകക്കുഴി) കമ്പോസ്റ്റ് കുഴികൾ, വലിയ വേരുള്ള ഭാഗം, ചതുപ്പ് ഭാഗങ്ങൾ എന്നിവി ടങ്ങളിൽ നിന്ന് മണ്ണ് സാമ്പിൾ ശേഖരിക്കാൻ പാടില്ല.

മണ്ണിന്റെ ഉപരിതലത്തിലെ കളകൾ, കല്ലുകൾ ഇവ നീക്കി വൃത്തിയാക്കിയതിന് ശേഷം മൺവെട്ടിയുപയോഗിച്ച് 15 മുതൽ 20 സെ.മീറ്റർ ആഴത്തിൽ "V" ആകൃതിയിൽ കുഴിയെടുക്കുക. ഇതിന്റെ മേൽഭാഗത്തെ മണ്ണ് നീക്കി 2 വശങ്ങളിൽ നിന്നും മണ്ണ് കോരി ശേഖരിക്കണം. പല ഭാഗങ്ങളിൽ നിന്ന് ഇങ്ങനെ ശേഖരിച്ച മണ്ണ് വൃത്തിയുള്ള പേപ്പറിലോ ഷീറ്റിലോ പരത്തിയിട്ട് 4 ഭാഗങ്ങളാക്കണം. ഇതിന്റെ കോണോടുകോണാ യിവരുന്ന 2 ഭാഗങ്ങൾ നീക്കിയിടണം. ബാക്കി വരുന്ന മണ്ണ് വീണ്ടും നാലാക്കിയിട്ട് എതിർഭാഗം രണ്ടും നീക്കിയിടണം. ഇങ്ങനെ അരകിലോഗ്രാം സാമ്പിൾ മാത്രം ശേഖ രിക്കണം. ഇത്, തണലിൽ ഉണക്കിയശേഷം വൃത്തിയുള്ള തുണിസഞ്ചിയിലോ, പോളി ത്തീൻ കൂടയിലോ നിറച്ച് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള പേപ്പർ സഹിതം പരിശോധനാകേന്ദ്രത്തിൽ എത്തിക്കണം. കർഷകന്റെ പേര്, വിലാസം, കൃഷി, ഭൂമി യുടെ വിസ്തൃതി, സ്ഥലത്തിന്റെ സർവ്വെ നമ്പർ, ഇപ്പോൾ കൃഷിയിറക്കി വരുന്ന വിളകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവയടങ്ങിയ കുറിപ്പാണ് സാമ്പിൾക്കൊണ്ടുപോവുമ്പോൾ വെയ്ക്കേണ്ടത്. മണ്ണിനെ പുച്ഛിച്ച് തള്ളരുത്, മണ്ണാണ് 'ഭക്ഷ്യസുരക്ഷയുടെ അക്ഷയ പാത്രം" എന്ന് നാം തിരിച്ചറിയാൻ വൈകികൂടാ. മണ്ണിനെപ്പറ്റി അറിയാനും വിളവ് കൂട്ടി കർഷകന്റെ മടിശ്ശീല നിറയ്ക്കാനും മണ്ണുപരിശോധന ശീലമാക്കുക. ■

ലേഖകൻ തൃശ്ശൂർ സോയിൽ സർവ്വെ ഓഫീസറാണ്.

പുതുപ്പാടി ഗ്രാമപഞ്ചായത്ത്

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ഈങ്ങാപ്പുഴ അംഗൻവാടിക്ക് അനുവദിച്ച കളി ഊഞ്ഞാലിന്റെ ഉദ്ഘാടനം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കാരാട്ട് അബ്ദു റസാഖ് നിർവ്വഹിച്ചു. ചടങ്ങിൽ പുതുപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിശകുട്ടി സുൽത്താൻ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ സി.എ മുഹമ്മദ് പദ്ധതി വിശദീകരിച്ചു. ബ്ലോക്ക് മെമ്പർമാരായ റീന ടീച്ചർ, സുബൈദ നജീബ്, സ്ഥിരം സമിതി ചെയർമാന്മാരായ സഫീറ ജബ്ബാർ, റംല റസാഖ്, ഗ്രാമപഞ്ചായത്ത് മെമ്പർ നഫീസ ജമാൽ, പി.യു ദേവി, സിയടി വർഗ്ഗീസ് മാസ്റ്റർ, ഇബ്രഹീം എളേറ്റിൽ, അഹ്മദ് ബിച്ചി, വി.എ സരോജിനി എന്നിവർ പ്രസംഗിച്ചു.

ഇന്നലെകളുടെ പ്രതിഭകൾക്ക് ആദരം

മാനന്തവാടി ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ വയോജനങ്ങൾക്കായി ആരംഭിച്ച വയോമിത്രം പദ്ധതി ഒരു നാടിന് തന്നെ അഭിമാനമായി. നാടിന്റെ വികസനത്തിനും പുന:സൃഷ്ടിക്കും ജീവിതം സമർപ്പിക്കപ്പെട്ട വാർഡിലെ മുഴുവൻ വയോജനങ്ങളെയും വിശദമായ സർവ്വെയിലൂടെ കണ്ടെത്തുകയും വയോമിത്രം എന്ന പേരിട്ട ഊർജിത പദ്ധതിയുടെ കീഴിൽ രണ്ടുമാസം കൂടുമ്പോൾ വിശദമായ ആയുർവേദ ക്യാമ്പും മരുന്ന് വിതരണം-മാസത്തിൽ പ്രഷർ-ഷുഗർ പരിശോധനകൾ വയോജനങ്ങൾക്ക് സാമ്പത്തിക വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി 10 പേർ അടങ്ങിയ ഗ്രൂപ്പിന് കാർഷിക നേഴ്സറി നിർമ്മാണം- അവശരായവർക്ക് വാക്കർ, കസേരകൾ, തുടങ്ങിയവ ഉൾപ്പെടുത്തി ആരംഭിച്ച

വയോമിത്രം പദ്ധതി മാനന്തവാടി സബ്കളക്ടർ ഹരികിഷോർ ഉൽഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ: ഗ്ലാഡീസ് ചെറിയാൻ അദ്ധ്യക്ഷയായിരുന്നു. കത്രീഡ്രൽ പള്ളി വികാരി ജോർജ് മൈലാടൂർ, വിവിധ സംഘടനാ പ്രതിനിധികളെ പ്രതിനിധീകരിച്ച് സിമൽ. സി.വി., തുളസി, ഷിബു കോക്കണ്ടത്തിൽ, സ്റ്റീഫൻ.കെ., കെ.രാജൻ., സിസ്റ്റർ മരിയ., ടി.ടി.ഐ പ്രിൻസിപ്പൾ എൻ.വി വിൻസെന്റ് എന്നിവർ ആശംസകൾ നേർന്നു. ഈ പ്രവർത്തനങ്ങൾക്ക് വാർഡ്മെമ്പറും പഞ്ചായത്ത് വൈസ്പ്രസിഡന്റുമായ പി.വി ജോർജും ആയുർവേദ മെഡിക്കൽ ക്യാമ്പിന് ഡോക്ടർ കെ. സുധിഷും നേതൃത്വം നൽകി. ■

പ:ന്യൂ:സർവ്വീസ്

ത്തുകളിലൂടെ

കൂൺഗ്രാമത്തിലേക്കൊരു ചുവട്‌വയ്പ്പ്

ഭക്ഷ്യസുരക്ഷയെ സംബന്ധിച്ചും വിലക്കയറ്റത്തെ കുറിച്ചും രാസ കീടനാശിനി ഉപയോഗിച്ചുള്ള കാർഷിക ഉൽപ്പന്നങ്ങളെപ്പറ്റിയും ചർച്ചകൾ ഉയർന്നു കേൾക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പച്ചക്കറിയും മുട്ടയും ഇറച്ചിയുമെല്ലാം അയൽസംസ്ഥാനങ്ങളിൽ നിന്ന് വന്നില്ലെങ്കിൽ മലയാളിയുടെ തീൻമേശകൾ ഉണരില്ല. എല്ലാം കമ്പോളങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്ന ശീലത്തിലേക്ക് നാം മാറിയിട്ട് കാലങ്ങളായി. പുരയിട കൃഷിയും തനത്ഉൽപ്പന്നങ്ങളും നമ്മുടെ അടുക്കളയും സജീവമാക്കുകയും രുചിയിൽ ആസ്വാദ്യത നിറക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് കൃത്രിമ ഭക്ഷണങ്ങളുടെ രുചിബോധത്തിലേക്ക് മലയാളിയെ മാറ്റിതീർക്കുന്നതിൽ കമ്പോള സംസ്കാരം വിജയിച്ചിരിക്കുന്നു. വിറ്റഴിക്കപ്പെടുന്നതെല്ലാം വാങ്ങി ഭക്ഷിക്കാൻ മാത്രമറിയുന്ന ഒരു ആൾക്കൂട്ടത്തിലേക്കുള്ള പരിണാമം അപകടകരമാണ്. മനുഷ്യ സ്നേഹത്തിലും കൂട്ടായ്മയിലും അധിഷ്ഠിതമായ കാർഷിക സംസ്കാരം നമുക്ക് അന്യമായിരിക്കുന്നു. രോഗാതുരമായ അവസ്ഥയിലേക്ക് നാം എടുത്തെറിയപ്പെടുന്നു. എന്ത് ഭക്ഷിക്കണം, എങ്ങനെ ജീവിക്കണം എന്ന് മറ്റാരുടെയെങ്കിലും ചിന്തക്കനുസരിച്ച് മാറിയ നമ്മുടെ അവസ്ഥ ഒട്ടും ഗുണപരമല്ല.

കൂൺ ഒരു ബദൽ

പോഷക പ്രാധാന്യവും ആരോഗ്യദായകവുമായ മെച്ചപ്പെട്ട ആഹാര പദാർത്ഥമാണ് കൂൺ. ഇവ വിവധതരമുണ്ട്. ഭക്ഷണത്തിന് അനുയോജ്യമായവയും അല്ലാത്തവയും. ചിപ്പിക്കൂണും, പാൽക്കൂണുമാണ് ഭക്ഷണത്തിന് ഉപയോഗിക്കേണ്ടതിൽ പ്രധാനപ്പെട്ടവ. ഇടിവെട്ടുമ്പോൾ പണ്ടുകാലത്ത് പറമ്പുകളിൽ പൊട്ടിമുളച്ച കൂണുകൾ ശേഖരിച്ച് സ്വാദിഷ്ടമായ കറികൾ ഉണ്ടാക്കിയിരുന്ന ശീലം നമുക്കുണ്ടായിരുന്നു. പൊള്ളുന്ന വില കൊടുത്ത് പച്ചക്കറിയും മത്സ്യവും മാംസവും മുട്ടയും വാങ്ങുന്ന നാം മാരകമായ രോഗങ്ങളെക്കൂടി വാങ്ങുകയാണ്. കീടനാശിനികളുടേയും രാസപദാർത്ഥങ്ങളുടേയും ഹോർമോണുകളുടേയും അമിത ഉപയോഗം മൂലം നമ്മുടെ ആരോഗ്യം ക്ഷയിച്ചുവരികയും സ്വകാര്യ ആശുപത്രികൾ വൃദ്ധിനേടുകയും ചെയ്യുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ എണ്ണി കൊടുക്കുന്ന പണത്തിന്റെ അളവിനെക്കുറിച്ച് ഇനിയും ഒരു ബോധം വേണ്ടവണ്ണം വന്നിട്ടില്ല. ഭക്ഷണരീതികളെക്കുറിച്ച് തികഞ്ഞ അവബോധം ഉണ്ടാക്കേണ്ടതുണ്ട്. സൃഷ്ടിക്കപ്പെട്ട രുചിബോധങ്ങൾ മാറി ശരീരത്തിന്റെ വളർച്ചക്കും ഊർജ്ജസമ്പാദനത്തിനും ഹേതുവാകുന്ന ഭക്ഷണം കഴിക്കുക എന്ന രീതിയിലേക്ക് മാറേണ്ടതുണ്ട്. ഇതിന് കമ്പോള സംസ്കാരം പെട്ടന്ന് നമ്മെ അനുവദിച്ചുതന്നെന്നു വരില്ല.

മണ്ണോ വളമോ സൂര്യപ്രകാശമോ ആവശ്യമില്ലാത്ത ഒരു കൃഷിയാണ് കൂൺകൃഷി. വൈക്കോൽ പോലുള്ള മാധ്യമങ്ങളിൽ വികസിപ്പിച്ചെടുക്കുന്ന ഒരു ഫംഗസാണ് മഷ്റൂം. എല്ലാ വീടുകളിലും അത്യാവിശ്യത്തിന് ഉണ്ടാക്കിയെടുക്കാവുന്നതും വരുമാനമാഗ്രഗിക്കുന്നവർക്ക് വിപണനബോധത്തോടെ ശാസ്ത്രീയമായി കൃഷി ചെയ്യാവുന്നതുമാണ് കൂൺ. വളരുന്ന കുട്ടികൾക്ക് പ്രോട്ടീൻകുറവ് പരിഹരിക്കാനും ബുദ്ധിവികാസത്തിനും അത്യുത്തമം എന്ന് മെഡിക്കൽ സയൻസ് പറയുന്ന ഈ ഉൽപ്പന്നം കൊഴുപ്പില്ലാത്ത പ്രോട്ടീനിന്റെ കൂടെ കൊഴുപ്പ് കുടി നാം അകത്താക്കുകയാണ്. പ്രമേഹ രോഗികൾക്കും ഹൃദയ സംബന്ധമായ അസുഖമുള്ളവർക്കും ഉപയോഗിക്കാൻ കഴിയുന്ന കൂൺ പച്ചക്കറികളുടേയും മത്സ്യമാംസാദികളുടേയും ഒന്നിച്ചുള്ള ഫലം തരുന്നു.

ഈ തിരിച്ചറിവുകളാണ് പെരുമണ്ണ ഗ്രാമപഞ്ചായത്തിനെ കൂൺഗ്രാമമാക്കാനുള്ള ഉദ്യമത്തിലേക്ക് നയിച്ചത്. ഇതിന്റെ ഭാഗമായി 2009-2010 ൽ 3.5 ലക്ഷം രൂപ നീക്കി വച്ച് പെരുമൺപുറ വനിതാവ്യവസായ കേന്ദ്രത്തിൽ IRTC യുടെ നേതൃത്വത്തിൽ കൂൺ വിത്തുൽപ്പാദന ലബോറട്ടറി സ്ഥാപിച്ചു. കോഴിക്കോട് ജില്ലയിലെ തന്നെ ഏക കൂൺ വിത്തുൽപ്പാദന കേന്ദ്രമാണ് പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ പെരുമൺപുറയിൽ ഉള്ളത്. കോഴിക്കോട് ജില്ലയിലെ മുഴുവൻ കൂൺ കർഷകർക്കും ആവശ്യമായ വിത്തുകൾ ഇവിടെ നിന്നും ലഭ്യമാകുന്നു. 100 ഗ്രാം വിത്തിന്റെ വില 35 രൂപയാണ്. 200 ഗ്രാം കൂൺ 45 രൂപക്ക് നൽകപ്പെടുന്നു. ഒരേ സമയം വളരെ പേർക്ക് വരുമാനദായകമായ തൊഴിലിൽ ഏർപ്പെടാൻ കഴിയുന്ന ഉൽപ്പാദന മേഖലയിലെ ഒരു സമഗ്ര പദ്ധതിയാണ് ഇത്. ഇതിന്റെ നടത്തിപ്പ് ചുമതല സ്കിൽ ഡവലപ്പ്മെന്റ് സെന്ററിനാണ്. ■

രാജീവ് പെരുമൺപുറ, വാർഡ് മെമ്പർ, പെരുമണ്ണ ഗ്രാമഞ്ചായത്ത്

പി.കെ. രാജഗോപാൽ – അഷ്ടമുടി

സ്ത്രീകളും ശാക്തീകരണവും

ഇന്ത്യൻ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീ സമൂഹത്തിനു ഭരണഘടനാ പ്രകാരം ലിംഗ സമത്വവും ലിംഗ നീതിയും ചൂഷണങ്ങളിൽ നിന്നുമുള്ള സംരക്ഷണവും ഉറപ്പുനൽകിയിട്ടുണ്ട്. എന്നാൽ സ്ത്രീകളുടെ അവകാശങ്ങൾ വ്യാപകമായി ലംഘിക്കപെടുന്നു എന്നകാര്യം ഒരു യാഥാർത്ഥ്യം ആയി ഇന്നും നിലനിൽക്കുന്നു. സ്ത്രീ ശാക്തീകരണം യാഥാർത്ഥ്യം ആകണമെങ്കിൽ മനുഷ്യാവകാശങ്ങൾ പൂർണമായി സംരക്ഷിക്കണം ഐക്യരാഷ്ട്ര സംഘടന ജനറൽ അസംബ്ലി 1948 ഡിസംബർ 10 നു അംഗീകരിച്ചു നടപ്പിൽ വരുത്തിയ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ പൂർണമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനു ഇന്ത്യയിൽ നിരവധി കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഭരണ ഘടനയിൽ സ്ത്രീശാക്തീകരണത്തിനായി നിരവധി വകുപ്പുകൾ നിലനിൽക്കുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തിനായി മാത്രം ഭേദഗതികളും നിലവിലുണ്ട് ഭരണഘടനയുടെ ആമുഖത്തിലും മൗലീകാവകാശങ്ങളിലും, മാർഗനിർദേശക തത്വങ്ങളിലും മൗലീക കടമകളിലും ഒക്കെ ലിംഗ സമത്വം ഉറപ്പു വരുത്തിയിട്ടുണ്ട്. ഭരണഘടനാ സ്ത്രീ സമത്വം മാത്രമല്ല ഉറപ്പാക്കിയിട്ടുള്ളത് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വേണ്ട അധികാരങ്ങളും നൽകിയിട്ടുണ്ട്. രാജ്യത്തു നടപ്പിൽ വരുത്തിയിട്ടുള്ള വിവിധ പഞ്ചവത്സര പദ്ധതികളൊക്കെ സ്ത്രീ ശാക്തീകരണത്തിനു സഹായകരമായിട്ടുണ്ട്. സമൂഹത്തിൽ നിൽനിൽക്കുന്ന അനീതികൾക്കെതിരെ പോരാടാനും സാമൂഹ്യനീതി ഉറപ്പാക്കാനും സ്ത്രീകൾ എന്നും മുന്നിൽ തന്നെയുണ്ട്.

ഒരു സമൂഹം ജനാധിപത്യവും രാഷ്ട്രം സാമൂഹ്യനീതിയിൽ അധിഷ്ഠിതവും ആകണമെങ്കിൽ സ്ത്രീ ശാക്തീകരണം പൂർണമായും ഉറപ്പാക്കേണ്ടത് തന്നെ ആണ്. വികേന്ദ്രീകൃത ആസൂത്രണവും പുത്തൻ വികസന നയങ്ങളുമൊക്കെ സ്ത്രീ ശാക്തീകരണം ലക്ഷ്യം വച്ചിട്ടുള്ളതാണ്. രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ ആശയങ്ങൾ സ്ത്രീ ശാക്തീകരണത്തിനു സഹായകരമാണ് ഗാന്ധിജി പറഞ്ഞ പോലെ ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് തന്നെ ഗ്രാമങ്ങളിലാണ്. രാഷ്ട്രവികസനം പൂർണമാകണമെങ്കിൽ ഗ്രാമവികസനം കൂടിയേ തീരൂ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒന്നാണ് അധികാര വികേന്ദ്രീകരണത്തിനായുള്ള ഭേദഗതികൾ. പഞ്ചായത്ത് രാജ് നഗരപാലിക നിയമം രാജ്യത്തു നടപ്പിൽ വരുത്തിയത് തന്നെ സ്ത്രീ ശാക്തീകരണംലക്ഷ്യമാക്കിയാണ്. സ്ത്രീ പ്രാതിനിധ്യം ഗ്രാമതല സമിതികളിൽ നടപ്പിൽ വരുത്തിയത് സ്ത്രീ ശാക്തീകരണം എന്നാശയം ഉൾക്കൊണ്ട് തന്നെയാണ്. മുപ്പത്തിമൂന്നിൽ തുടങ്ങിയ സ്ത്രീ സംവരണം ഇന്ന് നേർപകുതിയിലെത്തി നിൽക്കുന്നു. പുരുഷ മേധാവിത്യം ഇന്നും പല മേഖലകളിലും നിലനിൽക്കുന്നു. സ്ത്രീകൾക്ക് ജനസംഖ്യ അനുപാതത്തിൽ ഭരണ നയരൂപീകരണ മേഖലകളിൽ പ്രാധിനിധ്യം നൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഇന്ത്യൻ ഭരണഘടന സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാസ്കാരിക മേഖലകളിൽ തുല്യമായ അവകാശം ഉറപ്പാക്കുന്നു (Article 325) സ്ത്രികളുടെ മൗലീകമായ ജനാധിപത്യ സ്വാതന്ത്ര്യവും മനുഷ്യാവകാശ സംരക്ഷണവും ഉറപ്പാക്കാനും ലിംഗ സമത്വവും ലിംഗ നീതിയും ഉറപ്പാക്കാനും ആവശ്യമായ നിയമനിർമ്മാണത്തിനും ഈ വകുപ്പ് പ്രകാരം രാഷ്ട്രത്തിനു അധികാരമുണ്ട്. സ്ത്രീകൾക്ക് വോട്ടവകാശം നൽകിയ ആദ്യ ജനാധിപത്യ രാഷ്ട്രങ്ങളിൽ ഒന്നായ ഭാരതത്തിൽ സ്ത്രീ പ്രാതിനിധ്യം ഭരണസിരാ കേന്ദ്രങ്ങളിൽ ഉറപ്പാക്കാൻ കഴിയാതെ പോയത് തികച്ചും, ദൗർഭാഗ്യമായി വേണം കരുതാൻ. 1992 ലെ 73,74 ഭേദഗതി പ്രകാരം, ഇന്ത്യയുടെ ആത്മാവ് കുടിക്കൊള്ളുന്ന ഗ്രാമതല സർക്കാരുകളിൽ സ്ത്രീ പ്രാധിനിധ്യം ഉറപ്പാക്കാൻ നമുക്ക് സാധിച്ചു. ഭരണ നയരൂപീകരണ മേഖലകളിൽ സ്ത്രീകൾ ബഹുദൂരം മുന്നോട്ടു പോയി കഴിഞ്ഞു. 33% സ്ത്രീ സംവരണം ഉറപ്പാക്കിയ ഈ ഭേദഗതികളും സ്ത്രീ ശാക്തീകരണ ചരിത്രത്തിലെ നാഴികക്കല്ലായി നമുക്ക് വിശേഷിപ്പിക്കാം. 2009 ലെ ഭേദഗതി പ്രകാരം സ്ത്രീ പ്രാധിനിധ്യം 50 ശതമാനമായി ഉയർത്താൻ നമുക്ക് സാധിച്ചു ഗ്രാമതലങ്ങളിൽ സ്ത്രീകൾ തങ്ങളുടെ ഭരണ നൈപുണ്യം ഇതിനോടകം തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതോടെ ഗ്രാമതലങ്ങളിൽ വനിതാ പ്രാധിനിധ്യം 14 ലക്ഷത്തോളമായി ഉയരുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഇന്ത്യയിൽ നിയമ നിർമ്മാണ സഭകളിലേക്കുള്ള വനിതാ സംവരണം സംബന്ധിച്ച് അനിശ്ചിതത്വം ഇതുവരെ മാറ്റാൻ നമുക്കായിട്ടില്ല. 1996 ൽ അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ദേവ ഗൗഡ എൺപത്തി ഒന്നാം ഭരണഘടനാ ഭേദഗതിയിലൂടെ സ്ത്രീ സംവരണ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ വലിയ പ്രതീക്ഷയായിരുന്നു നമുക്ക്. എന്നാൽ രാഷ്ട്രീയ അസ്ഥിരത നിലനിൽക്കുന്ന സാഹചര്യമായതിനാൽ ആ പ്രതീക്ഷ സാക്ഷാൽക്കരിക്കുവാൻ നമുക്കായില്ല. 1998ലെ എൺപത്തിനാലാം ഭേദഗതികളും രാഷ്ട്രീയ അനിശ്ചിതത്വം മൂലം പാസാക്കാൻ സാധിച്ചില്ല. അടൽ ബിഹാരി വാജ്പയി തന്റെ രണ്ടാമൂഴത്തിലും വനിതാ സംവരണ ബിൽ അവതരിപ്പിച്ചു എങ്കിലും പ്രയോജനമുണ്ടായില്ല. രണ്ടു തവണ കൂടി വാജ്പയി സർക്കാർ ശ്രമം നടത്തിയെങ്കിലും വിജയിക്കാനായില്ല. പിന്നീട് വന്ന യു പി എ സർക്കാർ ഈ ബിൽ അവതരിപ്പിച്ചപ്പോൾ പ്രതിഷേധം ശക്തമായിരുന്നു. എങ്കിലും 2010 മാർച്ച് 9, നു ബിൽ രാജ്യസഭ പാസാക്കി. പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക സംവരണം വേണം എന്ന നിലപാടുകൾ ചില

ഇന്ത്യൻ ഭരണഘടന സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാസ്കാരിക മേഖലകളിൽ തുല്യമായ അവകാശം ഉറപ്പാക്കുന്നു (Article 325) സ്ത്രികളുടെ മൗലീകമായ ജനാധിപത്യ സ്വാതന്ത്ര്യവും മനുഷ്യാവകാശ സംരക്ഷണവും ഉറപ്പാക്കാനും ലിംഗ സമത്വവും ലിംഗ നീതിയും ഉറപ്പാക്കാനും ആവശ്യമായ നിയമനിർമ്മാണത്തിനും ഈ വകുപ്പ് പ്രകാരം രാഷ്ട്രത്തിനു അധികാരമുണ്ട്.

ഇന്ത്യയിൽ നിയമ നിർമ്മാണ സഭകളിലേക്കുള്ള വനിതാ സംവരണം സംബന്ധിച്ച് അനിശ്ചിതത്വം ഇതുവരെ മാറ്റാൻ നമുക്കായിട്ടില്ല. 1996 ൽ അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ദേവ ഗൗഡ എൺപത്തി ഒന്നാം ഭരണഘടനാ ഭേദഗതിയിലൂടെ സ്ത്രീ സംവരണ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ വലിയ പ്രതീക്ഷയായിരുന്നു നമുക്ക്. എന്നാൽ രാഷ്ട്രീയ അസ്ഥിരത നില നിൽക്കുന്ന സാഹചര്യമായതിനാൽ ആ പ്രതീക്ഷ സാക്ഷാൽക്കരിക്കുവാൻ നമുക്കായില്ല.

കക്ഷികൾ സ്വീകരിച്ചതാണ് ലോകസഭയിൽ ഈ ബിൽ പാസാക്കാൻ തടസമായി നിൽക്കുന്നത്. വനിതാ സംവരണം പാസായാൽ മൊത്തം സീറ്റുകളിൽ 181 പേർ ഇന്ത്യൻ പാർലമെന്റിൽ ഉണ്ടാകും. സംസ്ഥാന തലങ്ങളിൽ ഇത് മൊത്തം 4,109 സീറ്റുകളിൽ 1,370 പേർ വനിതകളായിരിക്കും.

ലോകസഭയിലെയും രാജ്യസഭയിലെയും വനിതാ പ്രാധിനിധ്യം പരിശോധിച്ചാൽ നമുക്ക് കൃത്യമായ കണക്കുകൾ കിട്ടും. 1952 ലെ ഒന്നാം ലോകസഭയിൽ ഉണ്ടായിരുന്നത് വെറും ഇരുപത്തിരണ്ടു വനിതകളാണ് എന്നാൽ 2009 ആയപ്പോൾ ഇത് അൻപത്തിയെട്ടായി ഉയർന്നു. വനിതാ സംവരണ നിയമം നിലവിൽ വന്നിരുന്നു എങ്കിൽ ഇത് 180 ആയി മാറിയേനെ. രാജ്യസഭയിൽ ഇപ്പോൾ 22 പേരാണ് ഉള്ളത് ഇത് വനിതാ സംവരണം ഉണ്ടെങ്കിൽ 83 ആയി മാറിയേനെ. ജനസംഖ്യ അനുപാതികമാക്കിയാൽ ഇന്ത്യൻ പാർലമെന്റിൽ പകുതിയോളം പേർ വനിതകളാകും.

വനിതാ പ്രാധിനിധ്യം നടപ്പിലായില്ലെങ്കിലും ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്ത്രീകൾ അവഗണിക്കാനാകാത്ത ശക്തിയായി മാറി കഴിഞ്ഞു ഇന്ന് ഇന്ത്യയിൽ വനിതാ മുഖ്യമന്ത്രിമാരുടെ എണ്ണം മൂന്നായി ഉയർന്നിട്ടുണ്ട്. നമ്മുടെ ലോകസഭയിലെ പ്രതിപക്ഷ നേതാവ് വനിതയാണ്. സ്ത്രീ ശാക്തീകരണം പൂർണമാകണമെങ്കിൽ സ്ത്രീകൾക്ക് അർഹമായ പ്രാധിനിധ്യം ഭരണ മേഖലകളിൽ ഉറപ്പാക്കേണ്ടത് അനിവാര്യമാണ് എങ്കിൽ മാത്രമേ ഒരു രാജ്യം ജനാധിപത്യമാകുകയുള്ളൂ മനുഷ്യാവകാശങ്ങൾ പൂർണമായി ഉറപ്പാക്കി ലിംഗ നീതിയും സമത്വവും സാമൂഹ്യ നീതിയും സംരക്ഷിക്കാൻ നാം മുന്നോട്ട് വരേണ്ടിയിരിക്കുന്നു. ■

ലോകരാജ്യസഭയിലെയും രാജ്യസഭയിലെയും വനിതാ പ്രാധിനിധ്യം

	ലോക സഭ അംഗങ്ങൾ			രാജ്യസഭ അംഗങ്ങൾ		
വർഷം	സീറ്റുകൾ	വനിതകൾ	ശതമാനം	സീറ്റുകൾ	വനിതകൾ	ശതമാനം
1952	499	22	4.4	219	16	7.3
1957	500	27	5.4	237	18	7.6
1962	503	34	6.7	238	18	7.6
1967	523	31	5.9	240	20	8.3
1971	521	22	4.2	243	17	7.0
1977	544	19	3.4	244	25	10.2
1980	544	28	5.1	244	24	9.8
1985	544	44	8.1	245	28	11.4
1990	529	28	5.3	245	24	9.7
1991	544	36	7.1	245	38	15.5
1996	537	34	6.3	245	20	8.2
1997	545	40	7.3	245	19	7.8
1998	545	44	8.1	245	19	7.8
1999	545	48	8.8	245	20	8.2
2009	543	58	10.68	245	22	8.98

ഉറവിടം – തിരഞ്ഞെടുപ്പ് കമ്മീഷൻ കണക്കുകൾ

ലേഖകൻ ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളേജിലെ അസി: പ്രൊഫസറാണ്.

പേജ് 16-ന്റെ തുടർച്ച

ഏതായാലും വിദ്യാഭ്യാസ മേഖലയിൽ ഡി.പി.ഈ.പി. എന്ന പേരിൽ വന്നുപോയ പരിഷ്കാരം പോലെ ജനകീയാസൂത്രണവും കാലയവനികയ്ക്കുള്ളിൽ പോയ് മറിഞ്ഞു. പരീക്ഷണം പരാജയമാണെന്ന് സംഘാടകർ തന്നെ കുറ്റസമ്മതവും നടത്തി. വികേന്ദ്രീകരണ ആസൂത്രണവും ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണവും വേണ്ടവിധം സ്ഥാപന വത്കരിച്ചില്ല എന്നതാണ് അവർ ചൂണ്ടിക്കാണിച്ച കാരണം.

സ്ഥാപനവത്കരിക്കുക എന്നാൽ മേൽ വിവരിച്ച ഭരണഘടനാ ഭേദഗതികളും നിയമങ്ങളും ശക്തമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങളും ഭരണസംവിധാനങ്ങളും (ഇൻസ്റ്റിറ്റ്യൂഷനൽ മെക്കാനിസം) തയ്യാറാക്കുക എന്നു തന്നെയാണ് അർത്ഥമാക്കേണ്ടത്. ആത്മാർത്ഥമായ ഒരു ശ്രമവും കഴിഞ്ഞ 20 വർഷമായി ഈ മേഖലയിൽ ഉണ്ടായിട്ടില്ല ആവശ്യമായ പദ്ധതി രൂപീകരണം നടപ്പാക്കൽ ചട്ടങ്ങളെങ്കിലും ഉണ്ടാക്കാമായിരുന്നു.

ഈ സാഹചര്യത്തിലാണ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് മാർഗ നിർദേശങ്ങളും, നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യാൻ സർക്കാറിന് ശുപാർശകളും, സമർപ്പിക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷന് സർക്കാർ രൂപം നൽകി

വാൽകഷ്ണം

യാത്രക്കാരൻ:- ബസ് എങ്ങോട്ടാ കണ്ടക്ടറെ ?

കണ്ടക്ടർ:- അതിപ്പോൾ പറയാൻ പറ്റില്ല-ചാടിക്കേറിക്കോ,- യാത്രയിലാണന്ന് പറയാമെല്ലോ-ഭാര്യ വിളിക്കുമ്പം.

കാഴ്ച്ചക്കാരൻ:- അതെയതെ, സീറ്റ് പിടിച്ചോ വേഗം - ബ്രേക്ഡൗണാകുന്നത് എപ്പോഴാണെന്നറിയില്ല.

ഉള്ളത് പറഞ്ഞാൽ ഉറിയും ചിരിക്കും

വികേന്ദ്രീകൃതആസൂത്രണം സത്യമാകുന്നു. അധികാര വികേന്ദ്രീകരണം ഒരു മിഥ്യയത്രെ. അധികാരവികേന്ദ്രീകരണം എന്നീ വാക്കുകൾ തന്നെ അനുചിതമായ ഒരു പ്രയോഗമാണ് (മിസ്നോമർ). അധികാരം എന്നാൽ സർക്കാരിന്റെ പരമാധികാരമാണ്. ഇത് വികേന്ദ്രീകരിക്കപ്പെടാവുന്നതേ അല്ല. പദ്ധതികൾ രൂപീകരിക്കാനും നടപ്പാക്കാനും ആവശ്യമായ അധികാരവും ചുമതലയുമാണ് കഴിവും ചുമതലയുമാണ് നിയമനിർമാണത്തിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറാൻ 73-ും 74-ും ഭരണഘടനാ ഭേദഗതികളിലൂടെ സംസ്ഥാന നിയമസഭകളോട് ഭരണഘടന ആവശ്യപ്പെട്ടിരുന്നത്. അല്ലാതെ സംസ്ഥാന സർക്കാ രിന്റെ പരമാധികാരമോ ചുമതലയോ അല്ല. Devolution എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്

ഒടുവിൽ പഞ്ചായത്ത് കമ്മിറ്റികൾക്ക് പദ്ധതികൾ പാസാക്കി എടുക്കാൻ സമയമായപ്പോൾ പാവം പഞ്ചായത്ത് ജീവനക്കാർ രാപ്പകൽ കുത്തിയിരുന്ന് പദ്ധതികൾ എഴുതി ഉണ്ടാക്കി ഡി.പി.സി.യുടെ അംഗീകാരം ഓടിച്ചിട്ട് വാങ്ങേണ്ടി വന്നു. ഇതിനെപറ്റിയാണ് അധികാരവികേന്ദ്രീകരണത്തെപറ്റിയുള്ള ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിൽ രണ്ടു ക്ലാർക്കുമാർ രണ്ടു ദിവസം കൊണ്ട് 125 പദ്ധതികൾ എഴുതി ഉണ്ടാക്കിയെന്ന് കമന്റ് പാസാക്കിയത്.

യിട്ടുള്ളത്. ഭരണഘടനാ ഭേദഗതികൾ വിവക്ഷിച്ച സാമ്പത്തിക ഉന്നമനത്തിനും സാമൂഹ്യ ക്ഷേമത്തിനുമായി പദ്ധതിരൂപീകരണവും നടത്തിപ്പും സാക്ഷാത്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഉടനെ തുടങ്ങി വയ്ക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. സർക്കാർ ഇതിന് ഉടനടി മുൻകൈ എടുക്കുകയും വേണം. ചെയ്യാൻ വിട്ടു പോയ കാര്യങ്ങൾ പതിറ്റാണ്ടുകൾ കഴിഞ്ഞാണ് സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും വരിക. അതുകൊണ്ട് ചുവരെഴുത്തുകൾ വായിക്കുക, യഥാസമയം ആവശ്യമായ നടപടി എടുക്കുക.വീഴ്ച്ച വരുത്തുന്നതു കൊണ്ട് സർക്കാരിനും സമൂഹത്തിനും അപരിഹാര്യമായ കഷ്ടനഷ്ടങ്ങളാണ് സംഭവിക്കുന്നത്.

Decentralisation എന്നല്ല. സാമ്പത്തിക ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായുള്ള പദ്ധതികളും പരിപാടികളും തൃണമൂല തലത്തിൽ രൂപീകരിച്ച് നടപ്പാക്കുന്നത് പരമാധികാരത്തിന്റെ പ്രകടനമല്ല. പ്രത്യുത വികസനപ്രവർത്തനത്തിന്റെ ഒരു അഭ്യാസമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏത് പരമാധികാരം?

ഈ കേവലസത്യം മനസ്സിലാക്കാതെയാണ് ഇവിടെ അധികാരവികേന്ദ്രീകരണത്തിന്റെ പേരിൽ വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കി പരിസര മലിനീകരണം നടത്തുന്നത്. ■

ലേഖകൻ സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ടുമെന്റിൽ നിന്നും അഡി: സെക്രട്ടറിയായി വിരമിച്ചയാളാണ്..

ഷാഹുൽ ഹമീദ്.ടി

ദരിദ്രർക്കാശ്വാസമായി ദേശീയ ഭൂപരിഷ്കരണ നയം

ചിര പുരാതനമായി തന്നെ മണ്ണ് മനുഷ്യ ജീവിതവുമായി അഭേദ്യം ബന്ധം പുലർത്തിയിരുന്നു. ഭൂമി അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും പ്രതീകമാണ്.ഇന്ത്യയിലെ 70% ജനങ്ങളും ഭൂമിയുമായി ഏതെങ്കിലും തരത്തിൽ സമ്പർക്കമുള്ളവരാണ്. കർഷകരായും കർഷക തൊഴിലാളികളായും മറ്റ് ജീവിതോപാധികൾ ചെയ്യുന്നവരായും ജനങ്ങൾ ഭൂമിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഇന്ത്യയിൽ 31.12% പേർ ഭൂമിയില്ലാത്തവരും, 60%ജനങ്ങൾക്ക് 5 സെന്റ് ഭൂമി മാത്രമുള്ളവരുമാണ്. ഇന്ത്യയിലെ ഭൂമിയുടെ 55% കൈകാര്യം ചെയ്യുന്നത് ജനസംഖ്യയുടെ 5% മാത്രമാണ്. ഇന്ത്യയിൽ 47% ഭൂമിയും കാർഷികാവശ്യത്തിനും 22.6% കാടും,13% മറ്റ് ഉപയോഗങ്ങൾക്കുള്ള ഭൂമിയുമാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഭൂമിയില്ലാത്തവർ ഇന്ത്യയിലാണുള്ളത്. ദാരിദ്യത്തിന്റെ അളവ് കോലിൽ ഭൂമി സുപ്രധാന ഘടകമാണ്. സാമൂഹ്യ അസമത്വംഇല്ലാതാക്കുന്നതിനും സാമൂഹ്യനീതി പുലർന്ന് കാണുന്നതിനും എല്ലാ ദരിദ്രർക്കും ഭൂമി നൽകേണ്ടതായിട്ടുണ്ട്.

ഭൂമിയുമായി ബന്ധപ്പെട്ട് പല പരിഷ്കാരങ്ങളും രാജ്യത്ത് ഉണ്ടായിട്ടുണ്ട്, പ്രത്യേകിച്ച് കേരളം, ബംഗാൾ, ജമ്മു കാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ അധികമുള്ളവരിൽ നിന്ന് ഭൂമി തിരിച്ച് പിടിച്ച് ഭൂമിയില്ലാത്ത പാവങ്ങൾക്ക് നൽകേണ്ടത് കാലഘട്ടത്തിന്റെ അത്യാവശ്യമാണ്. ഭൂമി ഇന്ന് അമൂല്യവും വികസന പരിപ്രേക്ഷ്യത്തിലെ അഭിവാജ്യ ഘടകവുമാണ്. ഭൂമിക്ക് വേണ്ടിയുള്ള അമിതമായ ആവശ്യം, അണുകുടുംബമായി ജീവിക്കാനുള്ള ജനാഭിലാഷം, വ്യവസായ വത്ക്കരണം, കാർഷിക ഭൂമി മറ്റ് ആവശ്യങ്ങൾ കൊണ്ട് ഉപയോഗിക്കൽ എന്നിവ കാലികമായി ഇന്ത്യയുടെ സങ്കീർണ്ണമായ പ്രശ്നങ്ങളിൽ ഒന്നാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായമായ വിലയും പുനരധിവാസ പാക്കേജ് ഇല്ലാത്തതും ഒരു പ്രശ്നമാണ്. ഒരായുസ്സ് മുഴുവൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയ സർവ്വതും നഷ്ടപ്പെട്ട് പോയി ദു:ഖത്തിന്റെ കാണാകയത്തിൽ അകപ്പെട്ട് പോയ അനേക ലക്ഷം ജനങ്ങളുടെ ഗദ്ഗദം ഇന്നും ഭൂമിയുമായുള്ള ചർച്ചകളിൽ പാതിരാക്കിനാവ് പോലെ തങ്ങി നിൽക്കുന്നു. ഏറ്റെടുത്ത ഭൂമി തന്നെ ഉപ

യോഗിക്കാതെ നശിച്ചു പോയിക്കൊണ്ടിരിക്കുന്നത് നേരിൽ കാണാൻ വിധിക്കപ്പെട്ട ഹതഭാഗ്യരുടെ സംഗമ വേദിയായി നമ്മുടെ നാട് മാറുന്നു. നെൽപ്പാടങ്ങളും വയലേലകളും പച്ചപ്പുകളും നിലനിർത്തേണ്ടത് ഭരണാധികാരികളുടെ ഉത്തരവാദിത്വവും കടമയുമാണ്. പക്ഷെ പല കാര്യങ്ങൾക്കായി സസ്യശ്യാമള ഹരിത്മായ ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന ദുരവസ്ഥയ്ക്ക് കടിഞ്ഞാൺ വീഴാൻ പോകുന്നു. ആരോടും ചോദിക്കാതെ ജനങ്ങളുടെ ഒരു വേദിയിലും ചർച്ച ചെയ്യാതെ ഇഷ്ടം പോലെ ഭൂമി ഏറ്റെടുക്കുന്ന ദാർഷ്ട്യത്തിന് കൂച്ച് വിലങ്ങ് വീഴാൻ പോകുന്നു. സ്വന്തമായ ഭൂമിയും കിടപ്പാടവും സ്വപ്നം കണ്ട് കാണാമറയത്ത് നിർവൃതിയിലേക്ക് പോയ അനേകലക്ഷം ദരിദ്രരുടെ പിൻതലമുറക്കാർക്ക് സ്വന്തമായി ഭൂമിയും തലചായ്ക്കാൻ ഒരിടവും ലഭിക്കാൻ പോകുന്നു. കേന്ദ്ര ഗവൺമെന്റ് ഭൂമിയുമായി ബന്ധപ്പെട്ട് സമൂലമായ പരിവർത്തനങ്ങളുടെ കാഹളം മുഴക്കി പൊതുജന സമക്ഷം 18.07.2013 ന് അവതരിപ്പിച്ച ദേശീയ ഭൂപരിഷ്കരണ നയം പൂർണ്ണമായും നടപ്പിലാക്കുകയാണെങ്കിൽ ഇന്ത്യയിലെ ദരിദ്ര മക്കളെ സംബന്ധിച്ചിടത്തോളം ഭൂമിയും വീടും സ്വപനം അല്ല. മറിച്ച് യാഥാർത്ഥ്യമാകാൻ പോകുന്ന പ്രതീക്ഷയാണ്.

രാജ്യത്തിലെ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന 85% വരുന്ന സ്ത്രീകൾക്ക് സമാശ്വാസത്തിന്റെ തെളിനീരാണ് ഈ നയം മുന്നോട്ട് വെക്കുന്നത്. സർക്കാർ ഇനി നൽകാൻ പോകുന്ന ഭൂമി സ്ത്രീകളുടെ പേരിൽ മാത്രമായിരിക്കും. സ്ത്രീകളെ വഴിയാധാരമാക്കി പുരുഷന്മാർ തുച്ഛവിലക്ക് സ്ഥലം വിൽക്കുന്നത് നിത്യ കാഴ്ചയാണ്. പൊതുസ്ഥലങ്ങളിൽ കൃഷി ചെയ്യാൻ സ്ത്രീകളുടെ കൂട്ടത്തിനു പ്രത്യേക സഹായം ഈ നയം വാഗ്ദാനം ചെയ്യുന്നു. സർക്കാർ ഭൂമി, മിച്ച ഭൂമി, ഭൂദാനം വഴി ലഭിച്ച ഭൂമി എന്നിവ കൃത്യമായി അളന്ന് തിട്ടപ്പെടുത്തി മുഴുവൻ കയ്യേറ്റങ്ങളും ഒഴിപ്പിച്ച് പാവങ്ങൾക്ക് നൽകണം. കൈവശാവകാശ തർക്കം, അതിർത്തി തർക്കം, പിന്തുടർച്ചാവകാശ തർക്കം അനധികൃത കയ്യേറ്റം എന്നിവ പൂർണ്ണമായി ഇല്ലാതാക്കി നേരിട്ടുള്ള പ്രവേശനം പാവപ്പെട്ടവന് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇന്നും ഭൂമി ഒരു ബാലികേറാമലയായ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് യുദ്ധ കാലാടിസ്ഥാനത്തിൽ ഭൂമി വിതരണം ചെയ്യണം. രാജ്യത്തെ പുറമ്പോക്കുകളിലും ചേരികളിലും കടത്തിണ്ണകളിലും ഉദാരമതികളുടെ ഹൃദയ വിശാലതയിലും അഭയം കണ്ടെത്തിയവർക്കും വീടുണ്ടാക്കുവാൻ ഭൂമി നൽകണം. പാർപ്പിടാവശ്യത്തിനും കാർഷികാവശ്യത്തിനും വേണ്ടി ഭൂമി കണ്ടെത്തുവാൻ സർക്കാരിന്റെ നേതൃത്വത്തിൽ ഒരു പൊതുവായ ഭൂസംവിധാനം ഉണ്ടാക്കണം എന്ന നയത്തിൽ നിർദേശം ഉണ്ട്. ഏറ്റെടുത്ത ഭൂമി ഉപയോഗിച്ചില്ലെങ്കിൽ തിരിച്ച് നൽകുവാനും റവന്യൂ ഫോറസ്റ്റ് തർക്കം അടിയന്തിരമായി പരിഹരിക്കുവാനും എല്ലാ വില്ലേജുകളിലും പൊതു ഭൂമി കണ്ടെത്തുന്നതിന് പരിപാടി ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. സർക്കാർ ഭൂമി പല പിൻബലത്തിലും കയ്യേറി കാലാനുഭവം കൈക്കലാക്കുന്നവർക്ക് ഒരു ദുസ്വപ്നമാണ് ഈ നയം ഉണ്ടാക്കാൻ പോകുന്നത്.

അർഹതയുള്ളവരെ കണ്ടെത്തുന്നതിന് നയം കൃത്യമായ അതിർവരമ്പുകളിടുന്നു. ഗ്രാമസഭകളുടെ പൂർണ്ണ ഉത്തരവാദിത്വം ഈ പ്രവർത്തനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. വ്യക്തികൾക്ക് ഭൂമി എത്രത്തോളം കൈവശം വെക്കാം എന്നത് സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് തീരുമാനം എടുക്കാവുന്നതാണ്. ഫെഡറൽ വ്യവസ്ഥയെയും സംസ്ഥാന വിഷയമായ ഭൂമിയിലുള്ള സംസ്ഥാനങ്ങളുടെ അധികാരം കേന്ദ്ര സർക്കാർ അവർക്ക് തന്നെ വിട്ടു കൊടുത്തിരിക്കുകയാണ്. ഇപ്പോൾ സുലഭമായി ഭൂമി കൈവശം വെച്ച് വരുന്ന മതസ്ഥാപനങ്ങൾ വിദ്യാഭ്യാസ ചാരിറ്റബിൾ, റിസർച്ച് വ്യവസായ സംഘടനകൾ എന്നിവർക്ക് കൈവശം വെക്കാനുള്ള ഭൂപരിധി 15 ഏക്കറായി നിജപ്പെടുത്തണം എന്ന നിർദേശം ചൂടുള്ള ചർച്ചകൾക്കും അനുകൂല പ്രതികൂല വാദമുഖങ്ങൾക്കും അവസരമുണ്ടാക്കും. ഒരു ഏകജാലക സംവിധാനം ഉണ്ടാക്കി മിച്ചഭൂമി സംബന്ധിച്ച് തീരുമാനം എടുത്ത് പ്രയാസം ദൂരീകരിച്ച് നിലവിൽ ലാന്റ് ബോർഡിൽ കെട്ടിക്കിടക്കുന്ന വർഷങ്ങളുടെ ഏടുമായി മുന്നോട്ട് പോകുന്ന കേസുകളിൽ ഉടൻ തീരുമാനം എടുക്കണം. മിച്ചഭൂമിയിൽ നിന്നും ഒഴിവാകുവാൻ അനിയന്ത്രിതമായി പാട്ടത്തിന് ഭൂമി ഏറ്റെടുക്കുന്ന പ്രവണത കൂടി വരുന്ന സാഹചര്യത്തിൽ മിച്ചഭൂമി എന്ന വിവക്ഷയിൽ പാട്ടത്തിന് ഏറ്റെടുത്ത ഭൂമി ഉൾപ്പെടുത്തണമോ എന്ന നയരേഖയിലെ നിർദേശം നിയമവിഷാരദന്മാർക്ക് ചൂടുള്ള ചർച്ചയ്ക്കും ഉടമസ്ഥാവകാശം, പാട്ടവകാശം എന്നീ പദങ്ങളുടെ അർത്ഥ തലങ്ങളിൽ തലനാരിഴ കീറിയുള്ള പരിശോധനയ്ക്കും പാത്രീഭവിക്കും. ഒരുവർഷത്തിനകം സംസ്ഥാനങ്ങൾ മിച്ചഭൂമി സംബന്ധിച്ച് ഒരു വസ്തു വിവര പട്ടിക തയ്യാറാക്കി പൊതു ജനങ്ങൾക്ക് മുമ്പിൽ അവതിരിപ്പിക്കണം. നിലവിൽ സർക്കിന്റെ

ഭൂമിയുമായി ബന്ധപ്പെട്ട് പല പരിഷ്കാരങ്ങളും രാജ്യത്ത് ഉണ്ടായിട്ടുണ്ട്, പ്രത്യേകിച്ച് കേരളം, ബംഗാൾ, ജമ്മു കാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ. അധികമുള്ളവരിൽ നിന്ന് ഭൂമി തിരിച്ച് പിടിച്ച് ഭൂമിയില്ലാത്ത പാവങ്ങൾക്ക് നൽകേണ്ടത് കാലഘട്ടത്തിന്റെ അത്യാവശ്യമാണ്. ഭൂമി ഇന്ന് അമൂല്യവും വികസന പരിപ്രേക്ഷ്യത്തിലെ അഭിവാജ്യ ഘടകവുമാണ്.



കൈവശമുള്ള ആർക്കും കൈവശം നൽകാത്ത ഭൂമി സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധപ്പെടുത്തണം. ഇന്ത്യയിലെ 63.85 മില്ല്യൻ ഹെക്ടർ പുറമ്പോക്ക് ഭൂമി ഫലപ്രദമായി ഉപയോഗിക്കുവാനും പാവപ്പെട്ടവർക്ക് നൽകുവാനും ഒരു പ്രവർത്തന രേഖ സംസ്ഥാനങ്ങളിൽ ഉണ്ടാക്കണം.

പൊതു ആവശ്യത്തിന് ഏറ്റെടുത്ത ഭൂമി 5 വർഷത്തിനകം ഉപയോഗിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാറുകൾക്ക് ലാന്റ് പൂളിലേക്ക് ഭൂമി വകയിരുത്താവുന്നതാണ് ഉടമസ്ഥർക്ക് തിരിച്ച് നൽകുവാനും ഈ കാര്യത്തിൽ അധികാരം ഉണ്ടായിരിക്കുന്നതാണ്. വഖഫ് ഭൂമികൾ സർക്കാർ സംഭാവന നൽകിയ ഭൂമി എന്നിവ സംബന്ധിച്ച് ഒരു പട്ടിക തയ്യാറാക്കി അന്യായമായ കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുവാനും ഭൂമി വിൽക്കുന്ന ഘട്ടത്തിൽ പ്രചരണം നൽകി പൊതുലേലം നടത്തുവാനും ഈ നയം നിർദേശിക്കുന്നു. ചുളുവിലയ്ക്ക് ഇത്തരം ഭൂമി കൈവശം വെക്കുന്ന ചട്ടപ്പടിപരിപാടി ഇല്ലാതാക്കും. ഇതുവരെ ആദിവാസികൾക്കും പട്ടികജാതി പട്ടിക വർഗക്കാർക്കും നൽകിയ ഭൂമി നേരിട്ടുള്ള പരിശോധന നടത്തി അനധികൃതമായ കൈയ്യേറ്റക്കാരെയും യഥാർത്ഥമല്ലാത്ത ഗുണഭോക്താക്കളെയും ഒഴിവാക്കണം,. ഇത്തരം ഭൂമിയിൽ വില്പന നടത്താൻ സാധിക്കാത്ത വിധം കർശന നിർദേശം റജിസ്ട്രേഷൻ വകുപ്പിനു നൽകണം. 3.75 ലക്ഷം പട്ടിക വർഗ്ഗഭൂമി കയ്യേറിയ കേസുകൾ ഇന്ന് നിലവിലുണ്ട്. നാടോടികളായ ആദിവാസികൾക്കും ഗോത്രവർഗക്കാർക്കും വീട് വയ്ക്കുവാൻ 10 സെന്റ് സ്ഥലവും കൃഷി ചെയ്യാൻ 5 ഏക്കർ ഭൂമിയും നൽകണമെന്ന് ഈ നയം നിർദേശിക്കുന്നു. പഞ്ചയാത്തുകളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ ഭൂമി സംരക്ഷണ ഫണ്ട് ഉണ്ടാക്കണം എന്ന നിർദേശം ചെറിയ ആവശ്യങ്ങൾക്കു പോലും റിയൽ എസ്റ്റേറ്റുകാരുടെ ചൂഷണത്തിനു വശം വദരായി ചെറിയ വിലയ്ക്ക് സ്ഥലം വിൽക്കുന്ന പാവങ്ങൾക്ക് ഏറെ ഉപകാരപ്രദമാകും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നീർത്തട വികസന പദ്ധതി എന്നിവയിലൂടെ പാവങ്ങളുടെ ഭൂമി ഫലപുഷ്ടിയുള്ളതാക്കണം. ചില പ്രഖ്യാപിത പ്രദേശങ്ങളിൽ ഭൂമി ഏറ്റെടുക്കുമ്പോൾ ഗ്രാമസഭയുടെയും പഞ്ചായത്തിന്റെയും അനുവാദം ആവശ്യമാണ് എന്ന നിർദേശം ആനുകാലിക സംഭവ വികാസങ്ങളിൽ സ്വാഗതാർഹമായ ഒന്നാണ്. ഗ്രാമസഭകൾക്ക് ഭൂമിയുമായി ബന്ധപ്പെട്ട് കൂടുതൽ അധികാരങ്ങൾ ലഭിക്കുന്നു. പൊതുഭൂമിയുടെ കാവലാളായി ഗ്രാമസഭ പ്രവർത്തിക്കേണ്ടതാണ്. മിച്ചഭൂമി പുറമ്പോക്ക് സർക്കാർ ഭൂമി എന്നിവ അനധികൃതമായി കയ്യേറിയാൽ ഗ്രാമസഭയ്ക്ക് ബന്ധപ്പെട്ടവർക്ക് പരാതി നൽകാൻ അധികാരം ലഭിക്കും.

8 മില്യൺ ജനങ്ങൾക്ക് തലചായ്ക്കാൻ ഒരിടം ഇല്ല. അടുത്ത 10 വർഷത്തിനകം രാജ്യത്തെ മുഴുവൻ പാവപ്പെട്ടവർക്കും 10 സെന്റിൽ കുറയാത്ത ഭൂമി നൽകി അവരുടെ ഹൃദയാഭിലാഷമായ കിടപ്പാടം എന്ന സങ്കല്പം പൂവണിയിക്കണം. ഇതിനായി ഗ്രാമസഭകൾ ഭൂമി ഇല്ലാത്തവരുടെയും വീടില്ലാത്തവരുടെയും വിവരങ്ങൾ ശേഖരിക്കണം. പൊതു ആവശ്യം എന്നതിനു പുതിയ അർത്ഥതലം ഉണ്ടാക്കും, അത്യാവശ്യ ഘട്ടത്തിൽ മാത്രം വയലുകളും കാർഷിക ഭൂമിയും ഏറ്റെടുക്കുകയുള്ളൂ. ഭൂമിക്ക് ന്യായവില ഉറപ്പ് വരുത്തും. ഭൂമി ഏറ്റെടുത്താലും ഉടമകൾക്ക് ചില അവകാശം നിലനിർത്തും. പുനരധിവാസം, പുതിയ താമസം, ഭക്ഷണം എന്നിവ നിർബന്ധമായും ഉറപ്പു വരുത്തും. തറവിലയുടെ 4 മടങ്ങ് ഗ്രാമപ്രദേശങ്ങളിലും 2 മടങ്ങ് നഗരപ്രദേശങ്ങളിലും ഭൂമി ഏറ്റെടുക്കുമ്പോൾ വിലയായി നൽകും. ഭൂമി ഉപയോഗിച്ചില്ലെങ്കിൽ ഉടമസ്ഥർക്ക് തിരിച്ച് നൽകും. കെട്ടിക്കിടക്കുന്ന ഭൂമി സംബന്ധിച്ച കേസുകൾ ത്വരിതഗതിയിൽ തീർപ്പു കല്പിക്കും ഭൂപരിഷ്കണം പൂർണ്ണ അർത്ഥത്തിൽ കൊണ്ടുവരാനുള്ള സമഗ്രമായ നിർദേശങ്ങളാണ് ഭൂനയത്തിൽ ഉള്ളത്.

ബ്രിട്ടീഷുകാരുടെ കാലത്തുള്ള പല സമ്പ്രദായങ്ങളും കീഴ്വഴക്കങ്ങളുമാണ് ഇപ്പോഴും ഭൂമിയുമായി ബന്ധപ്പെട്ട് പിന്തുടരുന്നത്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അപ്രാപ്യമായ നൂലാമാലകൾ അടങ്ങിയ സാമ്പ്രദായിക സംവിധാനം അടിമുടി പൊളിച്ച് എഴുതാൻ ഈ നയം ലക്ഷ്യം ഇടുന്നു. ആധുനിക വത്ക്കരണം, കമ്പ്യൂട്ടർ വത്ക്കരണം ഈ മേഖലയിൽ സർവ്വവ്യാപിയാകും. ദേശീയ കമ്പ്യൂട്ടർ അതോറിറ്റി രൂപീകരിച്ച് മുഴുവൻ റിക്കാർഡുകളും ഫയലുകളും കമ്പ്യൂട്ടരിൽ ആക്കും, എല്ലാം ഒരു വിരൽത്തുമ്പിൽ ആക്കുവാൻ ദേശീയ പോർട്ടൽ സംവിധാനം ഒരുക്കും.GIS (Geographic Information System) സംവിധാനം ഏർപ്പെടുത്തും. ലളിത വത്ക്കരണവും സുതാര്യതയും ഈ മേഖലയിലെ മുഖമുദ്രയാക്കും. ദേശീയ വികസന കൗൺസിൽ പോലെ ദേശീയ ഭൂമി കൗൺസിൽ ഉണ്ടാക്കും. 177 ലക്ഷം ഹെക്ടർ തരിശ് ഭൂമി ഫലപുഷ്ടിയുളളതാക്കി മാറ്റാൻ തന്ത്രങ്ങൾ ആവിഷ്കരിക്കണമെന്ന് നയം ആഹ്വാനം ചെയ്യുന്നു. 6 മാസത്തിനകം ഭൂമി അവകാശ കമ്മീഷൻ സംസ്ഥാനങ്ങൾ രൂപീകരിച്ച് വിശദമായ ഭൂമി സംബന്ധിച്ച റിപ്പോർട്ട് നിയമസഭയ്ക്ക് മുമ്പിൽ ഹാജരാക്കണം. ഭൂപരിഷ്കരണം സംബന്ധിച്ച് സമസ്ത കാര്യത്തിലും സർക്കാരിനെ ഉപദേശിക്കാൻ ഈ കമ്മീഷനു അധികാരമുണ്ടായിരിക്കുന്നതാണ്.

രാജ്യത്ത് ഭൂമി ഇല്ലാത്തവരായി പാവങ്ങൾ ആരും തന്നെ ഉണ്ടാകാൻ പാടില്ല എന്ന ഭരണാധികാരികളുടെ ഇച്ഛാശക്തിയിൽ നിന്നാണ് ഈ പുരോഗമനപരമായ നയം പിറന്നു വീണത്. സംസ്ഥാനങ്ങൾ ഉൾക്കാമ്പോടെ നയം നടപ്പിലാക്കുകയാണെങ്കിൽ 10 വർഷത്തിനകം ഇന്ത്യയിൽ ഭൂമി ഇല്ലാത്തവരായും കിടപ്പാടം ഇല്ലാത്തവരായും പാവങ്ങൾ ആരും തന്നെ ഉണ്ടാകില്ല. 2012 ഒക്ടോബറിൽ ഏകതാപരിഷത്തിന്റെ നേതൃത്വത്തിൽ ഒരു ലക്ഷത്തോളം ഭൂരഹിതർ ഗ്വാളിയോറിൽ നിന്നു ഡൽഹിയിലേക്ക് ഒരു പദയാത്ര സംഘടിപ്പിച്ചിരുന്നു. ആഗ്രയിൽ എത്തിയപ്പോൾ സർക്കാർ സമരം ഒത്തു തീർപ്പാക്കി. പ്രസ്തുത തീരുമാനത്തിന്റെ ഭാഗമായാണ് കേന്ദ്രഗവൺമെന്റ് പൊതു ചർച്ചയ്ക്കായി പ്രസിദ്ധീകരിച്ച ദേശീയ ഭൂപരിഷ്കരണനയം ഏറെ പ്രതീഷയോടെ നല്ലനാളേക്കു വേണ്ടി കാത്തിരിക്കുന്ന ഭാരതത്തിലെ ദരിദ്ര മക്കൾക്ക് പ്രത്യാശ കിരണങ്ങൾ സമ്മാനിക്കുന്ന ഭാവനാ സമ്പന്നമായ നയമാണ്. ദേശീയഭൂപരിഷ്കരണം നയം. കുറ്റമറ്റരീതിയിൽ നടപ്പിലാക്കുവാൻ ജാഗ്രതാപൂർണ്ണമായ ഇടപെടലും കണ്ണിൽ എണ്ണ ഒഴിച്ചുള്ള കാത്തിരിപ്പും നമുക്ക് തുടരാം. ■

(ലേഖകൻ കുടുംബശ്രീ കണ്ണൂർ ജില്ലാമിഷനിൽ അസി: കോ-ഓർഡിനേറ്ററാണ്)

ഫീച്ചർ

അവയവ ദാനം

അനേകായിരങ്ങളുടെ പുനർജന്മ സ്രോതസ്സ്

അവയവ ദാനവും കൈമാറ്റവും വർഷംതോറും അനേകായിരങ്ങൾക്ക് ജീവിതത്തിലേക്ക് ഒരു തിരിച്ചുവരവിന് അവസരം ഒരുക്കുന്നു. നമ്മുടെ രാജ്യത്ത് ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് അവയവ കച്ചവടവും വർദ്ധിക്കുന്നു. മനുഷ്യാവയവങ്ങൾക്കായുള്ള ആവശ്യം വർദ്ധിച്ചുവരുന്നു. അതേസമയം രാജ്യത്തെ വൈദ്യശാസ്ത്ര സാങ്കേതിക വിദ്യ അനുദിനമെന്നോണം വികസിക്കുന്നു. ഈ രണ്ട് സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ അവയവദാനം ചിലർക്ക് പെട്ടെന്ന് ഒരു വലിയ തുക കൈയിൽ കിട്ടാനുള്ള അവസരവും മറ്റുള്ളവർക്ക് ഒരാശ്വാസവും ആയി മാറുന്നു. വിവേചനമില്ലാത്ത അവയവ കച്ചവടം ദരിദ്രരെ ചൂഷണം ചെയ്യാനുള്ള അവസരമായി മാറുന്നു. അവരുടെ അത്യാവശ്യങ്ങൾക്ക് വേണ്ട തുക വാഗ്ദാനം ചെയ്ത് പ്രലോഭിപ്പിച്ച് ചൂഷണം ചെയ്യുന്നു.

അവയവങ്ങളെ ഒരു വിൽപ്പന ചരക്കാക്കി മാറ്റുന്നത് ഒട്ടും ആശാസ്യമല്ല. സാമൂഹിക, ധാർമ്മിക മൂല്യങ്ങളെ കാറ്റിൽ പറത്തുന്നതിന് തുല്യമാണത്. അവയവങ്ങളുടെ ലഭ്യത സുഗമമാക്കാൻ ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേരുന്നതല്ല. ലോകാരോഗ്യ സംഘടന അവയവ വിൽപന സംബന്ധിച്ച് പുറത്തിറക്കിയ പ്രസ്താവനയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പ്രലോഭിപ്പിച്ചും വഞ്ചിച്ചും അവയവ വിൽപന നടത്തുന്നത് മനുഷ്യാവകാശ ലംഘനമാണ്. മനുഷ്യ ശരീരമോ അതിന്റെ ഭാഗങ്ങളോ കച്ചവടം ചെയ്യാൻ പാടില്ല. ഇതനുസരിച്ച് അവയവ ദാനത്തിന് പ്രതിഫലം നൽകുന്നതും വാങ്ങുന്നതും നിരോധിക്കപ്പെടണം.

ഓരോ വർഷവും നൂറുകണക്കിന് ഇന്ത്യക്കാരാണ് അവയവ മാറ്റത്തിനായുള്ള കാത്തിരിപ്പിനിടയിൽ മരണമടയുന്നത്. കാരണം അവയവദാനത്തിന്റെ കുറവും അവയവം കൈമാറിക്കിട്ടേണ്ട രോഗികളുടെ എണ്ണക്കൂടുതലുമാണ്. വർഷംതോറും 2.1 ലക്ഷം ഇന്ത്യക്കാരാണ് വൃക്ക മാറ്റത്തിനായി കാത്തിരിക്കുന്നത് പക്ഷേ 3000–4000 വൃക്ക മാറ്റ ശസ്ത്രക്രിയകളേ നടത്താനാവുന്നുള്ളൂ. ഹൃദയമാറ്റ ശസ്ത്രക്രിയയുടെ കാര്യവും വ്യത്യസ്തമല്ല. 4000–5000 രോഗികൾക്കാണ് വർഷംതോറും ഇന്ത്യയിൽ ഹൃദയമാറ്റ ശസ്ത്രക്രിയ വേണ്ടത്. എന്നാൽ രാജ്യമൊട്ടാകെ വെറും

100 ഹൃദയമാറ്റ ശസ്ത്രക്രിയകളാണ് നടക്കുന്നത്. അന്ധതാ നിയന്ത്രണ ദേശീയ പരിപാടിയുടെ 2012-13-ലെ റിപ്പോർട്ട് അനുസരിച്ച് 80,000 - 1,00,000 നേത്രപടലം ഒരുവർഷം വേണ്ടി വരുന്നിടത്ത് 4,417 നേത്രപടലം മാത്രമാണ് ലഭ്യമായിരുന്നത്. വർഷം തോറും 3500-4000 വൃക്കമാറ്റ ശസ്ത്രക്രിയകൾ നടക്കുന്ന ഇന്ത്യയിൽ 120 ട്രാൻസ്പ്ലാന്റിങ് സെന്ററുകളാണ് ഉള്ളത്. ഇവയിൽ നാലിടത്ത് വർഷം 150-200 കരൾമാറ്റ ശസ്ത്രക്രിയ നടക്കുന്നു. വല്ലപ്പോഴുമൊരിക്കൽ ഒരു ഹൃദയമാറ്റ ശസ്ത്രക്രിയയും നടത്തും.

നമ്മുടെ രാജ്യത്തെ പ്രധാന പ്രശ്നം അവയവദാനത്തിന് സന്നദ്ധത യുള്ള ഒരു ദാതാവിനെ കണ്ടെത്തുന്നതാണ്. ബോധവൽക്കരണത്തിന്റെ കുറവും ശരിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമാണ് ഈ അവ സ്ഥയ്ക്ക് കാരണം. ഭരണപരമായ കടമ്പകളും യാഥാസ്ഥിതിക മനോ ഭാവവും അവസ്ഥ കൂടുതൽ ദുഷ്ക്കരമാക്കുന്നു. അവയവ ദാനം സംബ ന്ധിച്ച് ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന തെറ്റിധാരണകൾ മാറ്റാൻ ശ്രമമുണ്ടാവണം. ഭൂരിഭാഗം ഇന്ത്യക്കാരും വിശ്വസിക്കുന്നത് അവയവ കൈമാറ്റം മതവിശ്വാസങ്ങൾക്കും പ്രകൃതി നിയമങ്ങൾക്കും എതിരാ ണെന്നാണ്. ചിലരുടെ സംശയം അവർക്ക് ആവശ്യമുള്ള അവയവം ലഭിക്കാൻ ആശുപത്രി അധികൃതർ വേണ്ടത്ര ശ്രമിക്കുന്നില്ല എന്നാണ്. മറ്റൊരു കൂട്ടരുടെ വിശ്വാസം അവർ യഥാർത്ഥത്തിൽ മരിക്കുന്നതിന് മുമ്പ് മരിച്ചതായി പ്രചരിക്കപ്പെടുമെന്നാണ്. അവയവ ദാനത്തിന് ഒരു കേന്ദ്രീകൃത രജിസ്ട്രേഷൻ പദ്ധതി ഇല്ലാത്തതും പ്രശ്നം ഗുരുതര മാക്കുന്നു. മറ്റൊരു പ്രശ്നം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ്. മസ്തിഷ്ക്ക മരണം രോഗിയുടെ ബന്ധുക്കളെ ബോധ്യപ്പെടുത്തുക ശ്രമകരണമാണ്.

അവയവ ദാനത്തിനു സന്നദ്ധത യുള്ളവർ ചെയ്യേണ്ട ആദ്യത്തെ നടപടി ഒരു ഡോണർ കാർഡ് ഒപ്പിടുക എന്ന താണ്. ഡോണർ കാർഡ് നിയമപരമാ യ ഒരു രേഖയല്ല. ഇത് അവയവദാന ത്തിന് ഒരു വ്യക്തിയുടെ സന്നദ്ധത വെളിപ്പെടുത്തുന്ന ഒരു രേഖയാണ്. സ്വന്തം മരണത്തിനു ശേഷം അവയവ ദാനം നടത്താനുള്ള സന്നദ്ധതയായ തിനാൽ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും ഈ വിവരം അറിയിച്ചിരിക്കണം.

1970-കളിലാണ് ഇന്ത്യയിൽ വൃക്ക മാറ്റിവയ്ക്കൽ ആരംഭിച്ചത്. ഇക്കാര്യത്തിൽ അന്നുമുതൽ ഇന്നുവരെ ഏഷ്യാഭൂഖണ്ഡത്തിൽ മുമ്പി ലാണ് ഇന്ത്യ. എന്നാൽ അവയവ മാറ്റത്തിന്റെ കഴിഞ്ഞ 4 ദശകങ്ങൾ സാക്ഷ്യം വഹിച്ചത് വമ്പിച്ച വാണിജ്യവൽക്കരണത്തിനായിരുന്നു. 1994-ലാണ് ഗവൺമെന്റ് ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (മനുഷ്യാവയവ കൈമാറ്റ നിയമം) നടപ്പിലാക്കിയത്. ബന്ധുക്ക ളല്ലാത്തവർ തമ്മിലുള്ള അവയവ കൈമാറ്റം നിയമവിരുദ്ധമാക്കിയതും മസ്തിഷ്ക മരണം സംഭവിച്ച ആളിന്റെ അവയവ സ്വീകരണം നിയമ വിധേയമാക്കിയതും ഈ നിയമത്തിലൂടെയാണ്. അവയവ ദൗർലഭ്യം പരിഹരിക്കുന്നതിന് മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ ഉപയോഗപ്പെടുത്താം എന്നാണ് പ്രതീക്ഷ. പക്ഷേ ഈ നിയമം നിലവി ലുണ്ടെങ്കിലും അവയവ കച്ചവടത്തിന് കുറവില്ല. അവയവ ലഭ്യത കൂടു ന്നതുമില്ല. മസ്തിഷ്ക മരണത്തെക്കുറിച്ചോ അതിന്റെ അവയവ മാറ്റ സാധ്യതകളെക്കുറിച്ചോ കൂടുതൽ പ്രസിദ്ധി കൊടുക്കാനോ, പ്രോത്സാ ഹിപ്പിക്കാനോ പാടില്ല. ബന്ധുക്കൾ തമ്മിലുള്ളവയല്ലാത്ത അവയവമാറ്റ ങ്ങളെല്ലാം നിലവിൽ ഇതിനായുള്ള ഒരു ഓതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമേ ചെയ്യാവൂ.

2011-ൽ ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയ മനുഷ്യാവകാശ നിയമ ത്തിലെ കൂട്ടിച്ചേർക്കലുകൾ അവയവമാറ്റം സംബന്ധിച്ച നടപടിക്രമ ങ്ങൾ കുറേകൂടി ലഘൂകരിച്ചിട്ടുണ്ട്. അപകടത്തിൽപെട്ട് മസ്തിഷ്ക്ക മരണം സംഭവിച്ച ആളുകളുടെ അവയവങ്ങൾ ദാനം ചെയ്യുന്നത് സംബ ന്ധിച്ച വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ഒരു റിട്രീവൽ സെന്റർ ഈ നിയമം വഴി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്ന വിവര ങ്ങളുടെ നിജസ്ഥിതി രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ അന്വേ ഷിക്കണം. ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററുമായി സഹകരിച്ച് ആശു പത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ കിടക്കുന്ന രോഗിയുടെ ബ ന്ധുക്കളുമായി ചർച്ച ചെയ്യണം. അവയവ ദാനത്തിന് രോഗിയുടെ ബന്ധുക്കൾക്ക് സമ്മതമാണെങ്കിൽ അവയവങ്ങൾ എടുക്കുന്നതിനായി അക്കാര്യം ഇടനടി റിട്രീവൽ സെന്ററിൽ അറിയിക്കണം.

ഇന്ത്യയുടെ കാര്യത്തിൽ റോഡപകടങ്ങളിൽപെട്ട് മരണാസന്നനാവു ന്നരുടെ എണ്ണം വളരെ കൂടുതലായതിനാൽ ഇത്തരത്തിൽ അവയവം ലഭിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഈ ശേഷി ഇനിയും നാം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഒരു നിശ്ചിത സമയത്തിനുള്ളിൽ ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെല്ലാം 8 മുതൽ 10 വരെ മസ്തിഷ്ക്ക മരണങ്ങൾ വിവിധ ഐ.സി.യു-കളിലായി സംഭവിക്കുന്നുണ്ട്. ആശുപത്രിയിലെ മരണങ്ങളിൽ 4 മുതൽ 6 ശതമാനം വരെ മസ്തിഷ്ക്ക

മരണങ്ങളാണ്. ഇന്ത്യയിൽ വർഷം തോറും 1,40,000 മരണങ്ങൾ റോഡപകടങ്ങൾ മൂലം ഉണ്ടാവുന്നുണ്ട്. ഇതിൽ 65 ശതമാനം തലയ്ക്കേറ്റ ഗുരുതര പരുക്ക് മൂലമാണ്. ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് നടത്തിയ പഠന റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. അതിന്റെ അർത്ഥം പരിക്കേറ്റവരിൽ 90,000 പേർ മരണമടയുന്നത് മസ്തിഷ്ക്കാഘാതം മൂലമാണ്.

ആളുകൾക്ക് അവയവം ദാനം ചെയ്യാൻ മനസ്സില്ലാത്തതല്ല അവയവ ക്ഷാമത്തിന് കാരണം, ആശുപത്രികളിൽ മസ്തിഷ്ക്ക മരണം കൃത്യ സമയത്ത് തിരിച്ചറിഞ്ഞ് റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനമില്ലാത്തതാണ്. ഇതുകൂടാതെ മസ്തിഷ്ക്ക മരണം സംഭവിച്ച ആളുകളുടെ ബന്ധുക്കൾക്ക് അവയവദാനം വഴി നിരവധി ജീവനുകൾ രക്ഷിയ്ക്കാൻ സാധിക്കുമെന്ന കാര്യം പറഞ്ഞു മനസ്സിലാക്കി അവയവ ദാനത്തിന് സന്നദ്ധരാക്കാനും സംവിധാനങ്ങളില്ല. ഒരു കുട്ടിക്കു മുതൽ പ്രായമായ ആൾക്കുവരെ അവയവദാതാവാകാം. മസ്തിഷ്ക്ക മരണത്തെത്തുടർന്നുള്ള അവയവദാന നിരക്ക് ഇന്ത്യയിൽ ഇന്നും വളരെ താഴെയാണ്. അതേസമയം സ്പെയിനിൽ ഒരുദശലക്ഷത്തിന് 35 അവയവ ദാതാക്കളുണ്ട്. ബ്രിട്ടനിൽ ഇത് ദശലക്ഷത്തിന് 27-ഉം, അമേരിക്കയിൽ 26-ഉം, ആസ്ത്രേലിയയിൽ 11-ഉം ആണ്. ഇന്ത്യയിലാവട്ടെ ദശലക്ഷത്തിന് 0.16 ആണ് അവയവ ദാതാക്കളുടെ എണ്ണം.

അവയവ ദാനത്തിനു സന്നദ്ധതയുള്ളവർ ചെയ്യേണ്ട ആദ്യത്തെ നടപടി ഒരു ഡോണർ കാർഡ് ഒപ്പിടുക എന്നതാണ്. ഡോണർ കാർഡ് നിയമപരമായ ഒരു രേഖയല്ല. ഇത് അവയവദാനത്തിന് ഒരു വ്യക്തിയുടെ സന്നദ്ധത വെളിപ്പെടുത്തുന്ന ഒരു രേഖയാണ്. സ്വന്തം മരണത്തിനു ശേഷം അവയവദാനം നടത്താനുള്ള സന്നദ്ധതയായതിനാൽ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും ഈ വിവരം അറിയിച്ചിരിക്കണം. അവർകൂടി സമ്മതം നൽകിയാൽ ആ തീരുമാനം പൂർണ്ണമായി. ഹൃദയം, കരൾ, ശ്വാസകോശം, കിഡ്നി, പാൻക്രിയാസ്, കുടലുകൾ, നേത്രപടലം പോലുള്ള ശരീര കലകൾ, ഹൃദയ വാൽവുകൾ, ത്വക്ക്, എല്ലുകൾ, ലിഗമെന്റ്സ്, ടെൻഡൻസ്, ഞരമ്പുകൾ തുടങ്ങിയവയെല്ലാം മസ്തിഷ്ക മരണം സംഭവിച്ചാൽ ദാനം ചെയ്യാവുന്നതാണ്.

വരാൻ പോകുന്ന മനുഷ്യാവയവ കലകളുടെ മാറ്റിവയ്ക്കൽ സംബന്ധിച്ച 2013-ലെ നിയമം അവയവദാനം നൂലാമാലകളിൽ കുടുങ്ങാതെ ഒഴിവാക്കാനുള്ള വ്യവസ്ഥകളും അവയവദാനം സംബന്ധിച്ച നിയമങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടുക്കാനുള്ള വ്യവസ്ഥകളുമുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

*ദാതാവിന് രോഗിയുമായി ബന്ധമില്ലാതിരിക്കുകയും; ദാതാവും സ്വീകർത്താവും ഒരേ സംസ്ഥാനത്തുള്ളവരും അവയവമാറ്റ ശസ്ത്രക്രിയ നടക്കുന്നത് മറ്റൊരു സംസ്ഥാനത്തോ/കേന്ദ്രഭരണ പ്രദേശത്തോ ആണെങ്കിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം. ഇത് ദാതാവിന്റെ/സ്വീകർത്താവിന്റെ സ്വദേശത്തു നിന്നാണ് വാങ്ങേണ്ടത്.

*ഓതറൈസേഷൻ കമ്മിറ്റിയുടെ മിനിമം കോറം 4 ആണ്. ചെയർമാൻ, ഹെൽത്ത് സെക്രട്ടറി/നോമിനി, ഹെൽത്ത് സർവ്വീസ് ഡയറക്ടർ/നോമിനി എന്നിവർ പങ്കെടുത്താൽ മാത്രമേ കോറം പൂർത്തിയാവുകയുള്ളൂ.

*ഓരോ അംഗീകൃത ട്രാൻസ്പ്ലാന്റേഷൻ സെന്ററിനും സ്വന്തമായി വെബ്സൈറ്റുണ്ടായിരിക്കണം. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സംബന്ധിച്ച കാര്യങ്ങളിൽ 24 മണിക്കൂറിനകം തീരുമാനമെടുത്തിരിക്കണം. ട്രാൻസ്പ്ലാന്റേഷൻ സെന്ററുകളുടെ വെബ്സൈറ്റ് സ്റ്റേറ്റ്/റീജണൽ/നാഷണൽ നെറ്റ്വർക്കുകളുമായി ഓൺലൈൻ സിസ്റ്റം വഴി ബന്ധിപ്പിച്ചിരിക്കണം. അവയവ സംഭരണം, പങ്കിടൽ, ശസ്ത്രക്രിയ തുടങ്ങിയവയുടെ സുഗമമായ നടത്തിപ്പിനാണിത്.

സെന്ററുകളിൽ നാഷണൽ നെറ്റ്വർക്കിംഗ് ഓർഗനൈസേഷൻ (ഒരു അപ്പെക്സ്) ഉണ്ടായിരിക്കണം. കൂടുതലായി ട്രാൻസ്പ്ലാന്റേഷനുകൾ നടത്തുന്ന സന്ദർഭങ്ങളിൽ റീജണൽ/സ്റ്റേറ്റ് ലെവൽ നെറ്റ്വർക്കുമായി ബന്ധമുണ്ടാവണം. സ്റ്റേറ്റ് യൂണിറ്റുകൾ ആശുപത്രികളുമായും അവയവം/കലകൾ മാച്ചിംഗ് ലാബുകളുമായും, ടിഷ്യൂ ബാങ്കുകളുമായും റീജണൽ, നാഷണൽ നെറ്റ് വർക്കിംഗ് ഓർഗനൈസേഷനുകളുമായും ബന്ധപ്പെട്ടിരിക്കണം. ഇത്തരം നെറ്റ്വർക്കുകൾ അവയവ സംഭരണം, സൂക്ഷിപ്പ്, ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കൽ, മാച്ചിംഗ്, അലോക്കേഷൻ, ട്രാൻസ്പ്ലാന്റേഷൻ എന്നിവ ത്വരിതപ്പെടുത്തുകയും ഇതുസംബന്ധിച്ച വ്യവസ്ഥകളും മറ്റും രൂപീകരിക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നുണ്ട്.

ദേശീയ, പ്രാദേശിക, സംസ്ഥാന തലങ്ങളിലെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് രൂപപ്പെടുത്തിയ ഒരു നാഷണൽ രജിസ്ട്രിൽ നിലവിൽ വരും. മനുഷ്യാവയവങ്ങൾ/കലകൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ഒരു ഓൺലൈൻ സംവിധാനമാണിത്. ദേശീയ/പ്രാദേശിക രജിസ്ട്രികൾ സമാന സ്വഭാവമുള്ള സംസ്ഥാനതല രജിസ്ട്രികളുടെ അടിസ്ഥാനത്തിലായിരിക്കും രൂപീകരിക്കുന്നത്.

ഇതോടനുബന്ധിച്ച് നാഷണൽ ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റേഷൻ ഓർഗനൈസേഷൻ (എൻ.ഒ.റ്റി.റ്റി.ഒ -നാട്ടോ) ഓൺലൈൻ സർവ്വീസ് ആളുകളെ നേരിട്ട് അവയവ ദാതാക്കളുമായി ബന്ധിപ്പിക്കും. എൻ.ഒ.റ്റി.റ്റി.ഒ ആരോഗ്യ മന്ത്രാലയത്തിനു കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. രാജ്യത്തെ അവയവമാറ്റങ്ങളെല്ലാം ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയാണിത്. രാജ്യത്തെ സ്വകാര്യ ആശുപത്രികളുൾപ്പെടെ എല്ലാ ആശുപത്രികളും ഈ നെറ്റ്വർക്കിന്റെ ഭാഗമായിരിക്കും. നോട്ടോയെ കൂടാതെ മറ്റ് നാല് പ്രാദേശിക സെന്ററുകൾ കൂടി രാജ്യത്ത് വിവിധയിടങ്ങളിലായി സ്ഥാപിക്കും.

റീജനറേറ്റീവ് മെഡിസിൻ എന്നറിയപ്പെടുന്ന വളർന്നു വരുന്ന പുതിയ വൈദ്യശാസ്ത്ര ശാഖ രോഗിയുടെ സ്വന്തം കോശങ്ങളിൽ നിന്ന് അവയവങ്ങൾ സൃഷ്ടിച്ചെടുക്കാനോ വളർത്തിയെടുക്കാനോ ശ്രമിക്കുന്നു. അവയവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം ഈ മേഖലയുമായി ബന്ധപ്പെട്ട സാമൂഹ്യ ധാർമ്മിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പുതിയ ശാസ്ത്രശാഖയുടെ വളർച്ച ഇടയാക്കും. ■

തയ്യാറാക്കിയത്:
പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പാചക വാതകം: ഉപഭോക്തൃ സേവനത്തിൽ വൻ കുതിച്ചു ചാട്ടം

പി. കല്യാണസുന്ദരം

മൊബൈൽ ഫോൺ വഴി സിലിണ്ടർ നിറയ്ക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി 1800 2333 555 എന്ന ടോൾഫ്രീ നമ്പർ പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ ഡീലർമാരെ കമ്പനി പോർട്ടലുകൾ വഴി റേറ്റു ചെയ്യാവുന്നതാണ്.

ഇന്ത്യയിൽ എൽ.പി.ജി. പാചകത്തിനായി ഉപയോഗിച്ചു തുടങ്ങിയത് 1955-ലാണ്. മുംബൈയിൽ ബർമാ ഷെൽ പാചക വാതകം വിൽക്കാൻ ആരംഭിച്ചതോടെയായിരുന്നു ഇത്. കഴിഞ്ഞ ആറ് ദശകങ്ങളായി അടുക്കളയിലെ ഏറ്റവും പ്രിയപ്പെട്ട ഇന്ധനമായി എൽ.പി.ജി. നിലകൊള്ളുന്നു. ഇതിന്റെ വ്യാപനം 1980-കളിലാണ് സംഭവിക്കുന്നത്. 1978-നു മുമ്പ് എൽ.പി.ജി.യുടെ വിതരണം പരിമിതമായിരുന്നു. തദ്ദേശീയമായി ഉൽപ്പാദിപ്പിക്കപ്പെട്ട പാചകവാതകം മാത്രമേ അക്കാലത്ത് വിപണനം ചെയ്യപ്പെട്ടിരുന്നുള്ളൂ. എന്നാൽ 1980-കളോടെ ഇന്ത്യയിൽ റിഫൈനറികളുടെ എണ്ണം കൂടുകയും കൂടുതൽ എക്സ്ട്രാക്ഷൻ യൂണിറ്റുകൾ സ്ഥാപിതമാവുകയും ചെയ്തു. ഇതോടെ കൂടുതൽ എൽ.പി.ജി. വിപണിയിലെത്തികയും ജനപ്രീതി ആർജ്ജിക്കുകയും ചെയ്തു. ഉപഭോഗവും ആവശ്യവും വർദ്ധിച്ചു തുടങ്ങിയതോടെ വൻതോതിൽ ഇറക്കുമതിയും തുടങ്ങി.

ആദ്യകാലങ്ങളിൽ നഗരങ്ങളിൽ മാത്രമായിരുന്നു എൽ.പി.ജി ലഭിച്ചിരുന്നത്. പിന്നീട് അത് നഗരപ്രാന്തങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും വ്യാപിച്ചു.

ഇന്ന് ഇന്ത്യയിലെ 15 കോടിയോളം വീടുകളിൽ എൽ.പി.ജി. എത്തിയിട്ടുണ്ട്. അതായത് ജനസംഖ്യയിൽ 60 ശതമാനത്തിലേറെ ആളുകൾ എൽ.പി.ജി ഉപയോഗിക്കുന്നവരാണ്. 1955-ലെ എളിയ തുടക്കത്തിൽ നിന്ന് ഇത്രയും വർദ്ധിച്ച ജനസ്വീകാര്യത ഇതിനു ലഭിക്കുമെന്ന് സ്വപ്നം കണ്ടവർ കുറവാണ്.

ഒരു പരിസ്ഥിതി സൗഹൃദ ഇന്ധനം

മുൻകാലങ്ങളിലെ കരിപിടിച്ച ഇരുണ്ട അടുക്കളയിൽ നിന്ന് ഇന്നത്തെ അത്യന്താധുനിക ശുചിത്വസുന്ദരമായ അടുക്കളയിലേക്കുള്ള മാറ്റത്തിൽ എൽ.പി.ജി. വഹിച്ച പങ്ക് വലുതാണ്. വൃത്തിയുടെ കാര്യത്തിൽ പഴയകാല ഇന്ധനങ്ങളായ വിറക്, കൽക്കരി, ചാണകം ഇവയിലൊന്നിനും എൽ.പി.ജി.യോട് കിടപിടിക്കാനാവില്ല.

എൽ.പി.ജി.യുടെ നിരവധിയായ ആരോഗ്യ, ശുചിത്വ ഗുണങ്ങൾ കണക്കിലെടുത്ത് ഗവൺമെന്റ് ഇതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി സബ്സിഡി നിരക്കിൽ പാചകവാതകം വിതരണം ചെയ്യുന്നു. അതുവഴി കൂടുതൽ കൂടുതൽ അടുക്കളകൾ ശുചിത്വവും സുരക്ഷിതവും ആകുന്നു. ഇന്ന് യു.എസ്.എ, ചൈന, സൗദി അറേബ്യ, ജപ്പാൻ എന്നീ രാജ്യങ്ങൾക്കു പിന്നിൽ അഞ്ചാമതാണ് എൽ.പി.ജി. ഉപഭോഗത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം.

എൽ.പി.ജി.യുടെ നിരവധിയായ ആരോഗ്യ, ശുചിത്വ ഗുണങ്ങൾ കണക്കിലെടുത്ത് ഗവൺമെന്റ് ഇതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി സബ്സിഡി നിരക്കിൽ പാചകവാതകം വിതരണം ചെയ്യുന്നു. അതുവഴി കൂടുതൽ കൂടുതൽ അടുക്കളകൾ ശുചിത്വവും സുരക്ഷിതവും ആകുന്നു. ഇന്ന് യു.എസ്.എ, ചൈന, സൗദി അറേബ്യ, ജപ്പാൻ എന്നീ രാജ്യങ്ങൾക്കു പിന്നിൽ അഞ്ചാമതാണ് എൽ.പി.ജി. ഉപഭോഗത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം.

വിതരണ ശൃംഖലാ വ്യാപനം

12,791 എൽ.പി.ജി. വിതരണക്കാരും, പാചകവാതകം നിറയ്ക്കുന്ന 186 ബോട്ടിലിംഗ് പ്ലാന്റുകളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. 22 ഇന്ത്യൻ റിഫൈനറികളാണ് എൽ.പി.ജി. വിതരണം തടസ്സപ്പെടാതെ കൈകാര്യം ചെയ്യുന്നത്.

ഗവൺമെന്റിന് പാചകവാതക വിതരണത്തിനുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ പദ്ധതിയുണ്ട്. പ്രത്യേകിച്ച് കൂടുതൽ എൽ.പി.ജി ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിച്ചും ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും എൽ.പി.ജി. വിതരണം കാര്യക്ഷമമാക്കിയും പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

ഈയടുത്ത കാലംവരെ പൊതുമേഖലാ സ്ഥാപനങ്ങൾ 20,000–ത്തിലേറെ ജനസംഖ്യയുള്ള നഗരങ്ങളിലും പട്ടണങ്ങളിലും മാത്രമാണ് എൽ.പി.ജി. വിതരണം നടത്തിയിരുന്നത്. എന്നാൽ 2009–ൽ ആരംഭിച്ച രാജീവ് ഗാന്ധി എൽ.പി.ജി. "വിതര്ക് യോജന" ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും പോലും എൽ.പി.ജി. വിതരണം സുഗമമാക്കി. ഈ പദ്ധതിക്കു കീഴിൽ 6,619 വിതരണക്കാരാണ് ഉള്ളത്. ഇതിൽ 2,200 വിതരണക്കാർ ഇതിനകം കമ്മീഷൻഡ് ആയി. ഈ പദ്ധതി ദരിദ്രരോട് വളരെയേറെ അനുഭാവം പുലർത്തുന്നു. ദരിദ്രർക്ക് എൽ.പി.ജി കണക്ഷന് വേണ്ട സെക്യൂരിറ്റി തുക സി.എസ്.ആർ ഫണ്ടുകളിൽ നിന്ന് സ്വീകരിച്ചു കൊണ്ട് അവർക്ക് പാചകവാതക കണക്ഷന് നൽകാനുള്ള വ്യവസ്ഥ പദ്ധതിയിലൂടെ തദ്ദേശ പഞ്ചായത്തുകൾക്ക് എൽ.പി.ജി വിതരണച്ചുമതല നൽകുക, സ്ത്രീകളുടെ പേരിൽ പാചകവാതക കണക്ഷന് അനുവദിക്കുന്നത് വഴി സ്ത്രീ ശാക്തീകരണവും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ വിജയകരമായ പ്രവർത്തനത്തിന്റെ ഫലമാണ് 38.8 ലക്ഷം എൽ.പി.ജി. ഉപഭോക്താക്കളിൽ 1.42 ലക്ഷം ബി.പി.എൽ കുടുംബങ്ങളും ഉൾപ്പെടുന്നു എന്നത് (2013 ജൂലൈ 1–ലെ കണക്കനുസരിച്ച്).

ഉപഭോക്താവിന്റെ സൗകര്യത്തിന് പ്രഥമ പരിഗണന

പാചകവാതകം ഉപഭോക്താവിന്റെ വീട്ടുപടിക്കലെത്തിക്കുന്നതോടൊപ്പം ഉയർന്ന സേവന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ഗവൺമെന്റ് വളരെയേറെ ശ്രമിക്കുന്നു. ഈ രണ്ട് ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് വിതരണക്കാർക്ക് റേറ്റിംഗ് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. പാചകവാതകം വിതരണം ചെയ്യാനെടുക്കുന്ന സമയം, ഓൺലൈൻ വഴി ലഭ്യമായ സേവനമികവ്, സുതാര്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് വിതരണ ഏജൻസികളെ റേറ്റ് ചെയ്യുന്നത്. വിതരണ തടസ്സങ്ങൾ മാറ്റുന്നതിനും ബുക്ക് ചെയ്തവർക്ക് കഴിയുന്നത്ര വേഗത്തിൽ എൽ.പി.ജി. എത്തിച്ചു കൊടുക്കുന്നതിനും ഇത് ഇടയാക്കുന്നു.

ഉപഭോക്താക്കൾക്ക് തങ്ങളുടെ എൽ.പി.ജി വിതരണ ഏജൻസികളുടെ സേവനത്തിൽ തൃപ്തിയില്ലാത്ത പക്ഷം മറ്റൊരു വിതരണ ഏജൻസിയെ ഓൺലൈനിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള അവസരമുണ്ട്. ഈ പദ്ധതി (കണക്ഷൻ പോർട്ടബിലിറ്റി) പരീക്ഷണാർത്ഥത്തിൽ ചണ്ഡീഗഡിൽ നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി ഘട്ടംഘട്ടമായി മറ്റിടങ്ങളിലും നടപ്പാക്കും.

മൊബൈൽ ഫോൺ വഴി സിലിണ്ടർ നിറയ്ക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി 1800 2333 555 എന്ന ടോൾഫ്രീ നമ്പർ പൊതുമേഖലാസ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ ഡീലർമാരെ കമ്പനി പോർട്ടലുകൾ വഴി റേറ്റു ചെയ്യാവുന്നതാണ്.

നേരിട്ടുള്ള സബ്സിഡി കൈമാറ്റം

സബ്സിഡിയുള്ള പാചകവാതക സിലിണ്ടറുകൾ യഥാർത്ഥ ഉപഭോക്താവിന്റെ കൈകളിലെത്തിക്കുക ഗവൺമെന്റിന്റെ എക്കാലത്തെയും സ്വപ്നങ്ങളിലൊന്നായിരുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥിതി ധാരാളം പഴുതുകളുള്ളതായിരുന്നതിനാൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ ശക്തമായി നടപടിയെടുക്കാൻ സാധിച്ചിരുന്നില്ല. 2012–13 ലെ സബ്സിഡി തുക മാത്രം 41,547 കോടി രൂപയായിരുന്നു. യഥാർത്ഥ ഉപഭോക്താവിന്റെ കൈകളിൽതന്നെയാണ് സബ്സിഡിയുള്ള സിലിണ്ടർ എത്തിച്ചേരുന്നത് എന്ന് ഉറപ്പാക്കാനാണ് സബ്സിഡി തുക നേരിട്ടുള്ള ആനുകൂല്യ കൈമാറ്റ പദ്ധതി വഴി കൈമാറ്റം ചെയ്തു തുടങ്ങിയത്. ഗാർഹിക ആവശ്യങ്ങൾക്കുള്ള സിലിണ്ടറിന്റെ സബ്സിഡി തുകയായ 465 രൂപ ബാങ്ക് അക്കൗണ്ട് വഴി ഉപഭോക്താവിന് എത്തിച്ചുകൊടുക്കുന്നു. പരീക്ഷണാർത്ഥം 2013 ജൂൺ ഒന്നിന് രാജ്യത്തെ 18 ജില്ലകളിലും 2013 ജൂലൈ ഒന്നിന് മൈസൂറിലും ഇത് നടപ്പാക്കി. ആധാർ എന്റോൾമെന്റ് കൂടുതലുള്ള ജില്ലകളിൽ 2013 ഓഗസ്റ്റ് ഒന്നിന് പദ്ധതി നടപ്പാക്കി. പദ്ധതി നടപ്പാക്കിയതു മുതൽ ഇതുവരെ 40 ലക്ഷം ഇടപാടുകളും 150 കോടി രൂപയുടെ കൈമാറ്റവും നടന്നു. മൊത്തം 20 ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. സെപ്തംബർ ഒന്നിന് 35 ജില്ലകളിൽകൂടി പദ്ധതി നടപ്പാക്കും. തുടർന്ന് ഇന്ത്യയൊട്ടാകെ ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കും.

സുതാര്യ പോർട്ടൽ

ഉപഭോക്താവിനെ എൽ.പി.ജി വിതരണം സംബന്ധിച്ച നിരവധി കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2012 ജൂൺ 22–ന് എൽ.പി.ജി സുതാര്യ പോർട്ടൽ ആരംഭിച്ചു. സബ്സിഡിയുള്ള സിലിണ്ടറുകളുടെ വിതരണം സംബന്ധിച്ച കാര്യങ്ങളിൽ അവഗാഹം നേടാൻ ഉപഭോക്താവിനെ ഈ പോർട്ടലുകൾ സഹായിക്കുന്നു. എൽ.പി.ജി സിലിണ്ടറുകളുടെ വിതരണവും രസീതും സംബന്ധിച്ച കാര്യങ്ങളിൽ ഇന്ന് ഉപഭോക്താക്കൾ അവഗാഹമുള്ളവരാണ്. സാമൂഹ്യ ഓഡിറ്റ് സംവിധാനം ശക്തിമത്താക്കാൻ ഈ സംവിധാനം സഹായകരമായിത്തീരുന്നു.

പുതിയ നടപടികൾ മൂലം ഇന്ത്യയുടെ മുക്കിലും മൂലയിലും വരെ പാചകവാതകം ലഭിക്കുകയും പാചകം സൗകര്യപ്രദമായ അനുഭവമായി മാറുകയും ചെയ്തു. ഈ വ്യാപനം സുതാര്യവും ഉപഭോക്തൃ സേവനോന്മുഖവും ആയതിനാൽ ഇന്ത്യൻ ജനതയുടെ ജീവിത നിലവാരം വളരെയേറെ ഉയർത്താൻ ഈ നടപടി ഇടയാക്കിത്തീർക്കുന്നു. ■

** പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയാണ് ലേഖകൻ (കടപ്പാട് – പി.ഐ.ബി)*

ഡെങ്കിപ്പനിയിൽ ശ്വേതരക്താണുക്കളുടെയും പ്ലേറ്റ്ലെറ്റിന്റെയും എണ്ണത്തിൽ കുറവ് കാണപ്പെടുന്നു. (സാധാരണ പ്ലേറ്റ്ലെറ്റിന്റെ എണ്ണം 1.5 ലക്ഷം – 4.5 ലക്ഷം/mm^3 ആണ്) പ്ലേറ്റ്ലെറ്റിന്റെ അളവ് 20000/mm^3 ൽ താഴെ ആകുമ്പോൾ ആമാശയം, വൃക്കകൾ, തലച്ചോറ്, ശ്വാസകോശം തുടങ്ങിയ അവയവങ്ങളിലേക്ക് തനിയെ രക്തസ്രാവം ഉണ്ടാകാം. പ്ലേറ്റ്ലെറ്റിന്റെ എണ്ണത്തിലുണ്ടാകുന്ന കുറവ് കൂടാതെ അതിന്റെ പ്രവർത്തനത്തിലും വ്യതിയാനം ഉണ്ടാവുന്നു. ഹെമാറ്റോക്രിറ്റ് എന്ന രക്തപരിശോധനക്കും വ്യതിയാനം സംഭവിക്കാം. ഇതിന്റെ അളവ് കൂടുതലായി കാണപ്പെടുന്നു.

വൃക്കകളുടെ പ്രവർത്തനം അറിയുവാൻ സഹായിക്കുന്ന റീനൽ ഫംഗ്ഷൻ ടെസ്റ്റ് (യൂറിയ, സിറം ക്രിയാറ്റിനിൻ), കരളിന്റെ പ്രവർത്തനം അറിയുവാൻ സഹായിക്കുന്ന ലിവർ ഫംഗ്ഷൻ ടെസ്റ്റ്, രക്തത്തിലെ പഞ്ചസാരയുടെ അളവ് രക്തത്തിലെ സോഡിയം, പൊട്ടാസ്യം എന്നിവയുടെ അളവ് എന്നീ ടെസ്റ്റുകൾ സാധാരണയായി ചെയ്യുന്നു. ലിവർ എൻസൈമുകളുടെ അളവ് (SGOT and SGPT) കൂടുകയും ആൽബുമിൻ എന്ന പ്രോട്ടീന്റെ അളവ് കുറയുകയും ചെയ്യുന്നതായി കാണാം.

നെഞ്ചിന്റെ എക്സ്-റേ എടുക്കുന്നത് സഹായകരമാണ്. ഇതിലൂടെ നെഞ്ചിലുണ്ടാകാവുന്ന വെള്ളക്കെട്ട് (pleural effusion) ശ്വാസകോശത്തിലെ ആൽവിയോളകളിലുണ്ടാകുന്ന നീർകെട്ട് (pulmonary oedema) എന്നിവ മനസ്സിലാക്കാൻ സാധിക്കും.

വയറിന്റെ അൾട്രാസൗണ്ട് സ്കാനിങ്ങിൽ വയറ്റിലുണ്ടാകുന്ന വെള്ളക്കെട്ട് (Ascites) കരൾവീക്കം (Hepatomegaly) പിത്തസഞ്ചിയുടെ ഭിത്തിയിലുണ്ടാകുന്ന തടിപ്പ് എന്നിവ കാണപ്പെടാം.

ഡെങ്കിപ്പനി ഹൃദയത്തെ ബാധിച്ചിട്ടുണ്ടോ എന്നറിയാൻ ഇസിജി സഹായിക്കും. മയോകാർഡൈറ്റിസ് എന്നാണ് ഹൃദയത്തെ ബാധിക്കുന്ന രോഗത്തിന് പറയുന്നത്. തലകറക്കം, താഴ്ന്ന രക്തസമ്മർദ്ദം (പ്രഷർ 90-ാ മെർക്കുറിക്ക് താഴെ വരിക), ശക്തി കുറഞ്ഞ ദ്രുതഗതിയിലുള്ള നാഡീയിടിപ്പ് എന്നീ ലക്ഷണങ്ങളുള്ള രോഗികളിൽ മയോകാർഡൈറ്റിസ് കാണുവാനുള്ള സാധ്യത വളരെ കൂടുതലാണ്.

ഡെങ്കിപ്പനി ഹൃദയത്തെ ബാധിച്ചിട്ടുണ്ടോ എന്നറിയാൻ E.C.G സഹായിക്കും. മയോകാർഡൈറ്റിസ് എന്നാണ് ഹൃദയത്തെ ബാധിക്കുന്ന രോഗത്തിന് പറയുന്നത്. തലകറക്കം, താഴ്ന്ന രക്തസമ്മർദ്ദം (പ്രഷർ 90-ാം മെർക്കുറിക്ക് താഴെ വരിക), ശക്തി കുറഞ്ഞ ദ്രുതഗതിയിലുള്ള നാഡീയിടിപ്പ് എന്നീ ലക്ഷണങ്ങളുള്ള രോഗികളിൽ മയോകാർഡൈറ്റിസ് കാണുവാനുള്ള സാധ്യത വളരെ കൂടുതലാണ്.

ഡെങ്കിപ്പനിയുടെ രോഗസ്ഥിരീകരണം രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി 24 മുതൽ 48 മണിക്കൂറുകൾക്കുള്ളിൽ സാധ്യമാണ്. ഡെങ്കു NS1 ആന്റിജൻ എന്ന ടെസ്റ്റാണ് ഇതിനായി ചെയ്യുന്നത്. പനി തുടങ്ങി 5 ദിവസത്തിനുശേഷം ഡെങ്കു IgM ആന്റിബോഡി എന്ന ടെസ്റ്റ് നടത്തി ഡെങ്കിപനി ബാധിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയാം.

മുകളിൽ പറഞ്ഞ രക്തപരിശോധനകൾ (രോഗസ്ഥിരീകരണത്തിന് ഉപയോഗിക്കുന്ന ഡെങ്കു NS1 ആന്റിജൻ ഡെങ്കു Igm ആന്റീബോഡീ എന്നിവ ഒഴികെയുള്ളവ) ദിനംപ്രതിയോ, ഒന്നിടവിട്ട ദിവസങ്ങളിലോ ചെയ്യണ്ടതായിവരും. ഇത് രോഗത്തിന്റെ ത്രീവ്രത മനസ്സിലാക്കുന്നതിനും ചികിത്സയിൽ ആവശ്യമായ വ്യതിയാനങ്ങൾ വരുത്തുന്നതിനും ഡോക്ടറെ സഹായിക്കും.

എങ്ങനെയാണ് ഈ രോഗത്തെ ചികിത്സിക്കുന്നത്? ഡെങ്കിപനിയുള്ള എല്ലാ രോഗികളെയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു ചികിത്സിക്കേണ്ടതുണ്ടോ? രഘുവിന്റേതായിരുന്നു സംശയം.

ഡെങ്കിപ്പനി ബാധിച്ച എല്ലാ രോഗികളെയും ആശുപത്രികളിൽ കിടത്തി ചികിത്സിക്കേണ്ടതില്ല. രോഗത്തിന്റെ തീവ്രത, രോഗലക്ഷണങ്ങൾ, രക്തപരിശോധനാ റിപ്പോർട്ടുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് രോഗിയെ അഡ്മിറ്റ് ചെയ്യണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്.

ക്ലാസിക്കൽ ഡെങ്കിപ്പനിയുള്ള രോഗികളെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടതില്ല. എന്നാൽ ഈ രോഗികളെ സൂക്ഷ്മ നിരീക്ഷണത്തിൽ വയ്ക്കേണ്ടതും രോഗം മൂർഛിക്കുന്നതിന്റെ എന്തെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഡെങ്കുഹെമറേജിക് ഫിവർ, ഡെങ്കുഷോക്ക് സിൻഡ്രോം എന്നീ വിഭാഗങ്ങളിലുള്ള രോഗികളെ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്ത് എത്രയും വേഗം ചികിത്സ ആരംഭിക്കേണ്ടതാണ്. 2013-ൽ എല്ലാ വിഭാഗങ്ങളിലും പെട്ട ഡെങ്കിപനികൾ നാം കാണുകയുണ്ടായി. ഡെങ്കുഹെമറേജിക് ഫിവറും, ഡെങ്കുഷോക്ക് സിൻഡ്രോമും മുൻ കാലങ്ങളെ അപേക്ഷിച്ച് കൂടുതലായി കാണപ്പെടുന്നു.

ചികിത്സ പ്രധാനമായും രോഗലക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രമേഹത്തിനോ ന്യൂമോണിയയ്ക്കോ ക്ഷയരോഗത്തിനോ ഉള്ളതുപോലെ ഡെങ്കിപ്പനിക്ക് എതിരെയുള്ള പ്രത്യേകതരം മരുന്നുകൾ ലഭ്യമല്ല. രോഗികൾക്ക് പരിപൂർണ്ണ ശാരീരിക വിശ്രമം അത്യന്താപേക്ഷിതമാണ്. ഡ്രിപ്പുകൾ (ഐ.വി.ഫ്ളൂയിഡ്) പനിക്ക് പാരസെറ്റാമോൾ ഗുളികകൾ തണുത്ത തുണികൊണ്ട് തുടയ്ക്കുക, രക്തം പ്ലാസ്മ, പ്ലെയിറ്റ്ലെറ്റ് കോൺസൻട്രേറ്റ് എന്നിവ നൽകുക. ധാരാളം വെള്ളം കുടിക്കുകയും, ആവശ്യത്തിന് ഭക്ഷണം കഴിക്കുകയും ചെയ്യുക എന്നിവയാണ് പ്രധാനപ്പെട്ട ചികിത്സാവിധികൾ. രോഗികൾ സ്വയംചികിത്സ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. മൂത്രത്തിന്റെ അളവ് ശ്രദ്ധിക്കേണ്ടതാണ്. സാധാരണയായി ഉപയോഗിക്കുന്ന വേദന സംഹാരികൾ (ഡൈക്ലോഫെനാക് – വോവറാൻ, അസിക്ലൊഫെനാക്, ബ്രൂഫൻ തുടങ്ങിയവ), ആസ്പിരിൻ തുടങ്ങിയ ഗുളികകൾ ഉപയോഗിക്കരുത്. രക്തസമ്മർദ്ദം 100 മി.മി. മെർക്കുറിക്ക് മുകളിലായി നിലനിർത്തണ്ടതാണ്.

കംപ്ലീറ്റ് ബ്ലഡ്കൗണ്ട് (ഹീമോഗ്ലോബിൻ, റ്റോട്ടൽ കൗണ്ട്, ഡിഫറൻഷ്യൽ കൗണ്ട്, പ്ലേറ്റ്ലെറ്റ് കൗണ്ട്എന്നിവ അടങ്ങിയത്) ഹെമറ്റോക്രിറ്റ് മുതലായ പരിശോധനകൾ എല്ലാ ദിവസവും ചെയ്യേണ്ടതാണ്. സാധാരണഗതിയിൽ രോഗി ചികിത്സയോട്

ഡോ. ജോസ്മോൻ ജോർജ്ജ്

കംപ്ലീറ്റ് ബ്ലഡ്കൗണ്ട് (ഹീമോഗ്ലോബിൻ, റ്റോട്ടൽ കൗണ്ട്, ഡിഫറൻഷ്യൽ കൗണ്ട്, പ്ലേറ്റ്ലെറ്റ് കൗണ്ട് എന്നിവ അടങ്ങിയത്) ഹെമറ്റോക്രിറ്റ് മുതലായ പരിശോധനകൾ എല്ലാദിവസവും ചെയ്യേണ്ടതാണ്. സാധാരണഗതിയിൽ രോഗി ചികിത്സയോട് വളരെ നന്നായി പ്രതികരിക്കാറുണ്ട്.

ഡെങ്കിപനി അഥവാ ബ്രെയ്ക്ക് ബോൺ ഫിവർ

വളരെ നന്നായി പ്രതികരിക്കാറുണ്ട്. രക്തസമ്മർദ്ദത്തിലുണ്ടാകുന്ന വർദ്ധന, മൂത്രത്തിന്റെ അളവിലുണ്ടാകുന്ന വർദ്ധന, കൈകാലുകൾ ചൂടുള്ളതായി മാറുക, ബോധം മെച്ചപ്പെടുക. എന്നീ ലക്ഷണങ്ങൾ ഡെങ്കുഹെമറേജിക് ഫിവർ, ഡെങ്കുഷോക്ക് സിൻഡ്രോം എന്നീ വിഭാഗങ്ങളിൽപെട്ട ഡെങ്കിപ്പനിയുടെ തീവ്രത കുറയുന്നതിന്റെയും രോഗം മാറുന്നതിന്റെയും ശുഭലക്ഷണങ്ങളാണ്.

ഈ രോഗത്തെ നമുക്ക് തടയാൻ സാധിക്കുമോ? ശിവദാസിന്റെതായിരുന്നു സംശയം.

തീർച്ചയായും. ഞാൻ പറഞ്ഞു. മറ്റു രോഗങ്ങളിലെപോലെ തന്നെ രോഗപ്രതിരോധമാണ് രോഗചികിത്സയേക്കാൾ അഭികാമ്യം.

ഡെങ്കിപനി പകരുന്നതിന് കാരണമായ ഈഡിസ് കൊതുകുകൾ പ്രജനനം നടത്തുന്നത് കൃത്രിമമായി കെട്ടികിടക്കുന്ന വെള്ളത്തിലാണ്. ഈഡിസ് കൊതുകുകളെ തിരിച്ചറിയാൻ എളുപ്പമാണ്. വലിയ ശരീരമുള്ള ഈ കൊതുകുകൾക്ക് കറുപ്പ് ശരീരത്തിൽ വെളുത്ത വരകളുണ്ട്-സീബ്രായെപ്പോലെ. അതുകൊണ്ട് വെള്ളം കെട്ടികിടക്കുവാൻ സാധ്യതയുള്ള പൊട്ടിയ പ്ലാസ്റ്റിക് പാത്രങ്ങൾ, ഗ്ലാസുകൾ, ചിരട്ടകൾ, തേങ്ങാതോടുകൾ, ടയറുകൾ, ചെടിച്ചട്ടികൾ, മൺച്ചട്ടികൾ, പ്ലാസ്റ്റിക് കൂടുകൾ, മരത്തിന്റെ പോടുകൾ മുതലായവ മഴക്കാലത്തിനു മുമ്പേ നശിപ്പിക്കേണ്ടതാണ്. ഈഡിസ് കൊതുകുകൾക്ക് 100 മീറ്ററിൽ കൂടുതൽ പറക്കാൻ കഴിയില്ല എന്നുള്ളത് രോഗ പ്രതിരോധത്തിന് സഹായകരമായ കാര്യമാണ്.

കൂടാതെ ഡീസൽ, മണ്ണെണ്ണ, ഫെൻതിയോൺ, അബേറ്റ് മുതലായ കീടനാശിനികൾ എന്നിവയും ഈഡിസ് കൊതുകുകളെയും ലാർവകളെയും നശിപ്പിക്കാൻ ഉപയോഗിക്കാവുന്നതാണ്. കൊതുകുകടിയിൽ നിന്ന് രക്ഷനേടാനായി കൊതുകുതിരികൾ, കൊതുകു വലകൾ എന്നിവ വ്യക്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. വീട്, ഓഫീസ്, പൊതുവഴികൾ എന്നിവയും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മഴക്കാലം വന്ന് ഡെങ്കിപനി വ്യാപകമാകുമ്പോൾ മാത്രം മുറവിളികൂട്ടുന്ന മലയാളിയുടെ സ്വഭാവം മാറ്റി മഴക്കാലത്തിനു മുമ്പേ തന്നെ കൊതുകുകളുടെ പ്രജനനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം പാഴ്വസ്തുക്കൾ പ്ലാസ്റ്റിക് കവറുകളിലാക്കി അന്യന്റെ പറമ്പിലും പൊതുനിരത്തുകളിലും വലിച്ചെറിയുന്ന മലയാളിയുടെ തികച്ചും അനാരോഗ്യകരമായ സ്വഭാവത്തിനു മാറ്റം വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഡെങ്കിപനി നമ്മുടെ അശ്രദ്ധകൊണ്ടുമാത്രം ഉണ്ടാകുന്ന, വളരെ ലളിതമായി തടയാവുന്ന രോഗമാണ്.

ഡെങ്കിപനിക്ക് എതിരെയുള്ള പ്രതിരോധ വാക്സിനുകൾ ലഭ്യമല്ല. പ്രതിരോധ വാക്സിനുകൾക്ക് വേണ്ടിയുള്ള പ്രയത്നങ്ങൾ തുടങ്ങിയിട്ടുണ്ട്.

വളരെ നന്ദി സർ, രമേഷ് പറഞ്ഞു. ഞങ്ങൾ ഞങ്ങളുടെ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ശുചീകരണ യജ്ഞം നടത്താൻ പോവുകയാണ്.

വളരെ നല്ലത്; എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഞാൻ പറഞ്ഞു. കാപ്പിക്ക് ശേഷം അവർ എനിക്ക് ഊഷ്മളമായ ഒരു യാത്രയയ്പ്പ് നൽകി. മഞ്ഞു കണങ്ങൾ ഇറ്റിറ്റുവീഴുന്ന പുൽനാമ്പുകളെ ഇക്കിളിപ്പെടുത്തുന്ന ഇളംതെന്നലേറ്റ് ഞാൻ എന്റെ വീട്ടിലേക്ക് തിരിച്ചു. അപ്പോൾ പടിഞ്ഞാറെ ചക്രവാളത്തിൽ സൂര്യൻ തിരശ്ശീലയ്ക്കുള്ളിലേക്ക് മറയാൻ തുടങ്ങിയിരുന്നു. ■

അസി. പ്രൊഫസർ ഇൻ ജനറൽ മെഡിസിൻ
ഗവ. മെഡിക്കൽ കോളേജ്, കോട്ടയം

വമ്പാ സരസ്സ് തട വിശേഷങ്ങൾ കേരളത്തിന്റെ സമ്പന്നമായ സംസ്കൃതിയുടെ വലിയചരിത്രമാണ്. വലിയ വർത്തമാനവുമാണത്. തീർത്ഥാടനകേന്ദ്രങ്ങൾ, സമ്മേളനവേദികൾ, ക്ഷേത്രോത്സവങ്ങൾ കാർഷികവിളഭൂമികൾ, പടയണിക്കാവുകൾ, വിവിധ മതവിഭാഗങ്ങളുടെ ദേവാലയങ്ങൾ എന്നിവക്കെല്ലാം പനിനീർ തളിച്ച് പുണ്യം പകരുന്ന പമ്പാനദി മലയാളത്തിന്റെ വികാരമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ജലോത്സവങ്ങൾ നടക്കുന്ന നദി എന്ന പദവിയും പമ്പയ്ക്കുള്ളതാണ്. കേരളക്കരയെ പുളകം കൊള്ളിക്കുന്ന അനല്പമായ തുടിപ്പുകളുമായാണ് ചിങ്ങമാസത്തിലെ തിരുവോണം വന്നെത്തുന്നത്. വ്യത്യസ്തഭാവങ്ങൾ നിറഞ്ഞ ആ ദേശീയോത്സവത്തിന്റെ വിസ്മയമുഖചിത്രമായാണ് ആറന്മുള ഉതൃട്ടാതി വള്ളം കളി മലയാളി മനസ്സിൽ വന്ന് കയറുന്നത്.

ആറന്മുള പുരാതനമായ ഒരു തീർത്ഥാടനകേന്ദ്രമാണ്. ശബരിമല തീർത്ഥാടനത്തിന്റെ പ്രധാന ഇടത്താവളമാണ് ആറന്മുള. ഇപ്പോഴത്തെ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ ഈ പ്രദേശം ഉൾപ്പെടുന്നു. 1200 വർഷം പഴക്കമുള്ള ശ്രീ പാർത്ഥസാരഥി ക്ഷേത്രമാണ് ആറന്മുള ഗ്രാമത്തിന്റെ മേൽവിലാസം. ഈ മഹാക്ഷേത്രത്തിന്റെ തൃപ്പടവുകളെ തഴുകി ഒഴുക്കുന്ന പമ്പയാറ്റിന്റെ തോട്ടപ്പുഴശ്ശേരിക്കടവിലാണ് പ്രസിദ്ധമായ ചിങ്ങം ഉതൃട്ടാതി വള്ളംകളി നടക്കുന്നത്. ഇതിനെ ഒരു മത്സരവള്ളം കളി എന്നു പറഞ്ഞുകൂടാ. ഭക്തി, സംസ്ക്കാരം,

ടി. സി സുനിൽദത്ത്

ഓണാഘോഷ ലഹരിയിൽ
ആറന്മുള വള്ളംകളി

സാഹിത്യം, കല, കാർഷികസംസ്കൃതി, കായികാദ്ധ്വാനം രാഷ്ട്രീയം ഇവയൊക്കെയും ഓളങ്ങളുമായി താലോലം തുള്ളുന്ന പമ്പയിൽ ഈ പതിവുത്സവം എത്രയോ കാലമായി ഉണർവ്വോടെ നടന്നു വരുന്നു. പള്ളിയോടങ്ങൾ ആടിയുലഞ്ഞും, ഒഴുകിപ്പാഞ്ഞും കരകളെ കോരിത്തരിപ്പിക്കുന്ന കുലീനഗുണമുള്ള ജലമേളയാണ് ആറന്മുളയിൽ നടക്കുന്നത്. ഈ ക്ഷേത്രക്കടവിൽ നിരന്ന് പായുന്നതായ ചുണ്ടൻ വള്ളങ്ങൾക്ക് മാത്രമാണ് പള്ളിയോടം എന്ന ബഹുമാന്യപദവി ലഭിച്ചിട്ടുള്ളത്. ഒരു തൂലികാനാമം വള്ളങ്ങൾക്ക് ചാർത്തി കിട്ടിയിരിക്കുകയാണിവിടെ. മറ്റ് വള്ളം കളികളൊക്കെയും മാഹാത്മ്യമുള്ളത് തന്നെയെന്നിരിക്കിലും അവിടങ്ങളിലെ ജലോത്സവപങ്കാളികളായ വള്ളങ്ങൾക്ക് പ്രത്യേകവിളിപ്പേരുകളാണ് ലഭിച്ചിട്ടുള്ളത്.

ആറന്മുള പരിപൂരിതമാക്കുന്ന മനോഹരപള്ളിയോടങ്ങൾ പമ്പയാറ്റിൽ ആടിയുലഞ്ഞൊഴുകുന്നത് സഹജഭാവമുള്ള വഞ്ചിപ്പാട്ടുകളുടെ താളത്തിനനുസരിച്ചാണ്. വള്ളത്തിന്റെ താളത്തിനനുസൃതമായി വഞ്ചിപ്പാട്ടുകൾ പാടുന്നുവെന്ന് പറയുന്നതാണ് കൂടുതൽ ശരി. ഈ നയനമനോഹരരംഗം നുകരുവാനെത്തുന്നതോ പരദേശികളുൾപ്പെടുന്ന ഒരു വലിയ ജനാവലിയുമാണ്. പമ്പാനദിപ്പരപ്പിൽ നിറഞ്ഞ് നൃത്തം വയ്ക്കുന്ന ചുണ്ടൻ വള്ളങ്ങൾ വന്നണിനിരക്കുന്നതോടെ തന്നെ കരകൾ നിറഞ്ഞ് നിരന്നു നില്ക്കുന്നവരുടെ മനസ്സും നിറയുകയായി. വഞ്ചിപ്പാട്ടുകൾക്ക് കസവ് ചേർക്കുന്ന ആർപ്പുവിളികൾ കൂടിയാകുമ്പോൾ വെള്ളപ്പരപ്പും, കരയും, ആകാശവും അക്ഷരാർത്ഥത്തിൽ പവിത്രീകരിക്കപ്പെടുകയാണ്.

ചുണ്ടൻ വള്ളങ്ങൾ നിരനിരയായി എത്തുന്നതും നീങ്ങുന്നതും തുഴച്ചിൽ എന്ന പ്രക്രിയ മാത്രം കൊണ്ട് സംഭവിക്കുന്ന ഒന്നല്ല എന്ന് പറയാൻ തോന്നും. തുഴച്ചിൽക്കാരുടേയും കാണികളുടേയും ഒന്നിച്ചുയർന്നുപൊങ്ങുന്ന ഉത്സാഹത്തിൽ ഉണരുന്ന വഞ്ചിപ്പാട്ടിന്റെ താളവും ഈണവുമാണ് ജലപരപ്പിൽ ഈ വിസ്മയം സൃഷ്ടിക്കുന്നത്. ഇതര വള്ളംകളികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായി ആറന്മുള വള്ളംകളി മാറുന്നത് ഈ കലർപ്പില്ലാത്ത വഞ്ചിപ്പാട്ടിന്റെ സാന്നിദ്ധ്യമാണ്. ഒരു സാഹിത്യശാഖ തന്നെ ഇതിനെ പ്രതിനിധീകരിക്കുന്നു. രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടാണ് കൂടുതൽ ജനകീയം. കിരാതം, നളചരിതം, സന്താനഗോപാലം, ദക്ഷയാഗം, ആറന്മുളചരിതം തുടങ്ങിയവയും ഈ പട്ടികയിൽ പ്രധാനപ്പെട്ടവയാണ്. നതോന്നതവൃത്തമാണ് പ്രധാനമായും വഞ്ചിപ്പാട്ടുകൾക്കുള്ളത്, ചിലതരം പാട്ടുകളെ വച്ചുപാട്ടു എന്ന് പറയും. ഗതിവേഗം കുറിയ്ക്കുവാനാണ് മന്ദഗതിയിലുള്ള വച്ചു പാട്ടിന്റെ പ്രയോഗം മറ്റൊരു വിഭാഗത്തെ കൂത്തുപാട്ടുകൾ എന്ന് അറിയപ്പെടുന്നു. മത്സരകളികളിൽ എതിർകക്ഷിയെ പരിഹസിക്കുന്നതിന് ഇത്തരം പാട്ടുകൾ പ്രയോഗിക്കാറുണ്ടായിരുന്നു പോലും, ആറന്മുളയിലും ചുറ്റുപാടുമായി ഒട്ടേറേ പള്ളിയോടസേവാസംഘങ്ങളും വഞ്ചിപ്പാട്ട് സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. നല്ല പാട്ടുകാർ

ചുണ്ടൻ വള്ളങ്ങൾ നിരനിരയായി എത്തുന്നതും നീങ്ങുന്നതും തുഴച്ചിൽ എന്ന പ്രക്രിയ മാത്രം കൊണ്ട് സംഭവിക്കുന്ന ഒന്നല്ല എന്ന് പറയാൻ തോന്നും. തുഴച്ചിൽക്കാരുടേയും കാണികളുടേയും ഒന്നിച്ചുയർന്നുപൊങ്ങുന്ന ഉത്സാഹത്തിൽ ഉണരുന്ന വഞ്ചിപ്പാട്ടിന്റെ താളവും ഈണവുമാണ് ജലപരപ്പിൽ ഈ വിസ്മയം സൃഷ്ടിക്കുന്നത്.

പ്രാചീന കാലത്ത് സൈനീകാവശ്യത്തിനായി നിർമ്മിച്ചുപയോഗിച്ചിരുന്ന ഒരിനം നൗകകളാണ് ചുണ്ടൻവള്ളങ്ങൾ. പ്രാദേശികമായ നിർമ്മിതി വ്യത്യാസങ്ങൾ സ്വാഭാവികമായും നിലനിന്നിരുന്നു. അതിനെക്കുറിച്ചുള്ള പല കഥകളും സംഭവങ്ങളും പറഞ്ഞു കേൾക്കുന്നുമുണ്ട്. ആറന്മുള പള്ളിയോടങ്ങൾക്ക് സാധാരണഗതിയിൽ മുപ്പത് മീറ്ററോളം നീളമുണ്ടായിരിക്കും. വള്ളത്തിന്റെ മുൻപിൻഭാഗങ്ങളെ അണിയവും അമരവും എന്നാണ് പറയുന്നത്.

ഒട്ടേറേ പ്പേരുണ്ട്. അയിരൂർ വാസുദേവക്കുറപ്പ്, ഇടയാറന്മുള മധുസൂദനൻപിള്ള തുടങ്ങിയ മികച്ച ഗായകരുടെ വഞ്ചിപ്പാട്ടുകളുടെ ആഡിയോ കാസറ്റുകൾ ഇന്ന് എവിടെയും ലഭ്യമാണ്.

പ്രാചീന കാലത്ത് സൈനീകാവശ്യത്തിനായി നിർമ്മിച്ചുപയോഗിച്ചിരുന്ന ഒരിനം നൗകകളാണ് ചുണ്ടൻവള്ളങ്ങൾ. പ്രാദേശികമായ നിർമ്മിതി വ്യത്യാസങ്ങൾ സ്വാഭാവികമായും നിലനിന്നിരുന്നു. അതിനെക്കുറിച്ചുള്ള പല കഥകളും സംഭവങ്ങളും പറഞ്ഞു കേൾക്കുന്നുമുണ്ട്. ആറന്മുള പള്ളിയോടങ്ങൾക്ക് സാധാരണഗതിയിൽ മുപ്പത് മീറ്ററോളം നീളമുണ്ടായിരിക്കും. വള്ളത്തിന്റെ മുൻപിൻഭാഗങ്ങളെ അണിയവും അമരവും എന്നാണ് പറയുന്നത്. ആറന്മുളപള്ളിയോടങ്ങളുടെ മൂന്നിൽ രണ്ട് ഭാഗങ്ങളിൽ മാത്രമേ ജലസ്പർശം ഏല്ക്കുന്നുള്ളൂ. അതായത് അമരവും അണിയവും ജലപ്പരപ്പിൽ നിന്ന് ഉയർന്നാണുള്ളത്. അതീവരൂപകാന്തിയാണ് ഇത്കൊണ്ട് വള്ളത്തിന് ലഭിക്കുന്നത്.

ആഞ്ഞിലി തടിയാണ് കൂടുതലും വള്ളങ്ങളുടെ നിർമ്മാണത്തിന് എടുക്കുന്നത്. ഇവ പണിയുന്നതിന് വിദഗ്ധരായ തച്ചന്മാർ ആശ്രയിക്കുന്നത് തികച്ചും പാരമ്പര്യ നിർമ്മാണരഹസ്യങ്ങളെ മാത്രമാണ്. പാരമ്പര്യത്തിലൂന്നി ആത്മസമർപ്പണത്തിലൂടെ സാക്ഷാത്കരിക്കുന്ന നിർമ്മിതി ഭാവങ്ങൾക്ക് വരച്ചുവച്ചുണ്ടാക്കുന്ന പ്ലാനോ പ്രോജക്ട്റിപ്പോർട്ടോ അവർക്കാവശ്യമില്ല. പൈതൃകസിദ്ധിയിൽ ഭക്തിയും കർമ്മവും ചാലിച്ചെടുക്കുന്ന നിർമ്മിതിരഹസ്യം എന്ന് ചുരുക്കിപ്പറയാം. അതിനുള്ള ഊർജ്ജം ലഭിക്കുന്നത് പമ്പാനദിയും തീരവും സമ്മാനിക്കുന്ന കലർപ്പില്ലാത്ത കലാബോധത്തിൽ നിന്നുമാണ്.

സാക്ഷാൽ കൃഷ്ണന്റെ അഴകും നിറവും കടമായി എടുത്ത് ചുണ്ടൻ വള്ളങ്ങൾ പമ്പയിൽ പിറന്നു വീഴുകയാണ്. സർവ്വസമുദായത്തിൽ പെട്ടവരും ഏകീകൃതഭക്തിഭാവത്തോടെയാണ് പള്ളിയോടങ്ങളെ മാനിക്കുന്നത്. പള്ളിയോടങ്ങൾക്കാകട്ടെ ഈയൊരു ഐക്യഭാവംവിളംബരം ചെയ്യുവാനും കഴിഞ്ഞിരിക്കുന്നു. ഈ പള്ളിയോടങ്ങളിൽ സ്ത്രീജനങ്ങൾക്ക് തെല്ലും പങ്കുണ്ടായിരിക്കുകയില്ല എന്നതാണ് മറ്റൊരു പ്രത്യേകത. 64 തുഴച്ചിൽകാരാണ് ഒരു ചുണ്ടൻ വള്ളത്തിലുള്ളത്. അവർ 64 കലകളെ പ്രതിനിധീകരിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. തുഴച്ചിൽ കാരെല്ലാം വെള്ളമുണ്ടുടുത്തവരും തലയിൽ കെട്ടിയവരും ആയിരിക്കും. ഇവരിൽ നാലുപേർ അമരക്കാരാണ്. അവർ നാലുവേദങ്ങളെ പ്രതിനിധീകരിക്കുന്നു. ഗതിനിയന്ത്രിക്കുന്നതിന്റെ പ്രധാന പങ്ക് അവരാണ് വഹിക്കുന്നത് എന്നർത്ഥം. പന്ത്രണ്ട് നിലക്കാർ പന്ത്രണ്ട് രാശികളെ പ്രതിനിധീകരിക്കുന്നു.

ഈ തുഴച്ചിൽകാരുടെ മനം നിറഞ്ഞ ഉത്സാഹത്തിമിർപ്പാണ് തുഴകളിലൂടെയും പള്ളിയോടങ്ങളിലൂടെയും പമ്പയുടെ ഓളങ്ങളിൽ പ്രതിനിധ്വനിക്കുന്നത്. ആ തുടിപ്പുകൾ സംസ്ക്കാരികമായി നാടെമ്പാടുമെത്തുന്നു. മാനുഷരെല്ലാരും ഒന്നാകുന്ന ഓണലഹരിയിൽ ഈ തുടിപ്പുകളും ഒരു ലഹരിയായി എല്ലാ കേരളീയമനസ്സുകളിലും ചെന്നെത്തുന്നു. അല്ലെങ്കിൽ വന്നെത്തുന്നു. വരും കാലത്തെ വരവേല്ക്കാനുള്ള സംസ്ക്കാരിക വ്യഗ്രതയോടെ ആ ലഹരി തലമുറകൾ കൈമാറുന്നത് പ്രത്യാശിക്കാം. ഇക്കൊല്ലത്തെ ഉതൃട്ടാതി വള്ളം കളി സെപ്തംബർ 20 വെള്ളിയാഴ്ചയാണ് നടക്കുന്നത്. അതിനായുള്ള ഉത്സാഹത്തിലാണ് പമ്പാതീരവാസികൾ. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സമ്പന്നമായ മഴ ഇത്തവണ വലിയ പ്രതീക്ഷയാണ് നൽകുന്നത്. അതിന്റെ പേരിൽ സന്തുഷ്ടരായിക്കഴിയുന്ന വള്ളംകളി പ്രേമികൾ ആമോദത്തോടെ തങ്ങളുടെ ഉതൃട്ടാതി സുദിനത്തിനായി കാത്തിരിക്കുന്നു. ■

ലേഖകൻ: നാവായിക്കുളം നാടൻ കലാപഠനകേന്ദ്രം ഡയറക്ടറാണ്.

പമ്പാനദിയിലും മറ്റ് ജലാശയങ്ങളിലും നടക്കുന്ന കേരളീയ ജലോത്സവങ്ങൾ

ആറന്മുള (ഉതൃട്ടാതി)
ചമ്പക്കുളം (മൂലം)
പായിപ്പാട് (ചിങ്ങം ചതയം)
നീരേറ്റുപുറം (ചിങ്ങം തിരുവോണം)
പുളിങ്കുന്ന് രാജീവ്ഗാന്ധി.
കന്നേറ്റി (ചിങ്ങം ചതയം)
മാന്നാർ മഹാത്മ (നാലാം ഓണം)
കരുവാറ്റ ലീഡിംഗ് ചാനൽ
പച്ചയാറ്റിൽ മുണ്ടൻകാവ്
അർപ്പൂക്കര വനിത
കവണാറ്റിൻകര, കുമരകം (ചതയം)
താഴത്തങ്ങാടി, കോട്ടയം (തിരുവോണം)
പല്ലന കുമാരനാശാൻ
മാലക്കര (അവിട്ടം)
കോട്ടപ്പുറം, കൊടുങ്ങല്ലൂർ
കൊച്ചി ഇന്ദിരാഗാന്ധി
ആലപ്പുഴ പുന്നമടക്കായലിൽ നെഹ്രു ട്രോഫി
കൊല്ലം കല്ലടയാറ് പ്രൈമിനിസ്റ്റേഴ്സ് ട്രോഫി
ചിറയൻകീഴ് പുളിമൂട്ടിൽക്കടവ്
വെള്ളായണി കായൽ
കണ്ടശ്ശാം കടവ് (അവിട്ടം)
അച്ചൻകോവിലാറ്റിൽ പ്രായിക്കര മദർതെരേസാ

അട്ടപ്പാടിക്ക് ആശ്വാസമായി ജനസഭ

അട്ടപ്പാടിയിലുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്താനും, വികസന പ്രശ്നങ്ങൾ അനുഭവിക്കുന്നവരുമായി നേരിട്ട് സംവദിക്കാനും ആഘോഷമോ, ആഢംബരമോ, പൊതുയോഗമോ ഇല്ലാതെ പഞ്ചായത്തു സാമൂഹ്യ നീതിവകുപ്പ് മന്ത്രി ഡോ. എം.കെ മുനീർ സെപ്റ്റംബർ 7,8,9 തീയതികളിൽ അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ. ഷോളയൂർ ഗ്രാമപഞ്ചായത്തുകളിലെ പ്രത്യേക കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച ജനസഭയും, ഊരു സന്ദർശനവും ആളുകൊണ്ടും അർത്ഥം കൊണ്ടും വൻ വിജയമായി മാറി.

സമയ നിഷ്ടപാലിക്കാൻ 6-ാം തീയതി തന്നെ മന്ത്രി അഗളിയിൽ എത്തിചേർന്നു. അഗളി ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ ഭൂതിവഴി അറുപതാം കോളനിക്ക് സമീപം ക്ഷേത്രം നിൽക്കുന്ന ആൽത്തറയിൽ ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് നിശ്ചയിച്ച ജനസഭയിൽ പങ്കെടുക്കുന്നതിനു മുമ്പ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചിട്ടുള്ള പോഷകാഹാര പുനരധിവാസ കേന്ദ്രം എന്നിവ സന്ദർശിച്ചു.

പോഷകാഹാരക്കുറവു മൂലം ചികിത്സയിൽ കഴിയുന്ന കുട്ടികളുടെ അടുത്തെത്തി മാതാപിതാക്കളിൽ നിന്നും ആശുപത്രി അധികൃതരിൽ നിന്നും വിവരങ്ങൾ ചോദിച്ചറിഞ്ഞു. അഗളി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലെത്തി ഐ.സി.ഡി.എസ് പോഷകാഹാര പ്രദർശന പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഗ്രാമപഞ്ചായത്തു ജനപ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് മന്ത്രി ജനസഭയിൽ എത്തിച്ചേർന്നത്. മൂന്ന് മണിക്ക് നടന്ന ജനസഭയിൽ അദ്ധ്യക്ഷം വഹിച്ചത് സ്ഥലം എം.എൽ.എ, എൻ. ഷംസുദീൻ ആയിരുന്നു. സമ്പൂർണ വികസിത അട്ടപ്പാടി എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കൂട്ടായ ശ്രമം വേണമെന്ന് എം.എൽ.എ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. അട്ടപ്പാടിയിൽ നിന്നും വരുന്ന വാർത്തകൾ അത്ര ശുഭകരമല്ല. എന്നാൽ ഇനി വികസനമെന്നതും, ആരോഗ്യമെന്നതും, വിദ്യാഭ്യാസമെന്നതും പോഷകാഹാരം എന്നതുമെല്ലാം അട്ടപ്പാടി മാതൃകയാകുന്ന കാലം അതിവിദൂരമല്ലെന്നും. അട്ടപ്പാടി എന്ന പേര് ഇന്ത്യയുടെ തന്നെ വികസന മാതൃകയായി മാറട്ടെ എന്നും മന്ത്രി തന്റെ ലഘുവായ ആമുഖ പ്രസംഗത്തിൽ പ്രത്യാശിച്ചു.

നിവേദനങ്ങളുമായി തന്റെ അടുത്തേക്ക് വന്നവരെ വിലക്കി മന്ത്രി അവരുടെ ഇടയിലേക്ക് ചെന്ന് ഓരോരുത്തരിൽ നിന്നും എഴുതി നൽകിയ പരാതികൾ സ്വീകരിക്കുകയും പറഞ്ഞ പരാതികൾ ശ്രദ്ധയോടെ കേൾക്കുകയും ചെയ്തു. ലഭിച്ച പരാതികളിൽ ഏറെയും ഭവന നിർമ്മാണത്തിനു വേണ്ടിയുള്ളതായിരുന്നു. 186 പേർ ഭവനനിർമ്മാണത്തിനും, 39 അപേക്ഷകൾ APL/BPL ആക്കുന്നതിനും 105 അപേക്ഷകൾ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വിവധ ആനുകൂല്യങ്ങൾക്കുവേണ്ടിയും, 55 അപേക്ഷകൾ മറ്റു വകുപ്പുകളിൽ നിന്നുള്ള ആനൂകൂല്യങ്ങൾക്കും, 25 എണ്ണം സാമൂഹ്യനീതി വകുപ്പിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു. എല്ലാ അപേക്ഷകളും സന്നിഹിതരായിരുന്ന ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് കൈമാറുകയും അപ്പോൾ തന്നെ പരിഹാരം കാണാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിക്കാൻ നിർദ്ദേശിച്ചു. ആയതു പ്രകാരം 26 പേർക്ക് ആശ്വാസ കിരണം പദ്ധതിയുടെ ഭാഗമായി ചികിത്സാധനസഹായമായി പ്രതിമാസം 525 രൂപ മന്ത്രി അനുവദിച്ചു. സ്നേഹപൂർവ്വം പദ്ധതി പ്രകാരം പഠനത്തിനുള്ള ആനുകൂല്യം സുധീഷിനും, അമ്പളിക്കും വേദിയിൽ വച്ച് തന്നെ പ്രഖ്യാപിച്ചു. ഇനിയും അപേക്ഷകരുണ്ടെങ്കിൽ അനുവദിക്കുമെന്ന് മന്ത്രി തന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കി. നിലവിൽ ഭവന നിർമ്മാണ പദ്ധതി ഇല്ലായെന്നും പുതിയ പദ്ധതിക്ക് രൂപം നൽകാൻ പ്ലാനിംഗ് ബോർഡ് അംഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും താമസംവിന പുതിയ പദ്ധതിനിലവിൽ വരുമെന്നും അപ്പോൾ അട്ടപ്പാടി മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. അട്ടപ്പാടി മേഖലയിൽ PSC പരീക്ഷാസെന്റർ അനുവദിക്കുന്ന കാര്യം PSC ചെയർമാനുമായി ബന്ധപ്പെട്ട് ഉടൻ തന്നെ സെന്റർ അനുവദിക്കാനുള്ള നടപടി സ്വീകരിക്കും. APL-BPL റേഷൻ കാർഡാക്കി മാറ്റുന്നതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് ഈ പ്രദേശത്ത് സായിഗ്രാമവുമായി സഹകരിച്ച് ഡി-അഡിക്ഷൻ -സെന്റർ പ്രവർത്തനം ആരംഭിക്കും. അട്ടപ്പാടി മേഖലയുടെ സമഗ്രവികസനത്തിന് നമുക്ക് എല്ലാവർക്കും കൂട്ടായി പരിശ്രമിച്ച് ഒരുമിച്ച് മുന്നേറാം എന്ന് പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു. മന്ത്രി പാട്ടു പാടണമെന്ന നാട്ടുകാരുടെ ആവശ്യം പരിഗണിച്ച് ശ്രവ്യമധുരമായ ഗാനാലാപനത്തിനു ശേഷമാണ് അദ്ദേഹം വേദിവിട്ടത്.

അഗളി ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ഇ.ജെ. ആന്റണി സ്വാഗതം ആശംസിച്ച ചടങ്ങിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ, കുടുംബ ശ്രീ മിഷൻ എക്സി: ഡയറക്ടർ കെ.ബി. വൽസലകുമാരി പഞ്ചായത്തു ഡെപ്പ്യൂട്ടി ഡയറക്ടർ, ജോസ് മാത്യു മറ്റു വകുപ്പുതല ഉദ്യോഗസ്ഥർ, ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റ് കെ. കെ. ഉഷ മറ്റ് ജനപ്രതിനിധികൾ, ഊരുമൂപ്പന്മാർ തുടങ്ങിയവർ പങ്കെടുത്തു. ജനസഭ ഗംഭീര വിജയമായിരുന്നു.

8-ാം തീയതി പുതൂർ ഗ്രാമപഞ്ചായത്തിലാണ് ജനസഭ നടന്നത്. XI-ാം വാർഡിലെ ചീരക്കടവ് ഊരിനു സമീപം മുത്തുമാരിയമ്മൻ കോവിൽ അങ്കണത്തിലായിരുന്നു ജനസഭ. രാവിലെ 11 മണിക്കു നടന്ന ജനസഭയിൽ പങ്കെടുക്കാൻ എത്തിയ മന്ത്രിയേയും സംഘത്തേയും ആദിവാസികൾ അവരുടെ പരമ്പരാഗത രീതിയിലുള്ള വാദ്യമേളങ്ങളോടെ സ്വീകരിച്ച് ആനയിച്ചു. MLA യുടെ അദ്ധ്യക്ഷതയിൽ കൂടിയ ജനസഭയ്ക്ക് പഞ്ചായത്തു പ്രസിഡന്റ് മരുതി സുരേഷ് സ്വാഗതം ആശംസിച്ചു. ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് കെ.കെ ഉഷ, ജില്ലാകളക്ടർ രാമചന്ദ്രൻ, നോഡൽ ഓഫീസർ എസ്. സുബ്ബയ്യ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ജിതേന്ദ്രൻ, കില ഡയറക്ടർ ഡോ. പി.പി ബാലൻ തുടങ്ങിവർ ആശംസാ പ്രസംഗം നടത്തി.

ജനസഭകളിലൂടെജനങ്ങളുടെ പ്രശ്നങ്ങളും അവയ്ക്കുള്ള നിർദ്ദേശങ്ങളും നേരിട്ട് കേൾക്കുന്നതിനുവേണ്ടിയാണ് മന്ത്രി ഡോ: എം.കെ മുനീർ നിങ്ങളുടെ ഇടയിലേക്ക് എത്തിച്ചേർന്നതെന്നും ഇതു ജനായത്ത ഭരണത്തിന്റെ ഉദാത്തമായ മാതൃകയായി മാറുമെന്നും അതിലൂടെ ഇവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നും MLA തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

തുടർന്ന് മന്ത്രി ആമുഖ പ്രസംഗം നടത്തി വൈശാഖമാസത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കെടുക്കാൻ കഴിയുന്ന ഉത്സവം ആഘോഷിക്കപ്പെടുന്ന ഈ വേദിയിൽ വച്ചു നടക്കുന്ന ജനസഭ-നിങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും വേണ്ടിയാണ് ഞങ്ങൾ വന്നതെന്നും അട്ടപ്പാടി വികസനത്തിന്റെ കാര്യത്തിൽ രാജ്യത്തിനു മാതൃകയാകുമെന്നും മന്ത്രി പറഞ്ഞു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടി കെട്ടിടത്തിന്റെ അധിക വാടക ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുമെന്നും, കൃഷി ഭവൻ വൈദ്യുതീകരണം പഞ്ചായത്തു നിർവ്വഹിക്കുമെന്നും മന്ത്രി പറഞ്ഞു. അംഗൻവാടി കുട്ടികളുടെ ഭക്ഷണം പാകം ചെയ്യുന്ന ഇനത്തിൽ കുട്ടി ഒന്നിന് നല്കി വരുന്ന 50പൈസ 2 രൂപയായി വർദ്ധിപ്പിച്ച് ഉടൻ തീരുമാനം ഉണ്ടാകുമെന്നും അട്ടപ്പാടി മേഖലയിൽ 3 മാതൃക അംഗൻവാടികൾ സ്ഥാപിക്കുമെന്നും അതോടനുബന്ധിച്ച് മൂന്ന് ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുമെന്നും മന്ത്രി ഉറപ്പ് നൽകി. പൊതു സ്മശാനം നിർമ്മിക്കുന്നതിന് പഞ്ചായത്തു വകുപ്പ് മുഖേന 20 ലക്ഷം രൂപ അനുവദിക്കും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതിവാങ്ങും, 2 പാലം നിർമ്മാണം സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ശ്രമിക്കും, അട്ടപ്പാടി മേഖലയിൽ പൺകുട്ടികൾക്കുള്ള ഹോസ്റ്റലും വർക്കിംഗ് വിമൻസ് ഹോസ്റ്റലും നിർമ്മിക്കും. എല്ലാവർക്കും ജലലഭ്യതയോടുകൂടിയുള്ള കക്കൂസ് ശുചിത്വ മിഷനുമായി സഹകരിച്ച് നടപ്പിലാക്കും. കൃഷി സംരക്ഷണത്തിനായി 'മെക്ര' സ്ഥാപിക്കാൻ ഫോറസ്റ്റ് വകുപ്പു

മായി ആലോചിച്ച് അനുമതി നല്കും ആശ്വാസകിരണം പദ്ധതിപ്രകാരം വെള്ളൻ, മരുതി, വള്ളി എന്നിവർക്ക് പ്രതിമാസം 525 രൂപ വീതം ഉള്ള ആനുകൂല്യം വേദിയിൽ വച്ച് മന്ത്രി അനുവദിച്ചു. സ്നേഹപൂർവ്വം പദ്ധതിയിൽ പ്രകാരം കനകമ്മയുടെ മകൾക്ക് 750 രൂപ പ്രതിമാസപഠന സഹായം മന്ത്രി അനുവദിച്ചു. നാഗരാജിന് ആശ്വാസകിരണം പദ്ധതി പ്രകാരം 525 രൂപയും സ്നേഹപൂർവ്വം പദ്ധതി പ്രകാരം 750 രൂപയും പ്രതിമാസം അനുവദിച്ചു. അട്ടപ്പാടി പ്രദേശത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ സ്പെഷ്യൽ സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ജനപ്രതിനിധികൾ കൂടുതൽ ഇടപെടണമെന്നും നിർദ്ദേശിച്ച മന്ത്രി ജനങ്ങളുടെ പ്രശ്നങ്ങൾക്കു എല്ലാം പരിഹാരം ഉണ്ടാക്കും എന്നു ഉറപ്പു നൽകിയാണ് മറുപടി പ്രസംഗം അവസാനിപ്പിച്ചത്.

ഉച്ചഭക്ഷണത്തിനു ശേഷം മന്ത്രിയും, MLA യും വിവധ ഊരുകൾ സന്ദർശിച്ച് അവരുടെ അവസ്ഥകൾ നേരിൽ കാണുകയും പ്രശ്നപരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേലേ ചാവടിയൂർ ഊരിൽ Crisis Management എന്ന നിലയിൽ മൂന്ന് മാസത്തേക്ക് ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചു. ഈ പ്രദേശത്തേക്കു പ്രത്യേക കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിനു ശ്രമിക്കുമെന്ന് മന്ത്രി ഉറപ്പു നൽകി. വൈദ്യുതി ചാർജ് കുടിശ്ശിക കാരണം വൈദ്യുതി ബന്ധം വിഛേദിച്ച ആദിവാസികളുടെ വീടുകളിലെ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുയെന്നും മന്ത്രി ഊരു സന്ദർശന വേളയിൽ പറഞ്ഞു. തൊഴിലുറപ്പ് വേതനം യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി സംബന്ധിച്ച് ഇന്നു തന്നെ തീരുമാനം എടുക്കുമെന്നു പറഞ്ഞ മന്ത്രി രാത്രി പഞ്ചായത്തു സെക്രട്ടറിമാരുടെയും പ്രസിഡന്റുമാരുടെയും അടിയന്തിര യോഗം വിളിച്ചു കൂട്ടി പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞു. പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

9–ാം തീയതി ഷോളയൂർ ഗ്രാമപഞ്ചായത്തിലെ നല്ല ശിങ്കയിലാണ് ജനസഭ നടന്നത്. പഞ്ചായത്തു പ്രസിഡന്റ് മുരുകൻ സ്വാഗതം പറഞ്ഞു. എൻ. ഷംസുദീൻ MLA അദ്ധ്യക്ഷത വഹിച്ച ജനസഭയിൽ കുടുംബശ്രീ എക്സി: ഡയറക്ടർ കെ. എസ്. വൽസലകുമാരി, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ജിതേന്ദ്രൻ, ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് കെ. കെ.ഉഷ, അഹാഡ്സ് ഡയറക്ടർ ഡോ: ഇന്ദ്രചൂഢൻ തുടങ്ങിയവർ ആശംസാപ്രസംഗം നടത്തി MLA യുടെ ലഘു അദ്ധ്യക്ഷ പ്രസംഗ ശേഷം മന്ത്രി ആമുഖ പ്രസംഗം നടത്തി. അട്ടപ്പാടി നാളെ വികസനത്തിന്റെ മാതൃകയാകുമെന്നും എത്ര തവണ വേണമെങ്കിലും ഞങ്ങൾ ഇവിടെ വരാൻ തയ്യാറാണെന്നും, എല്ലാം പരിഹരിച്ചു എന്ന് അവകാശപ്പെടുന്നില്ല എങ്കിലും കഴിവിന്റെ പരമാവധി കാര്യങ്ങൾ ചെയ്തു എന്ന് അഭിമാനിക്കാൻ കഴിയും എന്നും മന്ത്രി പറഞ്ഞു. തുടർന്ന് ഭക്ഷ്യ വസ്തുക്കളുടെ കിറ്റ് അംഗൻവാടി വർക്കർ സുജാതക്ക് മന്ത്രി കൈമാറി.അംഗൻവാടി കുട്ടികൾക്കുള്ള ഓണക്കോടി വിതരണവും മന്ത്രി നിർവ്വഹിച്ചു. തുടർന്ന് തൊട്ടടുത്ത നല്ല ശിങ്ക അംഗൻവാടിയോട് ചേർന്നുള്ള കമ്മ്യൂണിറ്റി കിച്ചൺ മന്ത്രി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിൽ തന്നെ ആദ്യത്തെ സംരംഭമാണന്നും ഇതു ഒരു സ്ഥിരം സംവിധാനം അല്ലെന്നും മന്ത്രി പറഞ്ഞു. ജനസഭയിൽ ലഭിച്ച പരാതികൾക്കും മറ്റും നടപടികൾ സ്വീകരിക്കുമെന്നും പറഞ്ഞു. 7 പേർക്ക് ആശ്വാസ കിരണം അനുവദിച്ചു, 4 കുട്ടികൾക്ക് സ്നേഹപൂർവ്വം പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചു. പ്രവർത്തന രഹിതമായ കൈത്തറി യൂണിറ്റ് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തന ക്ഷമമാക്കും മുടങ്ങികിടക്കുന്ന ജലനിധി പദ്ധതി നടപ്പിലാക്കും. തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണകാലതാമസം 2 ആഴ്ചക്കകം പരിഹരിക്കും കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ ആടു ഗ്രാമം പദ്ധതി നടപ്പിലാക്കും, മേലേ കുറുവൻപടി അംഗൻവാടി കെട്ടിടത്തിന് തുക അനുവദിക്കും തുടങ്ങി ജനങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് എല്ലാം പരിഹാരം ഉണ്ടാകുമെന്നും അല്പ നാളുകൾക്കുശേഷം വീണ്ടും വരുമെന്നും പറഞ്ഞാണ് മന്ത്രി യാത്ര പറഞ്ഞത്. വാർഡ് മെമ്പർ മരുതത്താൾ എല്ലാവർക്കും നന്ദി പറഞ്ഞു.

വൈകുന്നേരം അഗളിയിൽ വച്ച് നടന്ന പത്ര സമ്മേളനത്തിലും മന്ത്രി പങ്കെടുത്തു. കഴിഞ്ഞ മൂന്ന് ദിവസത്തെ ജനസഭ നല്ല അനുഭവമായിരുന്നെന്നും, അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ ശ്രമങ്ങൾ വേണമെന്നും അഭിപ്രായപ്പെട്ടു. ജനപ്രതിനിധികൾക്ക് അഹാഡ്സിൽ വച്ച് പരിശീലനം സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. ■

(പി.എൻ.എസ്)

വാർത്തകളും വിശേഷങ്ങളും

കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് – സംബന്ധിച്ച സർക്കുലർ

ഗ്രാമപഞ്ചായത്തുകളിൽ 300 ച.മീറ്റർ വരെ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ഇനി മുതൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും, പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദർ പരിശോധന നടത്തിയതിന് ശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി നൽകാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. *സർക്കുലർ നം. 32131/ആർ.എ1/2012/തസ്വഭവ തീയതി 15.06.2013*

കേരളോത്സവം 2013–തുക ചെലവഴിക്കുന്നിനുള്ള അനുമതി – ഭേദഗതി – ഉത്തരവായി

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാ-കായിക-സാഹിത്യ- കാർഷിക ശേഷികൾ പരിപോഷിപ്പിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന പദ്ധതിയായ കേരളോത്സവം – 2013ന്റെ സംഘാടനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായി. *സ.ഉ.(സാധാരണ)നം.2172/2013/ത.സ്വ.ഭ.വ തീയതി 26.08.2013*

ഗ്രാമപഞ്ചായത്ത്	50,000 രൂപ
ബ്ലോക്ക് പഞ്ചായത്ത്	1 ലക്ഷം രൂപ
മുനിസിപ്പാലിറ്റി	1 ലക്ഷം രൂപ
കോർപ്പറേഷൻ	1,20,000 രൂപ
ജില്ലാ പഞ്ചായത്ത്	2 ലക്ഷം രൂപ

ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച സർക്കാർ സർക്കുലർ

ഓഡിറ്റ് തടസ്സം നിൽക്കേ അതു പരിഹരിക്കുന്നത് മുമ്പ് സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥന് ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകുകയും ഡി.സി.ആർ.ജി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുവാൻ അനുമതി നൽകുവാൻ പാടില്ലായെന്നും ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞ ശേഷം മാത്രമേ ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റുകൾ നൽകാൻ പാടുള്ളൂ എന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽക സർക്കാർ സർക്കുലർ നൽകി. സർക്കുലർ നം. 52348/എ.ബി3/08/തസ്വഭവ.തീയതി: 01/07/2013

ഇടുക്കി പ്രകൃതി ദുരന്തം (MGNREGS) പദ്ധതിയിൽപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതി

പ്രളയവും ഉരുൾപൊട്ടലും മൂലം ഇടുക്കി ജില്ലയിൽ വ്യാപകമായി മണ്ണിടിച്ചിലും കൃഷിനാശവും സംഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിൽ കൃഷിസ്ഥലങ്ങളിൽ ഒറ്റത്തവണ ഭൂമി ഒരുക്കലിന്റെ ഭാഗമായി മണ്ണ് കോരിമാറ്റാനും കൃഷിയോഗ്യമാക്കാനും ഉള്ള പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യാൻ ജില്ലാ കളക്ടർക്കും ജില്ലയിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. പട്ടയമില്ലെങ്കിലും കൈവശഭൂമിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ അനുമതിയുണ്ട്. *സർക്കുലർ നമ്പർ.53100/ഡിഡി2/2013/തസ്വഭവ തീയതി 26.08.13*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുകൾ സംബന്ധിച്ച അപാകത അച്ചടക്ക നടപടി സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുകൾ സംബന്ധിച്ച അപാകതകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ മുഖേനയോ അല്ലാതെയോ സർക്കാരിന്റെ ശ്രദ്ധയിൽ വന്നാലുടൻ മേൽ അപാകതകൾക്ക് കാരണക്കാരായവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിലെ ഓരോ ഖണ്ഡികയ്ക്കുമുള്ള മറുപടിയിൽ സർക്കാർ സ്വീകരിച്ച അച്ചടക്ക നടപടിയെക്കുറിച്ചുള്ള ഒരു ഖണ്ഡിക കൂടി ഉൾപ്പെടുത്തിയിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് സർക്കാർ സർക്കുലർ നൽകി. *സർക്കുലർ നമ്പർ.32632/എബി2/12/തസ്വഭവ. തിരുവനന്തപുരം തീയതി 26.08.2013*

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033 and Printed for GLM at Akshara Offset, Thiruvananthapuram.





ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012

അമ്മിണി എനർജി സിസ്റ്റംസിന്

മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.

The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം
- സോളാർ സ്ട്രീറ്റ് ലൈറ്റിംഗ് സിസ്റ്റം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീറ്റ്ലൈറ്റുകൾ (ISI Marked)
- LED സ്ട്രീറ്റ്ലൈറ്റുകൾ (ERTL Certified)

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com



BIS CERTIFIED

ലൈട്രോൺ
CFL വഴിവിളക്കുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം

കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED:SE1B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

SIDCO
REGISTERED

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS